തിരുവചന സത്യങ്ങൾ വിശദീകരിക്കുന്ന
ബൈബിൾ പഠനസഹായി

ബൈബിൾ പഠനത്തിൽ താല്പര്യമുള്ള
വർക്കുവേി മാത്രം പ്രസിദ്ധീകരിക്കുന്നത്

ഗ്രന്ഥകർത്താവ്
എം. എ. ജോയിക്കുട്ടി
ബിനോവില്ല, മഞ്ഞാടി പി. ഒ.,
തിരുവല്ല, കേരളം പിൻ 689 105.

Phone: 0469 - 2605912
Mob: 9349838027

Second Printing January - 2009 - 2000 Copy
Printed at Printland Publishers
GPO Box - 159
Hyderabad AP., 500 001
India

Local Address

The Christadelphians
PB No. 43
Thiruvalla
KERALA 689 101

ബൈബിൾ പഠനസഹായി

# സകല മനുഷ്യർക്കും രക്ഷയ്ക്കായുള്ള സുവിശേഷം

(റോമർ 1:16)

# Gospel of Salvation for Mankind

Romans 1:16

The Christadelphians
GPO Box - 159
Hyderabad AP., 500 001
India

ബൈബിൾ പഠനസഹായി

# സകല മനുഷ്യർക്കും രക്ഷയ്ക്കായുള്ള സുവിശേഷം

(റോമർ 1:16)

For I am not ashamed of the gospel of Christ: for it is the power of God unto salvation to every one that believeth; to the Jew first, and also to the Greek. (Romans 1:16)

**The Christadelphians**
**GPO Box - 159**
**Hyderabad AP., 500 001**
**Indian**

**Please write to the Address below**

**for**

**# Free monthly Bible Magazine**
**# Bible Correspondence Course**
**# Details of Local Bible Seminars**

**The Christadelphians**
**GPO Box - 159**
**Hyderabad AP., 500 001**
**India**



# സകല മനുഷ്യർക്കും രക്ഷയ്ക്കായുള്ള സുവിശേഷം

## വിഷയവിവരം


| | | |
|---|---|---|
| 1. | ദൈവരാജ്യം. | 7 |
| 2. | യേശുവിന്റെ നാമം. | 10 |
| 3. | സ്നാനം. | 16 |
| 4.1. | സ്നാനം എന്തിനാണ്? | 17 |
| 4.2 | ബൈബിൾ ദൈവാത്മാവിനാൽ എഴുതപ്പെട്ടത്. | 18 |
| 4.3 | ദൈവം ഏകനാണ്, ത്രിയേകനല്ല. | 19 |
| 4.4 | യേശു ദൈവത്തിന്റെ പുത്രനാണ്. | 24 |
| 4.5 | വിശ്വാസികൾക്ക് സ്വർഗ്ഗമല്ല, ഭൂമിയാണ് വാഗ്ദത്തം. | 27 |
| 4.6 | പരിശുദ്ധാത്മാവ്. | 28 |
| 4,7 | മാലാഖമാർ. | 29 |
| 4.8 | മനുഷ്യൻ. | 31 |
| 4.9 | വാഗ്ദത്തങ്ങൾ. | 34 |
| 5. | ദുരുപദേശങ്ങളെ സൂക്ഷിക്കുക. | 35 |
| 5.1 | ത്രിത്വം. | 36 |
| 5.2 | സാത്താൻ പിശാച്, ഭൂതം. | 38 |
| 5.3 | അമർത്ത്യമായ ആത്മാവ് | 35 |
| 5.4 | മരിച്ചവർ സ്വർഗ്ഗം പ്രാപിക്കുന്നില്ല. | 41 |
| 5.5 | മദ്ധ്യസ്ഥർ ആരെല്ലാം. | 43 |
| 6. | നവഹൃദയം. | 44 |
| 7. | അനുബന്ധം. നിങ്ങൾ മരിക്കുമ്പോൾ. | 46 |

# അവതാരിക

യാത്രാവേളകളിൽ സഹയാത്രികർ പരസ്പരം കുശലം പറയാറുണ്ടല്ലോ. ഉദ്യോഗം, കുടുംബം ആദിയായവയെക്കുറിച്ചു ചോദിക്കുന്നതിനിടയിൽ ആത്മീയ കാര്യങ്ങളും ചിലപ്പോൾ വിഷയമായി വരാറു്. ഈ ഗ്രന്ഥത്തിന്റെ കർത്താവിനെ പോലെയുള്ളവരുമായിട്ടാണു യാത്ര ചെയ്യുന്നതെങ്കിൽ തീർച്ചയായും ബൈബിൾ സത്യങ്ങളെക്കുറിച്ചു ധാരാളമായി കേൾക്കാൻ ഇടയാകും എന്നത് ഉറപ്പായ കാര്യമാണ്. ചോദിക്കാതെതന്നെ മനപ്പൂർവ്വം അവസരങ്ങൾ ഉാക്കി ബൈബിൾ വിശ്വാസങ്ങളെക്കുറിച്ച് സഹയാത്രികരോടു സംസാരിക്കാൻ ഗ്രന്ഥകർത്താവിന് ചിലകാരണങ്ങൾ ു്. ഒന്നാമത്തെ കാരണം ഈ ഗ്രന്ഥകർത്താവ് ഏതാു ഇരുപതു വർഷങ്ങൾക്കു മുൻപ് ബൈബിൾ പഠിക്കാൻ ഇടയാകുകയും താൻ ജനിച്ചു വളർന്ന ക്നാനായ സമുദായ വിശ്വാസങ്ങൾ ഉപേക്ഷിച്ച് ബൈബിൾ സത്യങ്ങളിലേക്കു തിരിയുകയും ചെയ്യാൻ ഇടയായി എന്നുള്ളതാണ്. അതിലും ഉപരിയായി താൻ അറിഞ്ഞ സത്യങ്ങൾ വേദപുസ്തകം അടിസ്ഥാനമാക്കികൊ് മറ്റുള്ളവരോടു പറയുക എന്നത് ഒരു ജീവിതവ്രതമായി അദ്ദേഹം സ്വീകരിച്ചു. ഇന്ന് അദ്ദേഹം ലഭിക്കുന്ന അവസരങ്ങൾ എല്ലാം സുവിശേഷ പ്രചരണത്തിൽ ഏർപ്പെട്ടു കഴിയുകയാണ്. ആരെങ്കിലും നിങ്ങളുടെ പ്രത്യാശയെക്കുറിച്ചു ചോദിച്ചാൽ സൗമ്യതയോടെ അതു പറയണം എന്നാണ് ബൈബിൾ നിർദ്ദേശിക്കുന്നത്. (1 പത്രൊ. 3:15)

മറ്റെല്ലാ സഭകളിൽനിന്നും വ്യത്യസ്തമായി പഠിപ്പിക്കുന്ന ഒരു സഭയാണ് ക്രിസ്റ്റഡെൽഫിയൻസ് Christadelphians എന്നു മനസ്സിലാക്കുമ്പോൾ കേഴ്വിക്കാരിൽ ഭൂരിപക്ഷവും ചിന്താക്കുഴപ്പത്തിലേക്കും ചിലർ വിയോജിപ്പിലേക്കും തിരിയുന്നു. വളരെക്കുറച്ച് ആളുകളേ ബൈബിൾ പരിശോധിച്ച് സത്യം ഏതെന്ന് കത്തൊൻ ശ്രമിക്കുകയുള്ളു. സത്യം ഗ്രഹിച്ചു മനസ്സിലാക്കേതുന്നെുതന്നെ ഭൂരിപക്ഷം ആളുകൾക്കും അറിഞ്ഞുകൂടാ. സ്വയമായി ബൈബിൾ വായിച്ചു കാര്യങ്ങൾ ഗ്രഹിക്കാൻ കൂട്ടാക്കാതെ ജനിച്ച സഭയിൽ ജീവിച്ചു മരിക്കുന്നവരാണ് കൂടുതലും. ബൈബിളിൽ നിന്ന് സത്യവിശ്വാസം കത്തെി സഭ മാറിയ വളരെ ചുരുക്കം പേരിൽ ഒരാളാണ് ഈ ഗ്രന്ഥത്തിന്റെ കർത്താവായ ബ്രദർ ജോയിക്കുട്ടി. താൻ മനസ്സിലാക്കിയ ബൈബിൾ സത്യങ്ങളോട് അങ്ങേയറ്റം വിശ്വസ്തത പുലർത്തുകയും ആത്മാർത്ഥതയോടും തീക്ഷ്ണതയോടുംകൂടി സത്യസുവിശേഷം പ്രചരിപ്പിക്കുകയും ചെയ്യുന്ന ഒരു സഹോദരനാണ് അദ്ദേഹം കുമ്പനാട് നോയൽ മെമ്മോറിയൽ ഹൈസ്കൂളിൽ അദ്ധ്യാപനായും ഹെഡ്മാസ്റ്ററായും സേവനം അനുഷ്ഠിച്ചശേഷം ഇപ്പോൾ മുഴുവൻ സമയവും ക്രിസ്റ്റഡെൽഫിയൻസ് ബൈബിൾ പഠന



പരിപാടികളുമായി കേരളം മുഴുവൻ സഞ്ചരിക്കുകയും ക്രിസ്റ്റാഡൽഫിയൻസ് ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ മലയാളത്തിലേക്കു തർജ്ജമ ചെയ്യുകയും ചെയ്തുകൊിരിക്കുകയാണ്.

ക്നാനായ സമുദായത്തിൽ കറ്റോട് ഇടവകയിൽ സുദീർഘകാലം ശുശ്രൂഷകനായും ഗായകസംഘ നേതാവായും സൺഡേസ്കൂൾ അദ്ധ്യാപകനായും പ്രവർത്തിച്ചുവരവേ സംഗീത പരിപാടികൾക്ക് സഹായിയായി ഗായകസംഘത്തിൽ ഗിറ്റാർ വായിച്ചുകൊിരുന്ന ഒരു സ്നേഹിതനിൽ നിന്നാണ് ജോയിക്കുട്ടി സാർ ബൈബിൾ സത്യങ്ങൾ അറിയാൻ ഇടയായത്. അന്ന് ആ സ്നേഹിതൻ തിരുവല്ല തുകലശ്ശേരി കെ. എൻ. എച്ച്. ഹോസ്റ്റൽ വാർഡൻ ആയിരുന്നു. ഇപ്പോൾ ഹൈദ്രബാദിൽ മൊയ്നാബാദ് ക്രിസ്റ്റഡെൽഫിയൻ ഭവനത്തിന്റെ നടത്തിപ്പുകാരനായി സേവനം അനുഷ്ഠിക്കുന്ന മാത്യുസ് പി. ജേക്കബ് ആണ് ആ സ്നേഹിതൻ. പിന്നീട് ജോയിക്കുട്ടി സാറിനെ ബൈബിൾ പഠനത്തിൽ സഹായിക്കാൻ എനിക്ക് 1988-ൽ അവസരം കിട്ടി. ശരിയായ പഠനത്തിനുശേഷം അദ്ദേഹം ഞങ്ങളുടെ സാന്നിദ്ധ്യത്തിൽ സ്നാനം സ്വീകരച്ച് 1988 ൽ ക്രിസ്തുവിൽ സഹോദരനായി തീർന്നു. ആ സായംസന്ധ്യയിൽ അദ്ദേഹവുമായി ആദ്യമായി അപ്പവീഞ്ഞുകൾ പങ്കിട്ടത് എന്റെ ഓർമ്മയിൽ ഇന്നും പച്ചപിടിച്ചു നിൽക്കുന്നു.

ആദ്യഘട്ടങ്ങളിൽ സത്യം അറിയാനുള്ള ജോയിക്കുട്ടിസാറിന്റെ വ്യഗ്രത എന്നെ വളരെയധികം ആകർഷിച്ചിരുന്നു. ഞങ്ങൾ അന്നുമുതൽ ഇന്നുവരെ ബൈബിൾ വിദ്യാർത്ഥികൾ എന്ന നിലയിൽ സുദൃഢമായ ഒരു ആത്മബന്ധത്തിൽ ആണ്. ബൈബിൾ സത്യങ്ങൾ അദ്ദേഹത്തെ വ്യർത്ഥവും പിതൃപാരമ്പര്യവുമായ നടപ്പുകളിൽനിന്ന് സ്വതന്ത്രനാക്കി. ചുറ്റുമുള്ള പെന്തക്കൊസ്തു വിശ്വാസികൾക്ക് അദ്ദേഹം ഇന്ന് ഒരു കീറാമുട്ടിയാണ്. സകല ദൂഷണവും കളവായി അദ്ദേഹത്തിനുനേരെ സമുദായ നേതാക്കൾ പറയുമ്പോൾ പൌലോസിനെപ്പോലെ ക്രിസ്തുവിന്റെ അനുകാരിയായി വിശ്വാസ ജീവിതത്തിൽ ഒരു പോരാളിയെപ്പോലെ മുന്നേറുവാൻ അദ്ദേഹം ശ്രമിക്കുകയാണ്.

സഹോ. ജോയിക്കുട്ടി ഈ പുസ്തകം രചിച്ചത് അദ്ദേഹം പല സ്ഥലങ്ങളിൽ നടത്തിയിട്ടുള്ള ബൈബിൾ ക്ലാസ്സുകൾക്കുവേി തയ്യാറാക്കിയ നോട്ടുകൾ കൂട്ടിച്ചേർത്താണ്. ഇതിലെ ചില ആശയങ്ങൾക്ക് വിശദമായ പശ്ചാത്തലം ഒരുക്കാൻ അദ്ദേഹം തയ്യാറായിട്ടില്ല. കാരണം ബൈബിൾ ക്ലാസ്സുകൾക്ക് ആവശ്യമായ കുറിപ്പുകൾ ഈ ഗ്രന്ഥത്തിൽ അതുപോലെ ചേർത്തിരിക്കുകയാണ്. ഒരു കാര്യം ഗ്രന്ഥകർത്താവ് വായനക്കാരിൽ നിന്ന് പ്രതീക്ഷിക്കുന്നു.

ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതു വാസ്തവം തന്നെയോ എന്ന് ബൈബിൾ ഭാഗങ്ങൾ വായിച്ചു നോക്കി ഉറപ്പാക്കണം എന്നതാണ് അത്. വെറുതേ പുസ്തകം വായിച്ചു വിടരുത്. നിങ്ങൾ വായിക്കുന്നത് അപ്രകാരം സത്യം തന്നെയോ എന്ന് പരിശോധിക്കണം. (അ. പ്ര. 17:11) ആ അളവുകോൽ കൊുതന്നെ വായനക്കാരുടെ ഇപ്പോഴത്തെ വിശ്വാസങ്ങൾ ശരിതന്നെയോ എന്ന് പരിശോധിക്കണമെന്നും ഗ്രന്ധകർത്താവ് ആഗ്രഹിക്കുന്നു. ഗ്രന്ഥകർത്താവിനെ വിമർശിക്കുന്നതിനു മുൻപായി ഈ പരിശോധന നടത്തുവാൻ ഞാനും അഭ്യർത്ഥിക്കുന്നു.

പ്രിയ വായനക്കാരെ! ഈ ഗ്രന്ഥത്തെ ഒരു വെല്ലുവിളിയായി എടുക്കുക. ഇതിൽ പറയുന്ന ഏതെങ്കിലും ഒരു ആശയത്തെ വി. വേദപുസ്തകം അടിസ്ഥാനം ആക്കിക്കൊ് തെറ്റ് എന്നു പറയുവാൻ താങ്കൾക്കു കഴിയുമോ എന്ന് നോക്കുക. പ്രാർത്ഥനാപൂർവ്വം വചനത്തിനു കീഴ്പ്പെട്ടുകൊ് ഈ ഗ്രന്ഥം വായിച്ചാൽ തീർച്ചയായും താങ്കൾ സത്യം കത്തുെകയും സത്യം താങ്കളെ സ്വതന്ത്രനാക്കുകയും ചെയ്യും. (യോഹ.8:31,32) നേരെമറിച്ചു യേശുക്രിസ്ഥുവിന്റെ കാലത്തിൽ എന്നപോലെ പാരമ്പര്യത്തിന് അടിമപ്പെട്ട് ദൈവിക കല്പനകളെ ത്യജീച്ച് മാനുഷിക കല്പനകൾക്ക് ചെവികൊടുത്ത് ദൈവത്തിന്റെ ആലോചനയെ വൃഥാവാക്കരുതെന്ന് അപേക്ഷിക്കുന്നു. (മർക്കൊ.7:8,9)

ക്രിസ്റ്റാഡെൽഫിയൻസ് നിങ്ങളുടെ പണം ആവശ്യപ്പെടുന്നില്ല. സ്വതന്ത്രമായും സൗജന്യമായും ബൈബിൾ പഠിക്കു. സത്യം ഗ്രഹിക്കു. നിങ്ങൾക്ക് ഭൗതികമായ ഒരു നേട്ടവും ബൈബിൾ പഠനംകൊ് വാഗ്ദാനം ചെയ്യുന്നില്ല. എന്നാൽ നിത്യരാജ്യത്തിൽ നിത്യജീവൻ ലഭിക്കാനുള്ള മാർഗ്ഗം ഞങ്ങൾ നിങ്ങൾക്കു കാണിച്ചുതരാം. ഈ പ്രസിദ്ധീകരണവും ഇതുപോലെയുള്ള ഞങ്ങളുടെ മറ്റു പ്രസിദ്ധീകണങ്ങളും വായിക്കുക. സൗജന്യമായി ഞങ്ങൾക്കു ലഭിച്ചതു സൗജന്യമായി ഞങ്ങൾ നിങ്ങൾക്കു നൽകുന്നു. (മത്താ. 10:8, 2കൊരി. 11:7, 1കൊരി. 9:18)

സെട്രൽ പാസ്റ്ററോ, പാസ്റ്ററോ, അച്ചനോ, അതുപോലെയുള്ള മറ്റാരുമോ നിങ്ങളെ വഞ്ചിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുവിൻ നിങ്ങൾ സത്യം പഠിച്ചാൽ അവർക്കുാകുന്ന നഷ്ടം വലിയതായിരിക്കും. നിങ്ങൾക്കു പ്രതിഫലം വർദ്ധിക്കേതിന് ദൈവത്തിന് ദൈവത്തിന്റെ ശബ്ദം (ബൈബിൾ) കേൾക്കുക.

17-നവംബർ-2008

**രാജൂ ഡേവിസ്**
(പൂവം, ചങ്ങനാശ്ശേരി)
ഓസ്ട്രേലിയ.



# സകല മനുഷ്യർക്കും രക്ഷയ്ക്കായുള്ള സുവിശേഷം

മനുഷ്യരുടെ നിത്യരക്ഷയ്ക്കായുള്ള സുവിശേഷത്തെപ്പറ്റി യേശു ക്രിസ്തു അരുളിച്ചെയ്ത മർമ്മ പ്രധാനമായ തിരുവചനമാണ് മർക്കൊസിന്റെ സുവിശേഷം 16-ാം അദ്ധ്യായത്തിന്റെ 15-ഉം 16-ഉം വാക്യങ്ങൾ. അത് ഇപ്രകാരമാണ്. നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.

സുവിശേഷത്തിൽ വിശ്വസിക്കണമെങ്കിൽ സുവിശേഷം എന്താണെന്ന് അറിയണം. വിശ്വാസം കേഴ്വിയാലും കേഴ്വി ക്രിസ്തുവിന്റെ വചനത്താലും വരുന്നു. (റോമ.10:14,17) അ.പ്ര.8:12 ആണ് യഥാർത്ഥ സുവിശേഷം. ആ വാക്യത്തിൽ രു വിഷയ ങ്ങൾ ു് 1. ദൈവരാജ്യം 2. യേശു ക്രിസതുവിന്റെ നാമം.

## 1. ദൈവരാജ്യം.

ദൈവരാജ്യവും സ്വർഗ്ഗരാജ്യവും ഒന്നുതന്നെയാണ്. മത്താ.19:23,24 ഇതിനെ രാജ്യത്തിന്റെ സുവിശേഷം എന്നും ബൈബിളിൽ കാണുന്നു. മത്താ.4:23 ഇതാണ് ക്രിസതുവിന്റെ മുന്നോടിയായിരുന്ന യോഹന്നാൻ സ്നാപകൻ പ്രസംഗിച്ചത് (മത്താ.3:1,2) സാക്ഷാൽ ക്രിസ്തുവും പ്രസംഗിച്ചത് ഇതാണ്. (മത്താ.4:17, മർക്കൊ.1:14,15) സ്വർഗ്ഗരാജ്യവും ദൈവരാജ്യവും ഒന്നുതന്നെ എന്ന് ഈ വേദഭാഗങ്ങളിലും കാണാം. പുത്രന്റെ രാജ്യം എന്ന് കൊലൊ.1:13-ൽ പൌലൊസ് പറയുന്ന രാജ്യവും ഇതുതന്നെ.

രാജ്യത്തെക്കുറിച്ചുള്ള പരാമർശം ബൈബിളിൽ ആരംഭിക്കുന്നത് ഉല്പ. 10:10-ലാണ്. അത് ഭൂമിയിലെ ആദ്യവീരനായ നിമ്രോദിന്റെ രാജ്യമായിരുന്നു. പിന്നെ കാണുന്നത് അബീമേലേക്കിന്റെ ഉല്പ.20:9 എന്നാൽ വേദപുസ്തകത്തിൽ ദൈവത്തിന്റെ രാജ്യത്തെക്കുറിച്ച് കാണുന്ന ആദ്യത്തെ പരാമർശം പുറ.19:5,6 ആണ്. ദൈവത്തിന്റെ വാക്കു കേട്ട് അനുസരിച്ച് അവന്റെ നിയമങ്ങൾ പ്രമാണിച്ചാൽ യിസ്രയേൽ മക്കൾ ദൈവത്തിന്റെ പ്രത്യേക (വിശുദ്ധ) ജനമായിരിക്കും. അവർ തനിക്ക് രാജകീയ പുരോഹിതവർഗ്ഗവും

ആയിരിക്കും. അവരും ക്രിസ്തുവിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ജാതികളും ചേർന്ന് രാജകീയ പുരോഹിത വർഗ്ഗമായി വിശുദ്ധജനമായി സ്വന്ത ജനമായി തീരുന്ന ഒരു രാജ്യമാണ് ദൈവിക പദ്ധതിയിലെ ദൈവരാജ്യമെന്ന് 1പത്രൊ.2:9-ഉം പുറ.19:6-ഉം ചേർത്തുവായിച്ച് ഗ്രഹിക്കുക. ആവ.7:6,7 യെശ.61:6 ലേവ്യ.26:11,12 ആവ.10:14,15; 14:2 എന്നീ ഭാഗങ്ങൾകൂടി വായിച്ച് ഈ ആശയം ഉറപ്പാക്കിക്കൊള്ളുക.

ദൈവരാജ്യത്തിന്റെ ഉത്ഭവം മനസ്സിലാക്കാൻ യിസ്രായേലിന്റെ ചരിത്രം വേദപുസ്തകത്തിൽ പഴയനിയമഭാഗത്തു രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കണം. ദൈവം യിസ്രായേലിനെ തന്റെ ജനമായി തെരഞ്ഞെടുക്കുകയും അവർക്കു രാജാവായി ഇരിക്കുകയും അവർക്കു രാജ്യവും നിയമങ്ങളും ന്യായാധിപന്മാരെയും കൊടുക്കുകയും ചെയ്തിരുന്നു അവർക്കു രാജാക്കന്മാരെ ലഭിച്ചതെങ്ങനെയെന്ന് 1 ശമു.8:1-9, 21,22; 9:16 11:14,15, 12:12,13 13:1 വായിച്ചു ഗ്രഹിക്കുക. യിസ്രയേലിന്റെ ഒന്നാമത്തെ രാജാവായി ശൗൽ വാണു. എങ്കിലും അവൻ പാപം ചെയ്ത് രാജത്വം സ്വയം നഷ്ടപ്പെടുത്തി. (1 ശമു. 13:13,14) പിന്നീടു സംഭവിച്ചത് 1ശമു.15:27-28-ൽ വായിക്കാം. ശൗലിൽനിന്നും യിസ്രയേലിന്റെ രാജത്വം മാറ്റി ദാവീദിനു കൊടുത്തു. ദാവീദിനെ യിസ്രയേലിന്റെ രാജാവായി വാഴിക്കുന്നത്. 2 ശമു.5:1-4 ലും കാണുന്നു. അവന്റെ രാജത്വത്തിന്റെ സിംഹാസനം എന്നേക്കും സ്ഥിരമായിരിക്കുമെന്ന് ദൈവം നാഥാൻ പ്രവാചകനിലൂടെ അറിയിച്ചു. ദാവീദിനു കൊടുത്ത വാഗ്ദത്തം 2 ശമു.7:9-16 രേഖപ്പെടുത്തിയിരിക്കുന്നു. ദാവീദിനുശേഷം അവന്റെ മകൻ ശലോമോൻ യിസ്രയേലിനു രാജാവായി. 1രാജാ.11:5-13 വായിക്കുമ്പോൾ ശലോമോനു സംഭവിച്ച അധഃപതനവും യിസ്രയേലിന്റെ രാജത്വം രായി പിളർന്നതും കാണുന്നു. ശലോമോന്റെ മകനായ രെഹബെയാമിനു രു ഗോത്രവും ശലോമോന്റെ ദാസനായ യൊരേബെയാമിന് പത്തു ഗോത്രവും ദൈവം കൊടുത്തു.

ദൈവരാജ്യത്തെക്കുറിച്ച് അടിസ്ഥാനപരമായി അറിയണം. ദൈവത്തിന്റെ സിംഹാസനം ഒരു കാലത്ത് ഭൂമിയിൽ ഉായിരുന്നു. യിസ്രയേലിന്റെ ആദ്യത്തെ രാജാവായ ശൗലും പിന്നെ ദാവീദും തുടർന്ന് ശലോമോനും ഒടുവിൽ സെദക്കിയാവും ഭരണം നടത്തിയത് യഹോവയുടെ സിംഹാസനത്തിൽ ഇരുന്നു കൊായിരുന്നു. 1ദിന.29:23, 28:5. ഈ സിംഹാസനത്തിന് എന്തു സംഭവിച്ചു എന്ന്



യെഹ.21:25-27 നോക്കുക. അതിന് അവകാശി ക്രിസ്തുവാണ്. അതുകൊാണ് ശിഷ്യന്മാർ ക്രിസ്തുവിനോട് ഒരു ചോദ്യം ചോദിച്ചത്. അ.പ്ര.1:6 യഥാസ്ഥാനത്താക്കുക എന്നു പറഞ്ഞാൽ പുായിരുന്നത് വീും പണിയുക എന്നാണ്. വാക്യം 11-ഉം 3:21 ഉം വായിക്കുക. അപ്പോൾ മനസ്സിലാകും ക്രിസ്തു ഇനി ഭൂമിയിൽ വരുമ്പോൾ ദൈവരാജ്യം പുനസ്ഥാപിക്കും എന്ന്. ദൈവരാജ്യം സ്വർഗ്ഗത്തിലല്ല, ഭൂമിയിലാണ് പുനസ്ഥാപിക്കുന്നത്. നാം ആരും സ്വർഗ്ഗത്തിൽ പോകുകയില്ല. സ്വർഗ്ഗം ഇങ്ങോട്ട് ഇറങ്ങിവരികയാണ്. നിന്റെ രാജ്യം വരേണമേ എന്ന പ്രാർത്ഥന ഓർമ്മിക്കുക. ക്രിസ്തു രാജാവായി വരും. യരുശലേമിൽ ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കും. തന്റെ ഭരണം 1000 വർഷം നിുനിൽക്കും. ലൂക്കൊ1:30-35 വായിക്കുക. അത് എപ്പോഴാണ് സംഭവിക്കുക. ഉത്തരം മത്തായി.24:36ൽ ു്. പിതാവു മാത്രമേ അത് അറിയുന്നുള്ളു.

നമ്മുടെ പിതാവായ അബ്രഹാമിനു വാഗ്ദത്തം ലഭിച്ചത് ഈ ഭൂമിയാണ്. ഉല്പ.13:14,15. അബ്രഹാമിന്റെ മകനും അതു തന്നെയാണ് വാഗ്ദത്തം ലഭിച്ചത് ഉല്പ.26:3,4 പക്ഷേ കിട്ടിയോ. ഇതുവരെ ശാശ്വതമായി കിട്ടിയില്ല. ക്രിസ്തുവരുമ്പോൾ കിട്ടും. എബ്രാ.11:13,39,40. റോമ.4:13. വിശ്വാസികൾക്ക് നിത്യജീവൻ (രക്ഷ) കിട്ടുന്നത് ഈ ഭൂമിയിലാണ്. സ്വർഗ്ഗത്തിലല്ല മനുഷ്യർ മരണശേഷമോ ക്രിസ്തുവിന്റെ വരവിനു ശേഷമോ സ്വർഗ്ഗത്തിൽ പോകും എന്ന പഠിപ്പിക്കൽ പൂർണ്ണമായും വേദവിപരീതമാണ്. ഈ വാഗ്ദത്തം നമുക്ക് പ്രാപിക്കാൻ നാം ചെയ്യേത് ഗലാ.3:26-29-ൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നാനം സ്വീകരിച്ചേ മതിയാകു. യോഹ.3:5 സ്നാനത്തിൽ നടക്കുന്നത് ഗലാ.3:26-29-ലും റോമർ.6:3-5 ലും കാണാം റോമർ.8:17 കൂടി വായിക്കുക.

ദൈവരാജ്യം എന്ന വിഷയത്തിന്റെ പശ്ചാത്തലം കൂറേക്കൂടി വ്യക്തമായി അറിയാൻ താല്പര്യമുങ്കെിൽ താഴെ പറയുന്ന വേദഭാഗങ്ങൾകൂടി വായിക്കുക. ന്യായ.19:1, 21:25, 1 ശമു.8:1-9, 21:22, 9:16, 11:14-15, 12:12-13, 13:1, 9-14, 15:22, 23,28,35, 16:12-15, 1 രാജ.8:20,25, 11:11.

യിസ്രയേലിൽ ദൈവം നിയമിച്ച രാജത്വവും സിംഹാസനവും യഹോവയുടെ രാജ്യം ഒരു കാലത്ത് ഭൂമിയിൽ ഉായിരുന്നു എന്ന സത്യം വെളിവാക്കുന്നു. ദൈവരാജ്യത്തിന്റെ സുവിശേഷം ഈ ഭൂമിയിൽ ഒരിക്കൽ അന്യമല്ലായിരുന്നു. സംശയം കൂടാതെ അതു

തെളിയിക്കുവാൻ ബൈബിളിലെ ഒന്നു രു വാക്യങ്ങൾ നമുക്കു വായിക്കാം. 1 ദിന.28:5, 29:23 ശലോമോൻ യിസ്രയേലിൽ യഹോവയുടെ സിംഹാസനത്തിൽ രാജാവായിരുന്നു. ആ രാജത്വത്തിനും സിംഹാസനത്തിനും എന്ത് സംഭവിച്ചു എന്ന് യിസ്രായേലിലെ ഒടുവിലത്തെ രാജാവായിരുന്ന സെദക്കിയാവിന്റെ കാലത്തു ഉായ അരുളപ്പാടു ശ്രദ്ധിച്ചാൽ കാണാം. യെഹ.21:25-27 മകുടവും കിരീടവും രാജ ചിഹ്നങ്ങളാണ്. യിസ്രയേലിൽ നിന്ന് അതു മാറ്റിക്കളഞ്ഞു. അതിനു അവകാശമുള്ളവൻ വരുവോളം അതിനി ഉായിരിക്കുകയില്ല. 1948-ൽ യിസ്രയേൽ രാഷ്ട്രം സ്ഥാപിച്ചുവെങ്കിലും ഒരു രാജാവിനെ വാഴിക്കാൻ അവർക്ക് ഇന്നുവരെ സാധിച്ചിട്ടില്ല. അവകാശമുള്ളവൻ ദാവീദിന്റെ സിംഹാസനത്തിൽ രാജാവായി വരും. അവന്റെ ആധിപത്യത്തിന് അവസാനം ഉാകയില്ല. യേശുക്രിസ്തു രാജാവായി വേഗം വരും. യരുശലേം തലസ്ഥാനമാക്കി ദൈവരാജ്യം വീും സ്ഥാപിക്കും. പഴയനിയമത്തിലെ ദൈവരാജ്യത്തെക്കുറിച്ചുള്ള സുവിശേഷം ക്രിസ്തുവിന്റെ ഒന്നാം വരവിൽ തുടർന്നു കേൾക്കാൻ തുടങ്ങി. ഇവിടെ പഴയനിയമഭാഗം ഈ വിഷയത്തെ സംബന്ധിച്ചു താൽക്കാലികമായി അവസാനിച്ചു.

## 2. യേശുവിന്റെ നാമം

സുവിശേഷത്തിന്റെ രാം ഭാഗമായി നാം അ.പ്ര.8:12-ൽ കത് യേശുക്രിസ്തുവിനെക്കുറിച്ചുള്ള കാര്യങ്ങളാണ്. പ്രധാനമായി നാം അറിയേത് യേശു ദൈവത്തിന്റെ പുത്രനാണ് എന്നുള്ളതാണ്. പുത്രൻ എന്നു പറയുമ്പോൾ പിതാവിനു തുല്യനോ, ത്രിത്വത്തിൽ രാമനോ, പിതാവിനോടുകൂടി ലോകസ്ഥാപനത്തിനു മുൻപു മുതൽ ഉള്ളവനെന്നോ, പഴയനിയമത്തിൽ ആത്മരൂപിയെന്നോ, ഇന്ന് സ്വർഗ്ഗത്തിൽ ഭരണം നടത്തുന്നവൻ എന്നോ, ദൈവം മനുഷ്യനായി അവതരിച്ചതാണ് ക്രിസ്തു എന്നോ, പിതാവും പുത്രനും വ്യക്തിത്വത്തിൽ ഒന്നാണെന്നോ ഒരിക്കലും ചിന്തിക്കുകയോ പറയുകയോ അരുത്. നിത്യജീവൻ കാംക്ഷിക്കുന്ന ഏവരും വിശ്വസിക്കേ ദൈവവചനം ഇവിടെ രേഖപ്പെടുത്തുന്നു. അവ മൂന്നുപേരുടെ സാക്ഷ്യങ്ങളാണ്. ഒന്ന് പിതാവാം ദൈവം പറയുന്നു ഇവൻ എന്റെ പ്രിയപുത്രൻ (മത്താ.3:17). രാമത്തെ സാക്ഷ്യം ക്രിസ്തുവിന്റെ തന്നെയാണ്. ഞാൻ ദൈവത്തിന്റെ പുത്രൻ എന്നു പറഞ്ഞതുകൊ് (യോഹ.10:36). മൂന്നാമത്തേത് അപ്പൊസ്തലന്മാരിൽ ഒരുവന്റേതാണ്. നീ ജീവനുള്ള ദൈവത്തിന്റെ



പുത്രനായ ക്രിസ്തു എന്ന് പത്രൊസ് ഉത്തരം പറഞ്ഞു (മത്താ.16:16). ഈ സത്യങ്ങൾ ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്നത് എന്തിനാണെന്ന് യോഹ.20:31 വായിച്ചാൽ കാണാം. ദൈവപുത്രനെന്ന വാക്കിൽ മറ്റൊരർത്ഥവും ചേർക്കരുത്. 2000 കൊല്ലങ്ങൾക്കു മുൻപ് ദൈവം ഒരു സ്ത്രീയിൽ തന്റെ പുത്രനു ജന്മം കൊടുത്തു. ആ സ്ത്രീ പ്രസവിച്ച ശിശു മനുഷ്യനായ ക്രിസ്തുവാണ്. സ്ത്രീയുടെ സന്തതി ആകയാൽ നമ്മെപ്പോലെ സകലകാര്യത്തിലും തുല്യനായിരുന്നു. എബ്രാ.2:14-18. പൈതൽ വളർന്നു, ജ്ഞാനം നിറഞ്ഞു. ആത്മാവിൽ ബലപ്പെട്ടുപോന്നു. ലൂക്കൊ.2:40. ആത്മാവിൽ ബലപ്പെടേതിന് ദൈവം അവനെ പാപചിന്തകളാൽ പരീക്ഷിക്കുവാൻ മരുഭൂമിയിലേക്കു നടത്തി (മത്താ.4:1) പിശാച് അല്ല പരീക്ഷിച്ചത് ദൈവമാണ്. പരീക്ഷിക്കുക എന്ന പദം പരിശോധിക്കുക, എന്ന ആശയത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. ദൈവം അബ്രഹാമിനെ പരീക്ഷിച്ചു. ഉല്പ.22:1, ആവ.8:2-ൽ ദൈവം യിസ്രയേലിനെ പരീക്ഷിക്കുന്നു. അതുപോലെ മനുഷ്യനായ യേശുവിനെ പാപസ്വഭാവങ്ങളാൽ (തന്നിൽത്തന്നെയുള്ള) പരീക്ഷിക്കുകയാണ് (എബ്ര.4:15). മലയാള തർജ്ജമ തെറ്റാണ്. പാപം ഒഴികെ ഏതിലാണ് പരീക്ഷ? പാപം ഒഴികെയല്ല പാപം ഉൾപ്പെടെയാണ് പരീക്ഷിച്ചത് പാപം ചെയ്യുമോ എന്നാണ് പരീക്ഷിക്കേത്. യേശുവിന് പാപം ചെയ്യാൻ കഴിയുകയില്ലായിരുന്നുവെങ്കിൽ മരുഭൂമിയിൽ 40 ദിവസം പരീക്ഷിച്ചത് പാഴായിപ്പോകയില്ലായിരുന്നുവോ? യേശു പാപസ്വഭാവത്തെ ജയിച്ചു. മറ്റു മനുഷ്യരെല്ലാം പാപത്തിനു അടിമകളായിപ്പോകുന്നു. യേശു പാപം ഒന്നും ചെയ്തില്ല. ഈ വ്യത്യാസവും ആശയവും ഗ്രഹിച്ച് അംഗീകരിക്കുന്നവർക്കേ അവന്റെ മദ്ധ്യസ്ഥതകൊ് പ്രയോജനമുള്ളു. ബലഹീനതയാൽ അവൻ ക്രൂശിക്കപ്പെട്ടു (2 കൊരി.13:4) ദൂതന്മാർ അവനെ ശുശ്രൂഷിച്ചു (മർക്കൊ.1:13) ദൂതന്മാരിലും അല്പം ഒരു താഴ്ചവന്നവനാണ് യേശു (എബ്ര.2:9) പിതാവായ ദൈവം യേശുവിനെ ജനിപ്പിച്ചതുതന്നെ ജഡസ്വഭാവത്തോടുകൂടിയാണെന്ന് റോമ.8:3 ൽ വായിക്കുന്നു. എന്നെ നല്ലവൻ എന്നു പറയുന്നതെന്ത്? (ലൂക്കൊ.18:19). ഈ വേദ ഭാഗങ്ങൾ വായിച്ചു ചിന്തിച്ചാൽ യേശുവിൽ മനുഷ്യസ്വഭാവം-പാപസ്വഭാവം-ഉായിരുന്നു എന്നു കാണാം. എന്നാൽ അവൻ അതിനെ കീഴ്പ്പെടുത്തി പാപം ചെയ്യാതെ വിശുദ്ധ ജീവിതം നയിച്ചു എന്നു കാണാം. എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ നടക്കട്ടെ എന്നു പ്രാർത്ഥിച്ചപ്പോൾ ദൈവത്തിന്റെ ഇഷ്ടമല്ല യേശുവിന്റെ ഇഷ്ടം എന്നും ദൈവത്തിന്റെ ഇഷ്ടത്തിനു തന്നെ ഏല്പ്പിച്ചു പാപം ചെയ്തില്ല എന്നും മനസ്സിലാക്കാം. അവനെ

ശക്തിപ്പെടുത്താൻ ഒരു ദൂതൻ സ്വർഗ്ഗത്തിൽ നിന്നും വന്നു (ലൂക്കൊ.22:42,43). ഉയിർത്ത് അമർത്യത പ്രാപിച്ച ക്രിസ്തു ഇപ്പോൾ പാപസ്വഭാവമുള്ളവനല്ല, അമർത്യനാണ്.

## ക്രിസ്തുവിൽക്കൂടി മാത്രം ദൈവരാജ്യത്തിൽ പ്രവേശനം

യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ എന്ന ശബ്ദമാണ് ക്രിസ്തുവിന്റെ ജനനത്തിൽ കേട്ടുതുടങ്ങിയത് (മത്താ.2:2,6) യിസ്രയേലിനെ മേയ്പാനുള്ള തലവൻ ബേത്‌ലഹേമിൽ നിന്നും പുറപ്പെട്ടുവരും എന്ന പ്രവചനം പയേ്. പക്ഷേ യേശുക്രിസ്തു ഇവിടെ ജനിച്ച് മരിച്ച് ഉയർത്തു സ്വർഗ്ഗാരോഹണം ചെയ്യുന്നതുവരെയും താൻ രാജാവായി സിംഹാസനത്തിൽ ഇരുന്നില്ല. അ.പ്ര.1:6 വായിക്കുമ്പോൾ ഒന്നിച്ചു കൂടിയിരിക്കുമ്പോൾ ശിഷ്യന്മാർ അവനോടു കർത്താവേ നീ യിസ്രയേലിന് ഈ കാലത്തിലോ രാജ്യം (ദൈവരാജ്യം) യഥാസ്ഥാനത്താക്കി കൊടുക്കുന്നത് എന്ന് ചോദിക്കുന്നതായികാണാം. ഇവിടെ യഥാസ്ഥാനത്താക്കുക എന്ന പദം പ്രത്യേകം ശ്രദ്ധിക്കണം. യിസ്രയേലിൽ പുായിരുന്ന ദൈവരാജ്യവും ഉന്മൂലനാശം ചെയ്യപ്പെട്ട രാജത്വവും ഇക്കാലത്താണൊ വീും സ്ഥാപിക്കുന്നത് എന്നാണ് അവർ ചോദിച്ചത്. തുടർന്നു വാക്യം 11 വരെ വായിക്കുമ്പോൾ ശിഷ്യന്മാർ ചെയ്യേ കാര്യവും രാജ്യം യഥാസ്ഥാനത്താക്കാൻ യേശു വീും വരും എന്ന ഉറപ്പും രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം. മർക്കൊസ് ഇതെക്കുറിച്ച് തന്റെ സുവിശേഷം 16:15,16-ൽ എഴുതിയിരിക്കുന്നതും ശ്രദ്ധിക്കുക. സ്വർഗ്ഗാരോഹണത്തിനു തൊട്ടുമുൻപായി യേശു പറഞ്ഞു: "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും പ്രസംഗിപ്പിൻ. വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും."

യേശുക്രിസ്തുവിന്റെ രാം വരവ് എന്നാണെന്ന് പിതാവിനു മാത്രമേ അറിയാവു (മത്താ.24:36) യേശു ജനിക്കും മുൻപേ മാലാഖ മറിയയോടു പറഞ്ഞ വാക്കുകളിൽ എന്തെല്ലാം നിവൃത്തിയായി, ഇനി എന്തെല്ലാം നടക്കാനു് എന്ന് ശ്രദ്ധിക്കുക. ലൂക്കൊ.1:30-36 ദാവീദിന്റെ സിംഹാസനത്തിൽ യേശു രാജാവായി വാഴും എന്ന പ്രവചനം നടന്നേ മതിയാവു. അതു എന്നേക്കുമുള്ള രാജ്യത്വമായിരിക്കും. ആ രാജ്യത്തിന് അവസാനമില്ല. അതിലേക്കുള്ള പ്രവേശനം ക്രിസ്തുവിൽക്കുടെ മാത്രമേ സാധിക്കു.



മറ്റൊരുത്തനിലും രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല. (അ.പ്ര.4:12). ഞാൻ വാതിലാകുന്നു എന്നിലൂടെ കടക്കുന്നവൻ രക്ഷിക്കപ്പെടും (യോഹ.10:9).

അതിപ്രാധാനമായ ഒരു ചോദ്യം ഇവിടെയു്. ദൈവരാജ്യം യേശു സ്ഥാപിക്കുന്നതു ഭൂമിയിലോ സ്വർഗ്ഗത്തിലോ? സ്വർഗ്ഗത്തിലല്ല. ഭൂമിയിലാണ് മനുഷ്യർക്കു നിത്യജീവൻ നൽകാൻ പോകുന്നത്. ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചതുതന്നെ മനുഷ്യർക്കു സദാകാലത്തേക്കും പാർപ്പാൻ ആണ്. യെശ.45:18, സങ്കീ.78:69, 115:16. മനുഷ്യനെ സൃഷ്ടിച്ചു ഭൂമിയിലാണ് ആക്കിയത്. സ്വർഗ്ഗത്തിലല്ല. ജലപ്രളയത്തിനു ശേഷം നോഹയും കുടുംബവും മാത്രം ലോകത്ത് അവശേഷിച്ചു. തുടർന്നും അവർ ജീവിച്ചത് ഭൂമിയിലാണ്. അബ്രഹാമിന് വാഗ്ദത്തമായി കൊടുത്തത് ഭൂമിയാണ്. അത് അവനും അവന്റെ സന്തതിക്കും ശാശ്വതാവകാശമായി വാഗ്ദത്തം കിട്ടി. (ഉല്പ.13:14), യിസഹാക്കിനും (ഉല്പ.26:3-5), യാക്കോബിനും (ഉല്പ.28:3-4,13), ദാവീദിനും (2ശമു.7:12-16) എന്നുവേ നീതിമാന്മാർക്കെല്ലാവർക്കും (സങ്കീ.37:9, 11, 22, 29, 34) ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത് ഭൂമിയാണ്, സ്വർഗ്ഗമല്ല. സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ എന്തുകൊന്നൊൽ അവർ ഭൂമിയെ അവകാശമാക്കും (മത്താ.5:5). ഈ ഭൂമി ദൈവത്തിന്റെ തേജസ്സുകൊു നിറയും. ദൈവരാജ്യം ഇവിടെ സ്ഥാപിതമാകും. യെശ.11:9, സംഖ്യ.14:21, ഹബ.2:14, സങ്കീ.72:19, വെളി.5:10, 21:2-5,10.

യേശുക്രിസ്തു രാമതു വരുമ്പോൾ നടക്കാൻ പോകുന്ന കാര്യങ്ങളുടെ അനുക്രമമായ ഒരു വിവരണം വളരെ ലളിതമായും വ്യക്തമായും പൌലോസ് 1 കൊരി.15:20,28-ൽ പറയുന്നു്. ഈ ഭൂമിയിൽ നടക്കാൻ പോകുന്ന കാര്യങ്ങളാണ് അവ. വേദഭാഗം വായിക്കാതെ ഈ നോട്ടു മാത്രം വായിച്ചുവിടരുത്. ക്രിസ്തു വരുമ്പോൾ മരിച്ചവരുടെ ഉയിർപ്പ്, ന്യായവിധി, അതിനുശേഷം സഹസ്രാബ്ദവാഴ്ച അതിനുശേഷം രാമത്തെ പുനരുത്ഥാനവും ന്യായവിധിയും ഒടുവിൽ ശത്രുക്കളെ മുഴുവൻ കീഴ്പ്പെടുത്തി രാജ്യം പിതാവിനെ ഏൽപ്പിച്ച് പുത്രനും വിശ്വാസികളും (സഹോദരങ്ങളായി) പിതാവിനു കീഴ്പെട്ട് പ്രജകളൾ എന്നപോലെ എന്നെന്നേക്കും ഈ ഭൂമിയിൽ വാഴുന്നത് എല്ലാം എത്ര വ്യക്തമായി അവിടെ ചിത്രീകരിച്ചിരിക്കുന്നു എന്നു കാണുക. യേശുക്രിസ്തു രാമതു വന്നശേഷം വീും സ്വർഗ്ഗത്തിലേക്കു പോകുന്ന ഒരു

രംഗം വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പിതാവാം ദൈവം ഇറങ്ങിവന്ന് മനുഷ്യരോടു കൂടി വസിക്കുന്ന അതിശ്രേഷ്ഠമായ കാലത്തിന്റെ വർണ്ണനയോടുകൂടിയാണ് (വെളി.21:3-5). വിശുദ്ധ വേദപുസ്തകം അവസാനിക്കുന്നത്. ഉല്പ.1:1-ഉം വെളി.22:20-ഉം (ആദിയും അവസാനവും) ശ്രദ്ധിച്ചാൽ ദൈവം ഭൂമിയെ സൃഷ്ടിച്ചിരിക്കുന്നത് മനുഷ്യർക്കു സ്ഥിരമായി പാർക്കുവാനാണെന്നു വ്യക്തമായി കാണാവുന്നതാണ്. (യെശ.45:18)

അങ്ങനെ ദൈവരാജ്യം ഈ ഭൂമിയിൽ യേശുക്രിസ്തു വീണ്ടും സ്ഥാപിക്കുമെന്നും അതിലേക്കുള്ള പ്രവേശനം ക്രിസ്തുവിൽക്കൂടെ മാത്രമെ ലഭിക്കുകയുള്ളു എന്നുമുള്ള സുവിശേഷം മനുഷ്യവർഗ്ഗത്തിനു കൊടുക്കുന്ന ഉത്തമ ഗ്രന്ഥമത്രേ വിശുദ്ധ വേദപുസ്തകം. ഗലാ.1:6-10 ഇനി നമ്മെ സംബന്ധിച്ച് അതിപ്രധാനമായിരിക്കുന്ന ഒരു കാര്യംകൂടിയുണ്ട്. ഈ രാജ്യത്തിൽ പ്രവേശിക്കുവാൻ നാം എന്തു ചെയ്യണം? ഉത്തരം വളരെ വളരെ വ്യക്തമായി ബൈബിളിലുണ്ട്. യോഹ.3:3,5, മനുഷ്യർക്ക് ദൈവം കൊടുത്ത വാഗ്ദത്തം 1 യോഹ.2:25-ൽ ഉണ്ട്. അത് ആര് ആരിലൂടെ ആർക്കു കൊടുക്കുന്നു എന്ന് 1 യോഹ.5:11-ൽ വായിക്കുന്നു. ആ വാഗ്ദത്തിന് അവകാശിയാകുവാൻ നാം ചെയ്യേണ്ടത് ഗലാ.3:26-ൽ കാണാം. സ്നാനത്തിൽ സംഭവിക്കുന്നത് റോമ.6:3-5-ലും കാണാം.

ഈ വേദഭാഗങ്ങൾ വായിച്ച് അതേക്കുറിച്ച് ആഴമായി ചിന്തിക്കുക. വിശ്വാസ സ്നാനം സ്വീകരിക്കാത്ത ആരും ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്ന സത്യം താങ്കൾ വ്യക്തമായി അറിഞ്ഞിട്ടുണ്ടോ? ഈ വാഗ്ദത്തം ആരും ഇതുവരെ പ്രാപിച്ചിട്ടില്ല. മരിച്ചവരിൽ നിന്ന് ക്രിസ്തുവല്ലാതെ ആരും ഉയിർത്തെഴുന്നേറ്റ് നിത്യജീവൻ പ്രാപിച്ചിട്ടില്ല. ആർക്കും സ്വർഗ്ഗം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുമില്ല. പക്ഷെ ആദാം മുതൽ ക്രിസ്തുവിന്റെ രണ്ടാം വരവു വരെ മരിക്കുന്നവരിലും ക്രിസ്തുവിന്റെ വരവിൽ ജീവനോടിരിക്കുന്നവരിലും വിശ്വാസത്താൽ രക്ഷിക്കപ്പെട്ട (വിശ്വസിച്ച് സ്നാനപ്പെട്ടവർ) എല്ലാവരും ഈ ഭൂമിയിൽ വാഗ്ദത്തനിവൃത്തി പ്രാപിക്കും. ശേഷം ജീവനോടിരിക്കുന്ന മർത്യരായ മനുഷ്യർ ആയിരമാണ്ടിലെ പഠനത്തിനു ശേഷം അനുസരണം ഉള്ളവരാണെങ്കിൽ വാഗ്ദത്തം പ്രാപിക്കും. ഇത് വ്യക്തമായി ഗ്രഹിക്കാൻ എബ്രാ. 11 വായിച്ചു നോക്കുക. അതിലെ വാക്യം 4,5,7,8,9,11 (ഹാബേൽ, ഹാനോക്, നോഹ, അബ്രഹാം, യിസ്ഹാക്ക്, യാക്കോബ്, സാറ) വിശ്വാസികളുടെ ചില



മാതൃകകളെപ്പറ്റി പറയുകയാണ്. വാക്യം 13 ഇവരാരും വാഗ്ദത്തനിവൃത്തി പ്രാപിച്ചില്ല. കാരണം അവരെല്ലാം മരിച്ചു പോയി. തുടർന്ന് വാക്യം 22 (യോസഫ്) മോശെ (23) രാഹാബ് (31) ഗിദ്യോൻ, ബാരാക്ക്, ശിംശോൻ, യിപ്താഹ്... (വാക്യം 32 മുതൽ) ഇവരും നാമും എപ്പോൾ ഈ വാഗ്ദത്തം (ദൈവരാജ്യം ഭൂമിയിൽ) പ്രാപിക്കുമെന്ന് വാക്യം 39, 40-ൽ പറഞ്ഞിരിക്കുന്നു. കർത്താവിന്റെ അതിമഹത്വമുള്ള ദിവസത്തിൽ നാമെല്ലാം അതു പ്രപിക്കും. ഇതാണ് സത്യസുവിശേഷം. ഈ വാർത്തയല്ലാതെ മറ്റെന്തുകാര്യം പറഞ്ഞാലും അതു സുവിശേഷമല്ല. ഈ രാജ്യം വരേണമേ എന്നു പ്രാർത്ഥിക്കുവാനാണ് യേശു പഠിപ്പിച്ചത്. ഇന്ന് നാം ചുറ്റുപാടും കേൾക്കുന്ന സുവിശേഷ പ്രസംഗങ്ങളിലും പ്രാർത്ഥനകളിലും ദൈവരാജ്യം എന്ന വിഷയം തീരെ ഇല്ലാതാകുകയല്ലേ? ഈ ആയുസ്സിലെ നശിച്ചുപോകുന്ന അനേക കാര്യങ്ങൾ മാത്രമാണ് ഇന്ന് സുവിശേഷ പ്രസംഗത്തിലെയും പ്രാർത്ഥനകളിലെയും വിഷയങ്ങൾ. ഇതേക്കുറിച്ച് പൌലൊസ് നല്കുന്ന മുന്നറിയിപ്പ് ശ്രദ്ധിക്കുക.

മേൽപറഞ്ഞ സുവിശേഷത്തിനെതിരായി ഒന്നും പറയരുത് എന്ന് ഗലാത്യർ.1:6-10, 2കൊരി.11:3,4,7-ൽ പൌലൊസ് കർശനമായി നിർദ്ദേശിക്കുന്നു. ബൈബിളിൽ പറയാത്ത മറ്റൊരു സുവിശേഷം ബൈബിളിൽ പറയാത്ത മറ്റൊരു ക്രിസ്തുവിനെപ്പറ്റിയുള്ള വാർത്തകൾ കർണ്ണരസമാകുമാറ് നിർമ്മിത കഥകളെക്കൊണ്ട് സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം സഭകൾ ആകർഷകമായി പ്രചരിപ്പിച്ചു വരികയാണ്. ദയവായി ശ്രദ്ധയോടുകൂടി വചനത്തിലേക്ക് തിരിയുക. 2 തിമൊ.4:1-5, 1 തെസ്സ.3:6-15, 1 തിമൊ.3:1-5,12, 13-16 എന്നീ ഭാഗങ്ങൾ വായിക്കുക.

ആരും നശിച്ചുപോകാതെ എല്ലാവരും നിത്യജീവൻ പ്രാപിക്കണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത് (യോഹ.3:16) താങ്കൾ ചെയ്യേണ്ടത് വിനയപൂർവ്വം കർത്തൃസ്നേഹത്തിൽ അറിയിക്കട്ടെ. താങ്കൾ സുവിശേഷത്തിൽ വിശ്വസിക്കണം. അറിഞ്ഞു വിശ്വസിക്കേണ്ട സത്യങ്ങൾ ബൈബിളിലുണ്ട്. പക്ഷേ 66 പുസ്തകങ്ങളിലായി അതു മറഞ്ഞു കിടക്കുകയാണ്. സദൃ.25:2 നിത്യരാജ്യത്തിൽ രാജാക്കന്മാരാകേണ്ടവർ (രാജകീയ പുരോഹിത വർഗ്ഗമായി തീരുവാനുള്ള വിശ്വാസികൾ) ആ കാര്യങ്ങൾ ആരാഞ്ഞു കുപിടിക്കും. വാക്യം 27 ശ്രദ്ധിക്കുക. പ്രയാസമുള്ളത് ആരായുന്നത് മഹത്വമാണ്. അതിന് ജ്ഞാനികളുടെ ജ്ഞാനിയായ

ശലോമോൻ ചെയ്തത് എന്തെന്ന് അറിയേ? സഭാപ്ര.7:27 ഒന്നോടൊന്നു ചേർത്തുവെച്ചു നോക്കി. അപ്രകാരം നമുക്കും ചെയ്യാം.

## 3. സ്നാനം

ദൈവരാജ്യത്തെക്കുറിച്ചും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുമുള്ള സുവിശേഷം കേട്ട പുരുഷന്മാരും സ്ത്രീകളും (കുഞ്ഞുങ്ങൾ ഉൾപ്പെട്ടിട്ടില്ല) സ്നാനം ഏറ്റു എന്നാണ് അ.പ്ര.8:12-ൽ കാണുന്ന അടുത്ത ആശയം. ആ വാക്യത്തെ അപഗ്രഥിച്ചാൽ 3 ആശയങ്ങൾ നമുക്കു കാണാം.

(1) സുവിശേഷ പ്രസംഗത്തിൽ ദൈവരാജ്യം ഈ ഭൂമിയിലേക്കു വരുന്നു എന്നു പറയണം. ഭൂമിയിലാണ് വിശ്വാസികൾക്ക് നിത്യജീവൻ ലഭിക്കുന്നത്.

(2) യേശുക്രിസ്തുവിനെക്കുറിച്ചുള്ള നിങ്ങളുടെ പ്രസംഗം വേദ പുസ്തകത്തിൽ നിന്നു മാത്രമായിരിക്കണം. സഭകളുടെ വിവിധ ഉപദേശങ്ങൾ വേദപുസ്തക വാക്യങ്ങളായി ഒത്തുനോക്കി ബോധ്യമാകാതെ വിശ്വസിക്കരുത്. ക്രിസ്തു എന്ന മദ്ധ്യസ്ഥനിൽക്കൂടിയല്ലാതെ പുണ്യവാളന്മാരിലൂടെയോ ദൈവത്തിന്റെ മാതാവെന്നു സഭകൾ പഠിപ്പിക്കുന്ന മാതാവിലൂടെയോ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല എന്നും പറയണം.

(3) വിശ്വസിക്കാൻ തക്ക പ്രായമുള്ളവർക്കേ സ്നാനം ആവശ്യപ്പെടാൻ സാധിക്കു. ശിശുക്കൾക്ക് അതിനു കഴിയുകയില്ലല്ലോ. മനസ്സിലാക്കുവാനുള്ള പ്രായം ആകുമ്പോൾ മാത്രമേ ബൈബിൾ സത്യങ്ങളെ വിവേചിച്ച് അറിയുകയും വിശ്വസിക്കുകയും ചെയ്യാൻ സാധിക്കു. ശിശുസ്നാനത്തിന് പ്രസക്തിയില്ല അത് വേദവിപരീതവുമാണ്.

അതിപ്രാധാനമായ മറ്റൊരു കാര്യം ഇവിടെ സൂചിപ്പിക്കുന്നു. പ്രവാചകന്മാർ മുഖാന്തിരവും യേശുക്രിസ്തു മുഖാന്തിരവും ദൈവം അരുളിച്ചെയ്ത വചനമാണ് സത്യവേദപുസ്തകം. ക്രിസ്തു പഴയനിയമം നന്നായി പഠിച്ചു ഗ്രഹിച്ച ആളാണ്. ക്രിസ്തു പറഞ്ഞിട്ടുള്ളതിന് വിപരീതമായ ഒരു ആശയവും നാം സ്വീകരിക്കരുത്. പഴയനിയമ പുസ്തകങ്ങളിൽ ക്രിസ്തുവിനെപ്പറ്റിയുള്ള



പ്രവചനങ്ങളെയുള്ളു. ക്രിസ്തു അന്നു ജീവിച്ചിരുന്ന ഒരു വ്യക്തിയല്ല. ക്രിസ്തു പറഞ്ഞതോ ചെയ്തതോ ആയ ഒരു കാര്യവും പഴയനിയമത്തിൽ നിന്നുവായിക്കുവാൻ സാധ്യമല്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ ക്രിസ്തു പഴയനിയമ കാലഘട്ടത്തിൽ ഭൂമിയിലോ സ്വർഗ്ഗത്തിലോ ജീവിച്ചിരുന്ന ഒരു വ്യക്തിയല്ല. എന്നാൽ പഴയനിയമം മുഴുവൻ ക്രിസ്തുവിങ്കലേക്ക് വിരൽ ചുന്ന ചുപലകയാണ്. ഉല്പത്തി 3:15 മുതൽ ക്രിസതുവിനെപ്പറ്റിയുള്ള മുന്നറിയുപ്പുകൾ ആരംഭിക്കുന്നു. ആത്മരൂപിയായോ മാലാഖയായോ ത്രിത്വത്തിൽ രാമനായോ ക്രിസ്തു പിതാവിനോടുകൂടി ജീവിച്ചിരുന്നില്ല. പിതാവ് ഏകനാണ്. പിതാവിനോട് തുല്യനായോ സദൃശ്യനായോ കൂട്ടാളിയായോ മറ്റൊരു വ്യക്തി ആദി മുതലേ ജീവിച്ചിരുന്നു എന്ന പഠിപ്പിക്കൽ വേദവിപരീതമാണ്. ക്രിസ്തുവിന്റെ മുൻ ആസ്തിത്വം ദൈവത്തിന്റെ പദ്ധതിയിൽ ഉായിരുന്നു. ക്രിസ്തു ഭൂമിയിൽ ജനിക്കും മുമ്പേ സ്വർഗ്ഗത്തിൽ പിതാവിനോടുകൂടി ഉായിരുന്നു എന്നു വിശ്വസിക്കുന്നവരാണ് ക്രിസ്ത്യാനികൾ ബഹുഭൂരിപക്ഷവും. അത് തെറ്റാണ്. യേശുക്രിസ്തു തന്നെ പറഞ്ഞു ഏക സത്യ ദൈവത്തെയും അവൻ അയച്ച യേശുവിനെയു അറിയുക എന്ന്. യോഹ.17:3 അതുകൊ് സ്നാനത്തിനു മുൻപ് അറിഞ്ഞു വിശ്വസിക്കേ സുവിശേഷ സത്യങ്ങൾ ഉ്. അവയെക്കുറിച്ച് ഇനി പറയാം.

## 4. സ്നാനത്തിനുമുമ്പ് അറിഞ്ഞിരിക്കേ ബൈബിൾ സത്യങ്ങൾ

നിത്യജീവൻ പ്രാപിക്കുവാൻ സത്യവചനങ്ങളെക്കുറിച്ചുള്ള അറിവ് അത്യാവശ്യമാണ്. ബഹുഭൂരിപക്ഷം ക്രിസ്ത്യാനികളും അറിഞ്ഞിട്ടില്ലാത്ത ചില ബൈബിൾ സത്യങ്ങൾ താഴെ കുറിക്കുന്നു. അവയിൽ എത്ര എണ്ണം താങ്കൾ വിശ്വസിക്കുന്നു എന്ന് പരിശോധിക്കുക. അവയെക്കുറിച്ചുള്ള ശരിയായ അറിവ് നേടിയാൽ മാത്രമേ സ്നാനത്തിനും തദ്വാരാ നിത്യജീവനും താങ്കൾ അർഹനായി തീരുകയുള്ളു.

### 4.1 സ്നാനം എന്തിനാണ്?

(ഗലാത്യ.3:26-29, റോമർ.6:3-6)

സ്നാനത്തിനു മുമ്പ് വിശ്വാസം (വചന സത്യങ്ങളിലുള്ള വിശ്വാസം) ആവശ്യമാണ്. ക്രിസ്തുവിന്റെ സഹോദരനായി പിതാവിന്റെ സ്വത്തിന് അവകാശി ആകാൻ, അബ്രഹാമിന്റെ

സന്തതിയാകാൻ, നിത്യജീവൻ എന്ന വാഗ്ദത്തം പ്രാപിക്കാൻ, ദൈവപുത്രനായ ക്രിസ്തുവിനോടു ചേരാൻ ആകുന്നു സ്നാനപ്പെടുന്നത്. സ്നാനം വഴി പ്രാഥമികമായി നേടുന്നത് മേൽപറഞ്ഞ കാര്യങ്ങളാണ്. 1 യോഹ.2:25, റോമർ.8:17 കൂടി വായിക്കുക. സ്നാനം വിശ്വാസ ജീവിതത്തിന്റെ ആരംഭമേ ആകുന്നുള്ളു. അവസാനം വരെ ഈ വിശ്വാസ സത്യങ്ങളിൽ സഹിച്ചു നിന്നാൽ (പോരാട്ടമാണ് വിശ്വാസജീവിതം) രക്ഷ പ്രാപിക്കാം. മത്താ.10:22. സ്നാനപ്പെടുന്നവരെല്ലാം രക്ഷ പ്രാപിക്കുമോ. ഇല്ല വിശ്വാസമാണ് വലിയത്. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിലാകും വിശ്വസിച്ച് സ്നാനപ്പെടുന്നവർ രക്ഷപ്രാപിക്കും. സ്നാനപ്പെട്ടവരെല്ലാം രക്ഷ പ്രാപിക്കും എന്നു ബൈബിളിൽ പറയുന്നില്ല കാരണം സ്നാനത്തിനു മുൻപ് വിശ്വസിക്കേതിൽ തെറ്റു വന്നാൽ അതു വിശ്വാസ സ്നാനമാകുകയില്ല. തെറ്റായ വിശ്വാസത്തിൽ സ്നാനപ്പെടുന്നവർ രക്ഷ പ്രാപിക്കുകയില്ല. മർക്കൊ.16:15,16. സശ്രദ്ധം പരിശോധിക്കുക.

## 4.2. ബൈബിൾ ദൈവത്തിന്റെ ആത്മാവിനാൽ എഴുതപ്പെട്ടതാണ്.

വിശ്വാസയോഗ്യമായ വചനങ്ങളേ ബൈബിളിൽ ഉള്ളു. ബൈബിളിൽ ഇല്ലാത്ത വിശ്വാസം ഏതു സഭ പഠിപ്പിച്ചാലും സ്വീകരിക്കരുത്. കേൾക്കുന്നതെന്തും വിശ്വിക്കരുത്. ബൈബിളിൽ അപ്രകാരം തന്നെയോ എന്നു പരിശോധിച്ചിട്ടേ വിശ്വസിക്കാവു. ഒരു വിഷയത്തെപ്പറ്റിത്തന്നെ വിവിധ സഭകൾ വിവിധ ആശയങ്ങളാണ് പറയുന്നത്. ഉദാഹരണം മരിച്ചവർക്കുവേ പ്രാർത്ഥിക്കണം, മരിച്ചവരോട് പ്രാർത്ഥിച്ചാൽ കേൾക്കും എന്നാണ് ഭൂരിപക്ഷം ക്രിസ്ത്യാനികളും വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. മരിച്ചവർക്കുവേയും മരിച്ചവരോടും പ്രാർത്ഥിക്കരുത് എന്ന് ചില സഭകളും പഠിപ്പിക്കുന്നു. ഇവർ ഇരുവരുടേയും കയ്യിൽ ഇരിക്കുന്ന ബൈബിൾ ഒന്നുതന്നെയാണ്. ഇതിന്റെ മദ്ധ്യത്തിൽ നാം എന്തു ചെയ്യണം? ഈ വിഷയത്തെക്കുറിച്ച് ബൈബിൾ എന്തു പറയുന്നു എന്നു നോക്കുക. (വിശദീകരണം അന്യത്ര) ബഹുഭൂരിപക്ഷം പഠിപ്പിക്കുന്നത് ഇക്കാര്യത്തിൽ വേദവിപരീതമെന്നു കാണാം. പുറപ്പാട്.23:1,2 വായിക്കുക. അതുപോലെതന്നെ ചില സഭകൾക്ക് മദ്ധ്യസ്ഥന്മാർ പലരാണ്. യേശു മാത്രമാണ് ചിലസഭകൾക്ക് മദ്ധ്യസ്ഥൻ. പക്ഷേ യേശു അവർക്ക് ദൈവവും ആണ്. ദൈവത്തിന് മദ്ധ്യസ്ഥനാകാൻ സാധിക്കുമോ? മദ്ധ്യസ്ഥനായ യേശു മനുഷ്യനാണ് എന്ന് ബൈബിൾ പറയുന്നു. ഇത്രയും ആശയങ്ങൾ



വേദപുസ്തകത്തിൽ കാണാൻ 2 തിമൊ.3:16,17, വെളി.21:5, അ.പ്ര.17:11, സഭാ.പ്ര.9:5-6, 10, 3:19-21, ഇയ്യോ.33:4, 34:14,15 യെശ.8:19. 2 രാജ.22:20. 1തിമൊ.2:5,6. തുടങ്ങിയ വേദഭാഗങ്ങൾ വായിക്കുക.

## 4.3. ദൈവം ഏകനാണ്: ത്രിയേകനല്ല.

ആവ.6:4, 4:35,39, മർക്കൊ.12:28,29. 1 കൊരി.8:4,6. യെശ.45:5. എല്ലാവരിലും ഈ അറിവില്ല എന്ന് പൌലൊസ് പറയുന്ന വേദഭാഗം പ്രത്യേകം ശ്രദ്ധിക്കുക. 1 കൊരി.8:7 പഴയനിയമത്തിൽ ക്രിസ്തു ആത്മികപാറയാണ്, പുതിയനിയമത്തിൽ ജീവജലനദി പുറപ്പെടുവിക്കുന്നതും സഭയുടെ അടിസ്ഥാനവുമായ പറയാണ്. 1കൊരി.10:4. 1 പത്രൊ.2:4-7. ദൈവം ഏകനാണ്. സർവ്വശക്തനും നിത്യനും സർവ്വജ്ഞാനിയും നീതിമാനും കാരുണാസമ്പന്നനും സ്നേഹസമ്പന്നും എന്നാൽ ദഹിപ്പിക്കുന്ന അഗ്നിയും ആകുന്നു. ഉല്പ.1:1, പുറ.33:12-16, 34:5-7. പിതാവാം ദൈവം ആളത്വമായി സ്വർഗ്ഗത്തിൽ വസിക്കുന്നു. മാലാഖമാർ അവന്റെ മുഖം കാണുന്നു. യേശുക്രിസ്തു ഇന്ന് ആളത്വമായി പിതാവിന്റെ വലത്തുഭാഗത്ത് നമുക്കുവേ പക്ഷവാദം ചെയ്യുന്നു. താഴെക്കൊടുത്തിരിക്കുന്ന വേദഭാഗങ്ങൾ പരിശോധിച്ച് ദൈവം ഏകനാണ് ത്രിയേകനല്ല എന്ന് ഗ്രഹിക്കുക.

**യെശ.44:24**

*യഹോവയായ ഞാൻ സകലവും ഉാക്കുന്നു. ഞാൻ തന്നെ ആകാശത്തെ വിരിക്കുകയും ഭൂമിയെ പരത്തുകയും ചെയ്തിരിക്കുന്നു. ആർ എന്നോടുകൂടെ ഉായിരുന്നു?*

**യെശ.44:6,7,8**

*ഞാനല്ലാതെ ഒരു ദൈവവുമില്ല.*

**യെശ.43:10,13**

*എനിക്കു മുൻപേ ഒരു ദൈവം ഉായിട്ടില്ല എന്റെ ശേഷം ഉാകയുമില്ല. ഞാൻ ഞാൻ തന്നെ യഹോവ.*

**യെശ.42:8,9**

*ഉത്ഭവിക്കും മുമ്പേ ഞാൻ നിങ്ങളെ കേൾപ്പിക്കുന്നു. (ക്രിസ്തു ജനിക്കും മുമ്പേ ക്രിസ്തുവിനെപ്പറ്റി കേൾപ്പിച്ചിരിക്കുന്നു).*

**യെശ.46:5,9,10**

*ഞാൻ യഹോവയാകുന്നു. മറ്റൊരുത്തനുമില്ല. ഞാനല്ലാതെ ഒരു ദൈവവുമില്ല.*

**യെശ.45:21,5,7**
*പുരാതനമേ ഇതു കേൾപ്പിക്കുകയും പുതന്നെ ഇതു പ്രസ്താവിക്കുകയും ചെയ്തവൻ ആർ... വേറൊരു ദൈവവുമില്ല.*

**സങ്കീ.86:8,10**
*കർത്താവേ ദേവന്മാരിൽ നിനക്കു തുല്യനായവനില്ല. നീ വലിയവനും അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനും അല്ലോ. നീ മാത്രം ദൈവം ആകുന്നു.*

**പുറ.15:11**
*യഹോവേ ദേവന്മാരിൽ നിനക്ക് തുല്യൻ ആർ? വിശുദ്ധിയിൽ... നിനക്കു തുല്യൻ ആർ?* ഇവിടെ ദേവന്മാർ (Gods) ദൈവങ്ങളാണ്. ദൈവത്തിന്റെ നാമം വഹിക്കുന്ന അനേകരെ ദൈവം എന്നു വിളിക്കുന്നു. അതിൽ മാലാഖമാരും ന്യായാധിപന്മാരും യേശുവും ഉൾപ്പെടും. പുറ.7:1, 4:16, 11:4, 12:12, 23:27, 21:6, സങ്കീ.82:1,2,6. 86:8, ലേവ്യ.12:7, സങ്കീ.135:5. യോഹ.10:30-36, ഉല്പ. 32:23-30, ഹോശ.12:3,4, സങ്കീ.8:5, പുറ.23:20-22 2 ദിന.19:6. *യഹോവ തന്റെ നാമം മോശെയിൽ വെച്ചു.* പുറ.5:23. ഈ നാമം ക്രിസ്തുവിൽ വെച്ചു. യോഹ.5:43. ക്രിസ്തു ഈ നാമം വിശ്വാസികളിൽ വെയ്ക്കുന്നു. വെളി.14:1, യോഹ.17:8.

**2ശമു.22:3**
*യഹോവയല്ലാതെ ദൈവം ആരുള്ളു?*

**സങ്കീ.89:6**
*സ്വർഗ്ഗത്തിൽ യഹോവയോട് സദൃശ്യനായവൻ ആർ?* ദേവപുത്രന്മാരിൽ (യേശു ഉൾപ്പെടെയുള്ള ദൈവപുത്രന്മാരിൽ) യഹോവയ്ക്കു തുല്യനായവൻ ആർ?

**സങ്കീ.35:10**
*യഹോവേ നിനക്കു തുല്യൻ ആർ?*

**യിര.49:19, 50:44**
*എനിക്ക് സമനായൻ ആർ? എനിക്ക് നേരം കുറിക്കുന്നവൻ ആർ?*

സദൃ.8:29,30 വായിച്ചു യേശു ശില്പിയായി ദൈവത്തോടൊപ്പം ഉായിരുന്നു എന്ന് ചിലർ വിശ്വസിക്കുന്നു. അതു തെറ്റാണ്. ഈ വാക്യത്തിലെ ഞാൻ ആരെന്നറിയാൻ 8-ാം അദ്ധ്യായം മുഴുവൻ വായിക്കുക. ദൈവത്തിന്റെ ജ്ഞാനമാണ് ഞാൻ എന്നു കാണാം. സദൃ.3:19, യിര.10:12, 51:15, യെശ.44:24, ഉല്പ,1:1 എന്നീ ഭാഗങ്ങൾകൂടി ശ്രദ്ധിച്ചു വായിക്കുക. 6 ദിവസം കൊ് ദൈവം സകലത്തെയും



സൃഷ്ടിച്ചു. വചനം കൊാണ് സൃഷ്ടി നടത്തിയത്. അവൻ കല്പിച്ചു അവ ഉായി. (അങ്ങനെ സംഭവിച്ചു എന്ന് ഉല്പത്തി 1-ൽ പല പ്രാവശ്യം എഴുതിയിരിക്കുന്നു.) യെശ.45:18 ആകാശവും ഭൂമിയും സൃഷ്ടിച്ചത് ദൈവമാണ്, ക്രിസ്തുവല്ല.

ഇത്രയും വേദഭാഗങ്ങൾ വായിച്ചിട്ട് ദൈവം ത്രീയേകനാണ്. യേശുവാണ് എല്ലാം സൃഷ്ടിച്ചത് എന്നുപറഞ്ഞാൽ അത് കടുത്ത വേദവിപരീതമാണ്. ആരും നിങ്ങളെ തെറ്റിച്ചു കളയാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. 2തിമൊ.2:14-19, 1 തിമൊ.4:16, 6:3-10, 2 തെസ്സ.2:11,12 ഭോഷ്ക്കിന്റെ ആത്മവിനെ ദൈവം അയ്യക്കുന്നത് 1 രാജ.22:19-23 വായിച്ചാൽ മനസ്സിലാക്കാം.

ഈ സത്യം വ്യക്തമായി മനസ്സിലാക്കാൻ 2 പത്രൊസ് 3:15-17 വായിക്കുക. കൂടുതൽ വിശദീകരണം ലഭിക്കാൻ ചില വേദഭാഗങ്ങൾ കൂടി എഴുതുന്നു. പുറ.31:17, 32:1-6, ആവ.6:4, 1 കൊരി.8:4-6, 2 രാജ.19:15, 1 ദിന.17:11-13,20. യോഹ.17:3, 5:30,19, 14:28, 27:54. ഗല.3:20, മത്താ.16:16, മർക്കൊ.1:11, ലൂക്കൊ.1:35, എബ്രാ.2:17, 5:8.

യേശു ദൈവപുത്രനെന്ന് ഗ്രഹിക്കാൻ യോഹന്നാന്റെ മൂന്നു ലേഖനങ്ങളും താൻ എഴുതിയ സുവിശേഷവും ധാരാളം മതിയാകും. ചില വേദഭാഗങ്ങൾ നോക്കുക.

**1 യോഹ.1:3**
*നമ്മുടെ കൂട്ടായ്മ പിതാവിനോടും പുത്രനോടും ആകുന്നു.*

**1 യോഹ.2:1**
*യേശു ഇന്ന് കാര്യസ്ഥനാണ്.* (Advocate)

**1 യോഹ.2:22,23**
യേശുവിനെ ക്രിസ്തു (അഭിഷിക്തൻ) എന്ന് നിഷേധിക്കുന്നവൻ കള്ളനാകുന്നു. (ദൈവം അവനെ പരിശുദ്ധാത്മാവിനാൽ ഭിഷേകം ചെയ്തതുകൊാണ് അവൻ അഭിഷിക്തനായത്).

**1 യോഹ.3:23**
*പുത്രനായ ക്രിസ്തുവിൽ വിശ്വസിക്കണമെന്നത് ദൈവത്തിന്റെ കല്പനയാണ്.*

**1 യോഹ.4:2,3,12,14,15**
യേശു ജഡത്തിൽ വന്നു. (ദൈവം ജഡത്തിൽ വന്നു എന്നല്ല.)

**1 യോഹ.5:10**
ആ സാക്ഷ്യം എന്താണ്? (ഇവൻ എന്റെ പ്രിയപുത്രൻ എന്നതാണ് സാക്ഷ്യം).

**1 യോഹ.5:20** ദൈവപുത്രൻ വന്നു സത്യദൈവത്തെ അറിയുവാൻ നമുക്ക വിവേകം തന്നു.

**2 യോഹ. 7:9**
ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർകടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല. (യേശു ദൈവ പുത്രനായിരിക്കെ ദൈവം എന്നു പറയുന്നതാണ് അതിരുകടന്നുപോകുന്നത്.)

**3 യോഹ.4**
നാം സത്യത്തിൽ നടക്കണം.

യോഹന്നാന്റെ സുവിശേഷം 20:17,31. വളരെ പ്രധാനപ്പെട്ട വേദഭാഗങ്ങളാണ്. നിത്യജീവൻ കിട്ടാൻ ഈ വാക്യം വിശ്വസിക്കണം.

യോഹ.10:30-ന്റെ അർത്ഥം വാക്യം 26 മുതൽ വായിച്ചാൽ കിട്ടും. വാക്യം 29. എന്റെ പിതാവ് എല്ലാവരിലും വലിയവൻ. ഞങ്ങൾ ഒന്നാകുന്നു. എന്നുപറഞ്ഞപ്പോൾ എറിവാൻ കല്ലെടുത്തു. യേശു ചോദിച്ചു. ഏതു പ്രവൃത്തി നിമിത്തമാണ് എറിയുന്നത്? മറുപടി: നല്ലപ്രവൃത്തികൊല്ല. ദൈവദൂഷണം എന്നു പറഞ്ഞാൽ ദൈവത്തോട് സമനാക്കിയതുകൊാണ് എറിയുന്നത്. അങ്ങനെ പറയുന്നവരെ എന്തു ചെയ്യുണമെന്ന് ന്യായ പ്രമാണത്തിൽ പറയുന്നു് (ലേവ്യ.24:16)

അതുകൊ് നാം വിശ്വസിക്കേത് എന്താണ്? യേശുവിന്റെ പിതാവും ദൈവവും നമ്മുടെ പിതാവും ദൈവവും ആകുന്നു. യോഹ.20:17. യോഹ.20:31.നെ താക്കോൽ വാക്യമായി കരുതുക. എന്നാൽ യേശു ദൈവ പുത്രനായ ക്രിസ്തു (അഭിഷിക്തൻ) എന്നു നിങ്ങൾ വിശ്വസിക്കേതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ (നിത്യജീവൻ) ഉാകേതിനും ഇതെഴുതിയിരിക്കുന്നു. ത്രിത്വത്തിൽ വിശ്വസിച്ചാൽ നിത്യജീവൻ കിട്ടുകയില്ല. യോഹ.17:3-ൽ പറയുന്നതുപോലെ ഏകദൈവത്തിലും അവന്റെ പുത്രനായ ക്രിസ്തുവിലും വിശ്വസിക്കുന്നതാണ് നിത്യജീവൻ ലഭിക്കാൻ ആവശ്യമായത്.ദൈവത്തിൽ വിശ്വസിപ്പിൻ എന്നിലും വിശ്വസിപ്പിൻ എന്നു ക്രിസ്തു പറഞ്ഞതും അവരെ രപേരെയും വിശ്വസിക്കേത് ആവശ്യമായതുകൊാണ്. യോഹ.14:1.



ഒരു മനുഷ്യൻപോലും നശിച്ചു പോകാതെ എല്ലാവരും നിത്യജീവൻ പ്രാപിക്കാൻ വേി സ്നേഹ സമ്പന്നനായ ദൈവം വളരെ ലളിതമായ ഒരു പദ്ധതി തയ്യാറാക്കിയിട്ടു്. ആ പദ്ധതിയെക്കുറിച്ച് പറയുന്ന പുസ്തകമാണ് ബൈബിൾ. ബൈബിളിൽ ഇല്ലാത്ത ആശയം വിശ്വസിച്ചാൽ നമ്മുടെ ആത്മിക പ്രവർത്തനങ്ങൾ മുഴുവൻ പാഴും ശൂന്യവുമായിപ്പേകും. നിത്യ ജീവൻ പ്രാപിക്കാനുള്ളവർ വിശ്വസിക്കേ പ്രഥമവും പ്രധാനവുമായ ഒരു ബൈബിൾ സത്യമാണ് ദൈവം ഏകൻ എന്നത്.

ആവ.6:4 യിസ്രായേലേ കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻ തന്നെ.

ആവ.4:35, യഹോവ തന്നെ ദൈവം, അവനല്ലാതെ മറ്റൊരുത്തനുമില്ല. വാക്യം 39. ആകയാൽ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും യഹോവതന്നെ ദൈവം മറ്റൊരുത്തനുമില്ല എന്നു നീ ഇന്ന് അറിഞ്ഞ് മനസ്സിൽ വച്ചുകൊൾക.

സങ്കീ.83:18 യഹോവ എന്നു നാമമുള്ള നീ മാത്രം സർവ്വ ഭൂമിക്കും മീതെ അത്യുന്നതൻ എന്നു അറിയും 2 രാജാ.19:15. കെരുബുകൾക്കു മീതെ വസിക്കുന്ന യിസ്രയേലിന്റെ ദൈവമായ യഹോവേ, നീ ഒരുത്തൻ മാത്രം ദൈവമാകുന്നു. 1 ദിന. 17:20 യഹോവേ, നിന്നെപ്പോലെ ഒരിത്തനുമില്ല. നീയല്ലാതെ ഒരു ദൈവവുമില്ല. 2 ദിന.6:14 യിസ്രയേലിന്റെ ദൈവമായ യഹോവേ, നിന്നെപ്പോലെ സ്വർഗ്ഗത്തിലും ഭൂമിയിലും ഒരു ദൈവവുമില്ല. യെശ.44:24 യഹോവയായ ഞാൻ സകലവും ഉാക്കുന്നു. ഞാൻ തന്നെ ആകാശത്തെ വിരിക്കുകയും ഭൂമിയെ പരത്തുകയും ചെയ്തിരിക്കുന്നു. ആർ എന്നോടുകൂടി ഉായിരുന്നു?.

യെശ.44:6,7,8. ഞാനല്ലാതെ ഒരു ദൈവവുമില്ല. യെശ.45:5,7,18,21 ഞാൻ യഹോവയാകുന്നു. മറ്റൊരുത്തനുമില്ല. ഞാനല്ലാതെ വേറൊരു ദൈവവുമില്ല. പുരാതനമേ ഇതു കേൾപ്പിക്കുകയും പുതന്നെ ഇതു പ്രസ്താവിക്കുകയും ചെയ്തവനാർ? യഹോവയായ ഞാനല്ലയോ? ഞാനല്ലാതെ വേറൊരു ദൈവമില്ല.

യെശ.46:5,9,10. എന്നെ ആരോട് ഉപമിച്ച് സദൃശ്യമാക്കും? തമ്മിൽ ഒത്തുവരത്തക്കവണ്ണം എന്നെ ആരോട് തുല്യമാക്കും? ഞാനല്ലാതെ വേറൊരു ദൈവവുമില്ല. ഞാൻ തന്നെ ദൈവം, എന്നെപ്പോലെ ഒരുത്തനുമില്ല. പുറ.15:11. യഹോവേ, ദേവന്മാരിൽ (Gods) നിനക്കു

തുല്യനാർ?... നിനക്ക് തുല്യനാർ? ഇവിടെ അല്പം വിശദീകരണം ആവശ്യമു്. ദേവന്മാർ എന്ന് ഈ വാകൃത്തിൽ കാണുന്നത് ആരെക്കുറിച്ചാണ്? ദൈവം ഏകനായിരിക്കുമ്പോൾ അനേകം ദേവന്മാർ ഉ ാകുമോ? മനുഷ്യൻ നിർമ്മിക്കുന്ന അന്യ ദൈവങ്ങൾക്കു പുറമെ ദൈവത്തിന്റെ നാമം വഹിക്കുന്നവരെയും ദൈവത്തിന്റെ അരുളപ്പാടുായിട്ടുള്ളവരെയും ദേവന്മാർ എന്നു വിളിച്ചിട്ടു് (പുറ.32:23, യോഹ.10:35). അവരിൽ ന്യായാധിപന്മാരും മാലാഖമാരും മോശെയും യേശുവും ഉൾപ്പെടും (പുറ.23:20-22, 5:23, 7:1, 4:16, 11:4 21:6, സങ്കീ.82:1,2,6, 86:8, ലേവ്യ.12:7, സങ്കീ.135:5, യോഹ.10:30-36, ഉല്പ.32:28-30, ഹോശെ.12:3,4, സങ്കീ.8:5, 2 ദിന.19:6).

യേശു പിതാവിന്റെ നാമത്തിൽ വന്നു (യോഹ.5:43). ആ നാമമാണ് പരിശുദ്ധാത്മാവിലും കാണുന്നത് (യോഹ.14:26). ക്രിസ്തു ഈ നാമം വിശ്വാസികളിൽ വയ്ക്കുന്നു (വെളി.14:1, യോഹ.17:6). ദൈവത്തിന്റെ നാമം ധരിച്ചു വന്നതുകൊ് യേശുക്രിസ്തു പിതാവാം ദൈവത്തിനു തുല്യനായ ദൈവമാകുകയില്ല. ക്രിസ്തുവിന് ദൈവത്തോട് ഐകൃതയല്ലാതെ സമത്വമില്ല. ഫിലി.2:6. ക്രിസ്തുവിലുള്ള ദാസഭാവത്തെയാണ് നാം കാണേത്. 2 ശമു.22:32 യഹോവ അല്ലാതെ ദൈവം ആരുള്ളു? സങ്കീ.89:6 സ്വർഗ്ഗത്തിൽ യഹോവയോട് സദൃശ്യനായവൻ ആർ? ദേവപുത്രനായവൻ (യേശു ഉൾപ്പെടെയുള്ള ദൈവപുത്രന്മാരിൽ) യഹോവയ്ക്കു തുല്യനായവൻ ആർ?

സങ്കീ.35:10, 71:19, 100:3 യഹോവേ നിനക്കു തുല്യൻ ആർ? നിന്നോട് തുല്യൻ ആരുള്ളു? യഹോവ തന്നെ ദൈവം എന്നറിവിൻ. യിര.49:19, 50:44 എനിക്കു സമനായവൻ ആർ? എനിക്കു നേരം കുറിക്കുന്നവൻ ആർ?

യോഹ.17:3 ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യജീവനാകുന്നു. 1കൊരി.8:6. പിതാവായ ഏകദൈവമേ നമുക്കുള്ളു. ഗലാ.3:20. ദൈവമോ ഒരുത്തൻ മാത്രം. 1തിമൊ.2:5 ദൈവം ഒരുത്തൻ മാത്രം. 1 തിമൊ.2:5.

## 4.4. യേശു ദൈവത്തിന്റെ പുത്രനാണ്

ഇനി യേശുവിനെപ്പറ്റി ചുരുക്കമായി പറയാം. യേശു ദൈവപുത്രനാണ്. യേശുവിനെ ദൈവം തന്റെ ആത്മാവിനാൽ അഭിഷേകം ചെയ്തതിനാൽ യേശു ക്രിസ്തു (അഭിഷിക്തൻ)



ആയിത്തീർന്നു. മത്താ.16:16, മർക്കൊ.1:11, ലൂക്കൊ.1:35, അ.പ്ര.10:38.). യേശു ദൈവപുത്രനാണെന്ന് നാലുപേർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നതു നോക്കുക. മർക്കൊ.1:11-ൽ പിതാവാം ദൈവവും, യോഹ.10:36-ൽ യേശുവും, മത്താ.16:16. യോഹ.10:17,29. എന്നീ ഭാഗങ്ങൾ പത്രൊസും യോഹന്നാനും സാക്ഷ്യപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കുക.

യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് ഒരിക്കൽ ചോദിച്ചു: “നിങ്ങൾ എന്നെ ആര് എന്നു പറയുന്നു”? പലരും പല ഉത്തരങ്ങൾ പറഞ്ഞു. എന്നാൽ പത്രൊസ് പറഞ്ഞ ഉത്തരത്തിനാണ് ക്രിസ്തു പ്രാധാന്യം കൊടുത്തത്. പത്രൊസിന് അത് മനുഷ്യൻ വെളിപ്പെടുത്തി കൊടുത്തതല്ലെന്നും സ്വർഗ്ഗസ്ഥനായ പിതാവ് വെളിപ്പെടുത്തി കൊടുത്ത സത്യമാണ് അതെന്നും ക്രിസ്തു വ്യക്തമാക്കി. അതിലുപരിയായി ക്രിസ്തു പറഞ്ഞു എന്റെ പിതാവ് എന്നേക്കാൾ വലിയവനത്രെ എന്ന്. എന്റെ വചനം എന്റേതല്ല പിതാവിന്റേതാണ്. എന്നിലും എന്റെ പിതാവിലും വിശ്വസിപ്പിൻ. എന്നിൽക്കൂടിയല്ലാതെ ആരും പിതാവിന്റെ അടുക്കൽ പോകുന്നില്ല. ഇത്യാദി പ്രസ്താവനകൾ കൊ് പിതാവാം ദൈവം ക്രിസ്തുവിനേക്കാൾ വലിയവനാണ് എന്നും ക്രിസ്തുവിനു സ്വയമായി ഒന്നും ചെയ്യാൻ കഴിവില്ല എന്നും താൻ പിതാവിന് എന്നേക്കും കീഴ്പ്പെട്ടിരിക്കും എന്നും കാണുന്നു.

പരിശുദ്ധാത്മാവ് പിതാവാം ദൈവത്തിന്റെ ശക്തിയാണ്. വേർതിരിക്കപ്പെട്ട ശക്തി എന്നല്ലാതെ ഒരു വ്യക്തിയായി സ്വർഗ്ഗത്തിലോ ഭൂമിയിലോ പരിശുദ്ധാത്മാവ് നിലനില്ക്കുന്നില്ല. അത്യുന്നതന്റെ ശക്തി ഒരു വ്യക്തിയല്ല, ശക്തി മാത്രമാണ്. വ്യക്തിത്വം കൊടുത്ത് ചിത്രികരിച്ചിട്ടു്. ക്രിസ്തുവിൽ ഈ ശക്തി മാത്രമാണ് പ്രവർത്തിച്ചത്. ദൈവത്തിന്റെ ആത്മാവും പരിശുദ്ധാത്മാവും ശക്തിയാണെങ്കിലും അത്ഭുതങ്ങൾ ചെയ്യാനുള്ള പ്രത്യേക ശക്തിയാണ് പരിശുദ്ധാത്മാവ്. അതു ത്രിത്വത്തിൽ മൂന്നാമനായ വ്യക്തിയല്ല.

മേൽ പറഞ്ഞിട്ടുള്ള ബൈബിൾ ഭാഗങ്ങൾക്കൊ് ദൈവം ഏകനാണെന്നും യേശു ദൈവപുത്രനാണെന്നും ത്രിത്വോപദേശം പൂർണ്ണമായും വേദവിപരീതമാണെന്നും സുവ്യക്തമാണ്. നിത്യജീവൻ പ്രാപിക്കുവാൻ അത്യാവശ്യമായി ഗ്രഹിച്ചിരിക്കേ ബൈബിൾ സത്യങ്ങളിൽ ഒന്നുമാത്രമാണിത്.

ക്രിസ്തു സ്വയം ഭൂവല്ല ജനിച്ചവനാണ്. അവന് പിതാവിനോടുള്ള ബന്ധം ലൂക്കൊ.1:30–33 വായിച്ചാൽ കാണാം. പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണെങ്കിൽ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി മറിയ പ്രസവിച്ച ശിശുവിന്റെ പിതാവ് പരിശുദ്ധാത്മാവായിരിക്കണമല്ലോ. എന്നാൽ പരിശുദ്ധാത്മാവ് ഒരു വ്യക്തിയല്ല. ദൈവത്തിന്റെ ശക്തി (ആത്മാവ്) മാത്രമാകയാലാണ് യേശുവിന്റെ പിതാവ് പരിശുദ്ധാത്മാവാണെന്ന് ബൈബിളിൽ ഒരിടത്തും പറയാത്തത്. ത്രിത്വ വിശ്വാസികൾക്ക് ഈ സത്യം അംഗീകരിക്കാൻ കഴിയാത്തതിനാൽ അവർക്ക് യേശു ദൈവമാണ്. ത്രിത്വത്തിൽ രാമനാണ്. പരിശുദ്ധാത്മാവിനെ അവർ ത്രിത്വത്തിൽ മൂന്നാമനായും ദൈവമായും കരുതും. ഈ വിശ്വാസം തികച്ചും വേദവിപരീതമാണ്. പക്ഷേ അവർ പറയും ത്രിത്വം ഒരു ദൈവിക മർമ്മമാണെന്ന്. വിശദീകരിക്കാൻ കഴിയാതെ വരുമ്പോൾ ഉപയോഗിക്കാവുന്ന ഒരു ശൈലിയാണ് മർമ്മം എന്നത്. പക്ഷേ ബൈബിളിൽ ക്രിസ്തു പറയുന്നു മർമ്മങ്ങളെ അറിയാനുള്ള വരം ശിഷ്യന്മാർക്കു കൊടുത്തു എന്ന്. യേശു ദൈവപുത്രനും മനുഷ്യ പുത്രനുമാണ്. യേശു മനുഷ്യനാണെന്ന് യോഹ.8:40 വായിച്ചാൽ മനസ്സിലാകും. പുതിയ നിയമത്തിന്റെ ആദ്യവാക്യം തന്നെ ക്രിസ്തു അബ്രഹമിന്റെയും ദാവീദിന്റെയും പുത്രനാണെന്നാണ്. ക്രിസ്തു ലോകത്തിൽ ജനിച്ച് രക്ഷകനായി പ്രവർത്തിച്ചു. അധർമ്മികൾ അവനെ കൊന്നുകളഞ്ഞു. എന്നാൽ ദൈവം അവനെ മരിച്ചവരിൽ നിന്ന് എഴുന്നേൽപ്പിച്ചു.

(അ.പ്ര.2:23,24. 3:15).

നാല്പതു ദിവസം ഇവിടെ പലർക്കും പ്രത്യക്ഷനായി. ആ കാലഘട്ടം കഴിഞ്ഞു അവൻ അവന്റെ പിതാവും അവന്റെ ദൈവവുമായവന്റെ അടുക്കൽ കയറിപ്പോയി (യോഹ.20:17). ഇന്ന് അവൻ മദ്ധ്യസ്ഥനായിട്ടിരിക്കുന്നു. ഇനി രാജാവായിവരും. അന്ന് ന്യായവിധി നടത്തും. ആയിരം ആ് ഇവിടെ ഭരിക്കും. പിന്നീട് രാജ്യം പിതാവിനെ ഏല്പിക്കും. പിതാവ് ഈ ഭൂമിയിൽ ഇറങ്ങിവന്ന് സകലവും ഏറ്റെടുക്കും. പുത്രനായ ക്രിസ്തുവും ദൈവ മക്കളായിത്തീർന്ന വിശ്വാസികളും പ്രജകളായി എന്നന്നേക്കും ഇവിടെ വസിക്കും. ഈ കാര്യങ്ങൾ വളരെ ചുരുക്കമായി 1 കൊരി.15:20–28 വായിച്ചാൽ കാണാം. ഈ ഭാഗത്തു പറയുന്നതിന് വിപരീതമായി വിശ്വാസികൾ സ്വർഗ്ഗത്തിലേക്കു പോകുന്നു എന്നു പഠിപ്പിക്കുന്നവരാണ് മിക്ക സഭകളുടെയും വക്താക്കൾ.



## 4.5. വിശ്വാസികൾക്ക് സ്വർഗ്ഗമല്ല ഭൂമിയാണ് വഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നത്

ബൈബിൾ പറയുന്നത് സ്വർഗ്ഗം യഹോവുയുടേതാണ് ഭൂമിയെ അവൻ മനുഷ്യർക്ക് കൊടുത്തിരിക്കുന്നു എന്നാണ്. സങ്കീ.115:15,16. നമ്മുടെ പൗരത്വം സ്വർഗ്ഗത്തലാണ് എന്നു പൌലൊസ് പറയയുന്നു. പക്ഷേ അടുത്ത വാക്യത്തിൽ പറയുന്നത് ശ്രദ്ധിക്കുക. അവിടെനിന്ന് യേശു പ്രതിഫലവുമായി ഇങ്ങോട്ടുവരുന്നു. ഇവിടെവന്ന് ക്രിസ്തു ചെയ്യുന്നതും അവിടെ പറയുന്നു്. ഫിലി.3:20–21. അബ്രഹാമിനും സന്തതിക്കും ഭൂമിയെയാണ് അവകാശമായി കൊടുത്തത്. ഉല്പ.13:14–15. യിസഹാക്കിനും യാക്കോവിനും യാക്കോബിന്റെ പുത്രന്മാർക്കും (യിസ്രയേലിന്) ക്രിസ്തുവിനെ സ്വീകരിക്കുന്ന സകല ജാതികൾക്കും ഭൂമിയെയാണ് ശാശ്വതാവകാശമായി ദൈവം കൊടുത്തിരിക്കുന്നത്. മത്താ.5:5, വെളി.21:3–5. മനുഷ്യനെ സൃഷ്ടിച്ചു ഏദനിലാക്കി. ദൈവം അവന് ആവശ്യമുള്ളതെല്ലാം സൃഷ്ടിച്ചുകൊടുത്തിട്ടു പറഞ്ഞതു

ഉല്പ.1:28. വായിച്ചുനോക്കുക. ഭൂമിയിൽ നിറഞ്ഞു വാഴുവിൻ. പാപം ചെയ്തു നഷ്ടമാക്കിയത് ഏദനാണ്. ഏദൻ ഭൂമിയിലായിരുന്നു. സ്വർഗ്ഗത്തിൽ മനുഷ്യനു ഒന്നും നഷ്ടമായില്ല. തിരികെ പ്രാപിക്കേതും ഭൂമിയെയാണ് സ്വർഗ്ഗത്തെയല്ല. പുതിയ ആകാശവും പുതിയ ഭൂമിയും സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരുന്ന കാഴ്ചയാണ് യോഹന്നാന് പ്രദർശിപ്പിച്ചത്. വെളിപ്പാടു പുസ്തകത്തിന്റെ അവസാനത്തിൽ ചിത്രീകരിച്ചിരിക്കുന്നത് മനുഷ്യർ പ്രാപിക്കാൻ പോകുന്ന പറുദീസ (ഏദൻ തോട്ടം) ആണ്. കാരണാം ആദിയിൽ യഹോവ സൃഷ്ടിച്ച ഭൂമി പാർപ്പിനത്രേ സൃഷ്ട്ടിക്ക പ്പെട്ടത്.ശാശ്വത വാസത്തിനായിട്ടാണ് ഭൂമിയെ നിർമ്മിച്ചത്. യെശ.45:18, സങ്കീ.115:16, 78:69 അബ്രഹാം ലോകവകാശി ആയി തീരും എന്നത്രെ വാഗ്ദത്തം. റോമ.4:13, സങ്കീ.37:9,11,22,29. ദൈവം മനുഷ്യർക്കു വാഗ്ദത്തം ചെയ്തത് ഭൂമിയോ, സ്വർഗ്ഗമോ എന്നു വേദപുസ്തക ത്തിൽ നോക്കുക. ആദാം മുതൽ എല്ലാവരും ഭൂമിയിൽ ജീവിച്ചു മരിക്കുന്നു. ഇവിടെ അടക്കപ്പെടുന്നു. ആരും സ്വർഗ്ഗം പ്രാപിച്ചതായി ബൈബിളിൽ കാണുന്നില്ല. ക്രിസ്തുവല്ലാതെ മരിച്ചവരിൽ ആരും സ്വർഗ്ഗത്തിൽ പോയിട്ടില്ലാ എന്ന് യോഹ.3:13 ൽ പറയുന്നു. അബ്ര ഹാമിനും മക്കൾക്കും (യിസ്ഹാക്ക്, യാക്കോബ്, യാക്കോബിന്റെ മക്കൾ) ഉല്പ.13:14,15, 15:18, 22:17,18, 26:3–5, 28:3,4,13, 2 ശമു.7:1216, മത്താ.5:5, എബ്രാ.11:13, 39,40. സങ്കീ.37:9,11,29,34.

## 4.6.പരിശുദ്ധാത്മാവ്

ദൈവത്തിന്റെ ആത്മാവാണ് പരിശുദ്ധാത്മാവ്. പക്ഷേ ദൈവത്തിന്റെ ആത്മാവും പരിശുദ്ധാത്മാവും തമ്മിൽ എന്താണ് വ്യത്യാസം? ഉല്പ.1:2 മുതൽ ദൈവത്തിന്റെ ആത്മാവിനെ കാണാം. അത് ദൈവത്തിന്റെ ശക്തിയാണ്, ആവി, ചൈതന്യം എന്ന് ചില തർജ്ജമകളിൽ കാണാം. ആ ആത്മാവ് അല്ലെങ്കിൽ ശക്തിയാണ് പഴയനിയമത്തിലെ പല വ്യക്തികളിലും ആവസിച്ച് അത്ഭുതങ്ങൾ ചെയ്തത്. ആ ശക്തിയാണ് പുതിയനിയമത്തിൽ അപ്പൊസ്തലന്മാരിലും ശിഷ്യന്മാരിലും ആവസിച്ച് ആത്ഭുതങ്ങൾ അവരെക്കൊണ്ട് ചെയ്യിച്ചത്. സ്നാനത്തിനു ശേഷം ദൈവത്തിന്റെ പുത്രനായ ക്രിസ്തുവിന് ഈ ശക്തി തന്നെയാണ് അളവു കൂടാതെ ലഭിച്ചത്. പഴയ നിയമത്തിൽ ആത്മാവ് എന്ന പദമാണ് കാണുന്നത് ചുരുക്കം ചിലയിടത്ത് പരിശുദ്ധാത്മാവ് എന്ന പദം കാണാം. എന്നാൽ പുതിയ നിയമത്തിൽ പരിശുദ്ധാത്മാവ് എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് ദൈവത്തിന്റെ പ്രത്യേക ശക്തി പ്രത്യേക വ്യക്തികളിൽ പ്രത്യേക കാലഘട്ടത്തിലേക്കു മാത്രം പ്രത്യേക കാര്യത്തിനായി അയ്യക്കപ്പെടുന്ന വേർതിരിക്കപ്പെട്ട ശക്തി എന്നാണ്. പരിശുദ്ധ എന്ന പദം ബൈബിളിൽ വിശുദ്ധിയേക്കാൾ വേർതിരിക്കപ്പെട്ടത് (Holy means separated, Holy people = Seprated People, Holy Book (Bible) = Separated Book) എന്ന അർത്ഥത്തിലാണ് കാണുന്നത്. പരിശുദ്ധാത്മാവ് ദൈവമല്ല, ത്രിത്വത്തിൽ മൂന്നാമനായ വ്യക്തിയുമല്ല. ആളത്വം കൊടുത്ത് ബൈബിളിൽ കാര്യസ്ഥൻ, ആശ്വാസപ്രദൻ എന്നൊക്കെ ചിത്രീകരിച്ചിട്ടുണ്ട്. അത് ആത്മാവാണ് വ്യക്തിയല്ല. യോഹ.14:16,26. ദൈവത്തിന്റെ പ്രത്യേക ശക്തിയെ അല്ലെങ്കിൽ ദൈവത്തെത്തന്നെ കാണിക്കുകയാണ്. നല്ല ഒരു ഉദാഹരണവും തെളിവും അ.പ്ര.5:3–4 വാക്യങ്ങളിൽ കാണാം. പരിശുദ്ധാത്മാവിനോടു വ്യാജം കാണിച്ചു, ദൈവത്തോട് വ്യാജം കാണിച്ചു എന്ന് രേഖപ്പെടുത്തിയത് ശ്രദ്ധിക്കുക. ദൈവം സർവ്വജ്ഞാനിയാണ്. തന്റെ ആത്മാവിനാൽ അവൻ എല്ലാം അറിയുന്നു. അനന്യാസും സഫീറയും ദൈവശക്തിയെയാണ് നിന്ദിച്ചത്. പരിശുദ്ധാത്മാവിനെ അവർ മനസ്സിലാക്കിയില്ല. വാക്യം 9 ശ്രദ്ധിക്കുക. കർത്താവിന്റെ ആത്മാവിനെ പരീക്ഷിപ്പാൻ നിങ്ങൾ തമ്മിൽ ഒത്തത് എന്ത്? ആർക്കും തർക്കിക്കാൻ കഴിയാത്തവിധം കർത്താവിന്റെ ആത്മാവിനെ പരിശുദ്ധാത്മാവ് എന്ന് പത്രൊസ് പറഞ്ഞത് നമുക്കു വിശ്വസിക്കാം. ദൈവവും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധം ഇവിടെ വ്യക്തമാണ്. ഒന്നാം നൂറ്റാിൽ എന്നപോലെ ഇപ്പോൾ ഈ പ്രത്യേക ശക്തി ആരിലും പ്രവർത്തിക്കുന്നില്ല. ഇന്ന് മനുഷ്യർ പരിശുദ്ധാത്മാവിനെ



പ്രാപിച്ച അത്ഭുതങ്ങൾ ചെയ്യുന്നില്ല. ആത്മവരങ്ങൾ പ്രാപിച്ചു മരിച്ചവരെ ഉയർപ്പിക്കാനോ അഞ്ചപ്പംകൊണ്ട് അയ്യായിരങ്ങളെ പോഷിപ്പിക്കാനോ വെള്ളത്തെ വീഞ്ഞാക്കാനോ ഇന്ന് ആർക്കും കഴിയുന്നില്ല. എന്നാൽ അന്ത്യകാലത്ത് ആത്മാവിനെ പകരും. പഴയനിയമത്തിന്റെ അന്ത്യകാലത്ത് അതായത് പുതിയനിയമ യുഗത്തിന്റെ ആരംഭത്തിലും അവസാനത്തിലും അതായത് ക്രിസ്തുവിന്റെ വരവിങ്കലും ഒരു പുതിയ യുഗം (ആയിരമാു വാഴ്ച) ആരംഭിക്കുമ്പോഴും ഈ ആത്മപ്പകർച്ചനടക്കും. പ്രവചനം ഒരിക്കലും നടക്കാതിരിക്കുകയില്ല. പരിശുദ്ധാത്മാവിനെ പ്രാപിച്ച് എഴുതപ്പെട്ട ബൈബിളാണ് ഇന്ന് സത്യത്തിലും ആത്മാവിലും നമ്മെ വഴിനടത്തുന്ന കാര്യസ്ഥനായ പരിശുദ്ധാത്മാവ്. യോഹ.14:16 ഉം 26 ഉം വായിക്കുക. എന്നേക്കും നമ്മോടുകൂടെ ഇരിക്കാൻ തന്നിരിക്കുന്ന വചനം എന്ന കാര്യസ്ഥനാണ് ഇന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തുന്നത്. (യോഹ.16:8) ക്രിസ്തുവിനെക്കുറിച്ചു സാക്ഷ്യം പറയുന്നതും വചനമാണ് യോഹ.15:26. പ്രവചനവരം പ്രാപിച്ച് ആരെങ്കിലും ഇന്ന് ദൈവവചനത്തോട് എന്തെങ്കിലും കൂട്ടിച്ചേർത്താൽ അവൻ ശപിക്കപ്പെട്ടവനാകുന്നു. വെളി.22:18,19 ദൈവത്തിന്റെ ആത്മാവും പരിശുദ്ധാത്മാവും (Sprit of God, Holy Sprit) ദൈവത്തിന്റെ ശക്തിയാണെങ്കിലും അർത്ഥത്തിൽ അല്പം വ്യത്യാസമുന്നെ് മനസ്സിലാക്കുക.

## 4.7. മാലാഖമാർ

മാലാഖമാർ ദൈവത്തിന്റെ ആജ്ഞാനുവർത്തികളാണ്. അവർക്ക് ദൂതന്മാർ എന്ന തർജ്ജമ ബൈബിളിൽ കാണുന്നു. എന്നാൽ ദുതന്മാർ എന്നു കാണുന്ന എല്ലാ ഭാഗവും മാലാഖമാരെക്കുറിച്ചുള്ളതല്ല. ദൂതുമായി പോകുന്ന മനുഷ്യരും ദൂതന്മാരാണ്. എന്നാൽ ദൈവത്തിന്റെ ദൂതന്മാരായ മാലാഖമാരെപ്പറ്റി നാം ശരിയായി അറിഞ്ഞിരിക്കണം. ബൈബിളിൽ അവരുടെ സൃഷ്ടി വിവരം വിശദമായി കാണുന്നില്ല. എന്നാൽ അവർ ഏതിനുവേി സൃഷ്ടിക്കപ്പെട്ടു? ആരു സൃഷ്ടിച്ചു അവരുടെ ജോലി എന്താണ്? അവരുടെ സ്വഭാവം എന്താണ്? എന്നീ കാര്യങ്ങൾ വ്യക്തമായി ബൈബിളിൽ ഉ്. അവരെക്കുറിച്ച് ബൈബിളിൽ കാണുന്ന ഭാഗങ്ങൾ ദയവായി പിരശോധിക്കുക. സങ്കീ.148:1–5, 103:20,21. ആവരെ സൃഷ്ടിച്ചതു ദൈവമാണ്, അവർക്കു ദൈവത്തിന്റെ ആജ്ഞ അനുസരിക്കാൻ മാത്രമേ കഴിയു. എബ്ര.1:14, 2:9,16 വിശ്വാസികളുടെ രക്ഷയ്ക്കുവേി അയയ്ക്കപ്പെടുന്ന സേവകാത്മക്കളാണ് മാലാഖമാർ. അവർ ആത്മജീവികളാണ്. അവർക്ക് മനുഷ്യരൂപം എടുക്കുവാൻ കഴിയും. ഉല്പ

ത്തിയിൽ ദൈവം അബ്രഹാമിന് പ്രത്യക്ഷനായത് മാലാഖമാർ വഴിയാണ്. 18:1-ലെ മൂന്നു പുരഷന്മാർ മാലാഖമാരാണ്. 19:1 അതിൽ രു ദൂതന്മാർ (മാലാഖമാർ) സോദോമിൽ എത്തി.32:24 മുതൽ വായിച്ചാൽ വളരെ വ്യക്തമായി ഒരു കാര്യം മനസ്സിലാകും. ദൈവത്തിന്റെ ദൂതനോട് യാക്കോബ് മല്ല് പിടിച്ചു. ഉല്പ.32:24 ഉം, ഹോശ.12:3,4 ഉം വായിക്കുക. ദൈവത്തോടു പൊരുതി, ദൂതനോടു മല്ലു പിടിച്ചു. ദൈവദൂതന്മാരെ ദൈവം എന്ന് വിളിച്ചിട്ടു്. അവർ ദൈവങ്ങളാണ്. നല്ലൊരു ഉദാഹരണം എബ്രായ ലേഖനം 2:9. ദൂതന്മാരിലും അല്പം താഴ്ച വന്ന യേശു. സങ്കീ.8:5 ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി. യേശുവും ദൂതന്മാരും ദൈവത്തെ വെളിപ്പെടുത്തിയവരാണ്. ദൈവത്തിന്റെ അരുളപ്പാട് ലഭിച്ചവരാണ് അവർ. ദൈവത്തിന്റെ അരുളപ്പാട് ലഭിച്ചവരെ ദേവന്മാർ എന്നു വിളിക്കാം. (യോഹ.10:35) അവർ ദൈവങ്ങൾ തന്നെ. പക്ഷെ പിതാവാം ദൈവത്തിന് തുല്യരല്ല. പിതാവ് ഏകനും അത്യുന്നതനും സർവ്വശക്തനും ആണ്. ഇവിടെ മറ്റൊരു പ്രധാന വചനസത്യം അടങ്ങിയിരിക്കുന്നു. യേശു സൃഷ്ടിക്കപ്പെട്ടത് മർത്യനായിട്ടാണ്. മാലാഖമാർ അമർത്യരായിട്ടാണ് സൃഷ്ടിക്കപ്പെട്ടത്. അതാണ് യേശുവിന് അല്പം താഴ്ച വന്നവൻ എന്ന് പറഞ്ഞിരിക്കുന്നത്. എന്നാൽ ഉയിർത്തെഴുന്നേറ്റ യേശു അമർത്യതയെ പ്രാപിച്ചു. ദൂതന്മാരെക്കാൾ ഉന്നതപദവി പ്രാപിച്ചു ദൂതന്മാർ (മാലാഖമാർ) അമർത്യരാകയാൽ പാപം ചെയ്യുവാൻ കഴിയുന്നവരല്ല. മാലാഖമാർക്ക് പാപം ചെയ്യുവാൻ കഴിയുകയില്ല. ദൂതന്മാരെ സംരക്ഷണ ചെയ്യാനല്ല മനുഷ്യരെ സംരക്ഷണ ചെയ്യാനാണ് ക്രിസ്തുവന്നത്. (എബ്ര.2:16) ദൂതന്മാർ പാപം ചെയ്തു എന്ന് വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ലേ എന്ന് ചിലർ ചോദിച്ചേക്കാം. യൂദ.6, 2 പത്രൊസ് 2:4 എന്നീ ഭാഗങ്ങൾ മാലാഖമാരെപ്പറ്റിയോ എന്ന് വേദപുസ്തകം പരിശോധിച്ചറിയുക. പഴയനിയമത്തിൽ പുരോഹിതന്മാർ സഭയുടെ ദൂതന്മാരാണ് എന്ന് ബൈബിൾ പറയുന്നു. മലാ.2:7. 2 കൊരി.8:23 വായിച്ചാൽ അവിടെ മനുഷ്യരായ ദൂതന്മാരെയാണ് കാണുന്നത്. അവർ പാപസ്വഭാവം ഉള്ളവരുമാണ് എന്നുകാണാം. സംഖ്യ.16:1,2,7,10,18,19,31,32,33 വായിക്കുക. വാക്യം 38 പ്രത്യേകം ശ്രദ്ധിക്കുക. അതാണ് പത്രൊസ് ഉദ്ധരിക്കുന്നത്. പത്രൊസിന്റെ ലേഖനത്തിൽ (2 പത്രൊ.2:1 മുതൽ വായിക്കുക). ദുരുപദേഷ്ടാക്കന്മാർ ചിലരെ തെറ്റിച്ചു ശീഘ്രനാശം വരുത്തുന്നു. 4-ാം വാക്യം മുതൽ 8 വരെ, 4 സംഭവങ്ങൾ പഴയനിയമത്തിൽ നടന്നത് ഉദ്ധരിക്കുകയാണ്. മോശെയോടു മത്സരിച്ചവർ സംഖ്യ.16, നോഹയുടെ കാലത്ത് നശിച്ചവർ, സോദോം ഗോമോറ, ലോകത്തിനെ വിടുവിച്ചത് ഈ സംഭവങ്ങളാണ് ഇവിടെ കാണുന്നത്. ഇതു മനസ്സിലാക്കാതെ പാരമ്പര്യമായി



ക്രിസ്തീയ സഭകളിൽ ഭൂരിപക്ഷവും മാലാഖമാർ പാപം ചെയ്തു എന്നും അവരെ തള്ളിക്കളഞ്ഞു എന്നും ലൂസിഫറും കൂട്ടരുമാണ് അതെന്നും നുണപറയുകയാണ്. ലൂസിഫർ എന്ന കഥാപാത്രം മലയാള ബൈബിളിൽ ഇല്ല. അരുണോദയ പുത്രനായ ശുക്രൻ (യെശ.14) ഒരു നക്ഷത്രമാണ്. ബാബേൽ രാജാവിനെ ശുക്രനക്ഷത്രത്തോട് സാദൃശ്യപ്പെടുത്തുകയാണ്. ഒരു പിശാചിനെ പഴയനിയമത്തിൽ കാണിക്കാൻ ആർക്കും സാധ്യമല്ല. ദൂതൻ പാപം ചെയ്തു പിശാച് ഉായതാണെങ്കിൽ ആ ദൂതനെ പാപത്തിന് പ്രേരിപ്പിച്ച മറ്റൊരു വ്യക്തി കാണുമല്ലോ അതാരാണ്? അവനെ സൃഷ്ടിച്ചത് ആര്? സകലത്തിന്റെയും സ്രഷ്ടാവ് ദൈവം ആണെല്ലോ. ദൈം ഒരിക്കലും പിശാചിനെ സൃഷ്ടിച്ചിട്ടില്ല. ഇതിന്റെ ഉത്തരം സാത്താൻ, പിശാച്, ഭൂതം, എന്ന തലക്കെട്ടിൽ (പേജ് 33) കൊടുത്തിട്ടു്. കാറ്റിനെയും അഗ്നിജ്വാലയേയും ദൈവം ദൂതന്മാരാക്കുന്നു് സങ്കീ.104:4 ചുരുക്കത്തിൽ ദൂതൻ എന്ന പദം ബൈബിളിൽ കാൽ ഉടൻ അത് ദൈവത്തിന്റെ മാലാഖ മാത്രമാണെന്ന് ചിന്തിക്കരുത്. മനുഷ്യരായ ദൂതന്മാർ പാപം ചെയ്യും. മാലാഖമാരായ ദൂതന്മാർ പാപം ചെയ്യുകയില്ല. ഈ ആശയത്തിനെതിരായി ഒരൊറ്റ വാക്യവും ബൈബിളിൽ നിന്ന് വായിക്കുവാൻ സാധിക്കുകയില്ല.

## 4.8 മനുഷ്യൻ

അടുത്തതായി മനുഷ്യനെപ്പറ്റി ചിന്തക്കാം. മനുഷ്യന്റെ സൃഷ്ടിയെപ്പറ്റി ഉല്പ.2:7ൽ പറഞ്ഞിട്ടു് നിലത്തിലെ പൊടികൊു ശരീരം നിർമ്മിച്ചിട്ട് ആ ശരീരത്തിൽ ജീവ ശ്വാസം ഊതിക്കൊടുത്തു. ശ്വാസം തിരച്ചെടുത്താൽ നിർജ്ജീവ ശരീരം മാത്രം ശേഷിക്കും. ഈ രു ഘടകങ്ങളല്ലാതെ മൂന്നാമത് ഒരു ഘടകം മനുഷ്യനു കൊടുത്തതായി ബൈബിളിൽ കാണുന്നില്ല. മരിക്കാത്ത ഒരാത്മാവ് മനുഷ്യനു കൊടുത്തു എന്ന പഠിപ്പിക്കൽ വേദവിപരീതമാണ്. ജീവൻ, ശ്വാസം, പ്രാണൻ, ആത്മാവ്, കാറ്റ് ഇത്യാദി പദങ്ങൾ തർജ്ജമകളായി വന്നിട്ടു്. അതൊക്കെ അമർത്യമായ ഒരു വ്യക്തിയോ ഘടകമോ അല്ല. ഒരു മനുഷ്യൻ മരിക്കുമ്പോൾ സംഭവിക്കുന്നതെന്താണ് സങ്കീ.146:4-ൽ ഉ്. മരിച്ചു കഴിഞ്ഞാൽ അറിയുകയോ പ്രവർത്തിക്കുകയോ തുടർന്നു ജീവിക്കുകയോ ചെയ്യുന്ന ഒരു ഘടകം മനുഷ്യനില്ല. സങ്കീ.104:29,30 നോക്കുക. ആത്മാവിന്റെ നിത്യദണ്ഡനം മരണമാണ്. ജീവൻ നമ്മെ വിട്ടാൽ നാം അവസാനിച്ചു. വീും ജീവൻ കിട്ടുന്നില്ലെങ്കിൽ അതോടെ അവസാനിച്ചു. പിന്നെ (ക്രിസ്തുവിന്റെ വരവിൽ) ജീവൻ കിട്ടിയാൽ ജീവിക്കും. ആ ജീവൻ നിത്യ ജീവനായിത്തീരാൻ ദൈവം അനുവദിച്ചാൽ പിന്നെ

ഒരിക്കലും മരിക്കുകയില്ല. ഇതാണ് മനുഷ്യന്റെ അവസ്ഥ. പക്ഷേ വിവിധ സഭകൾ പഠിപ്പിക്കുന്നത് മനുഷ്യന്റെ ശരീരം നശിച്ചാലും ആത്മാവ് നശിക്കുന്നില്ല എന്നാണ്. അത് വേദവിപരീതമാണ്. ഇയ്യോ.33:4, 34:14,16. വിവേകമുണ്ടെങ്കിൽ കേട്ടുകൊൾക. സഭാ.3:19 ,21, 9:5,6,10. എന്നാൽ 12,7 വായിക്കുമ്പോൾ സംശയം തോന്നാം. അവിടെ ആത്മാവ് എന്ന വാക്ക് റൂവാക്ക് RUWACH എന്ന എബ്രയ വാക്കിന്റെ തർജ്ജമയാണ്. അതേ പദം തന്നെ ജീവൻ, ശ്വാസം, പ്രാണൻ, വായു എന്നൊക്കെ തർജ്ജമ ചെയ്തിട്ടു്. 3:19-ലെ ശ്വാസവും 21-ലെ മൃഗത്തിന്റെ ആത്മാവും മനുഷ്യന്റെ ആത്മാവും എല്ലാം ഒന്നുതന്നെ. മൃഗത്തിന് ആത്മാവു് എന്നു ബൈബിളിൽ പറയുന്ന വാക്യം 21 പ്രത്യേകം ശ്രദ്ധിക്കുക. അവിടെ ജീവൻ ശ്വാസം എന്നു മാത്രമേ അർത്ഥമുള്ളു. ജീവശ്വാസം മനുഷ്യനും മൃഗത്തിനും ഒന്നുതന്നെ എന്ന് 19-ാം വാക്യം പറയുന്നു. കേവലം ഉറച്ചു നിന്നാൽ ഒരു ശ്വാസം മാത്രം. മനുഷ്യാ നീ പൊടിയാകുന്നു എന്നീ ബൈബിൾ വാക്യങ്ങൾ തെറ്റാകുമോ? നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടി ദൈവത്തിൽ മറഞ്ഞിരിക്കുന്നു (കൊലൊ.3:3,4) ക്രസ്തു വെളിപ്പെടുമ്പോൾ നിങ്ങളും ജീവൻ പ്രാപിച്ച് വെളിപ്പെടും. ഇത് ഒരു ആത്മിക പ്രക്രിയ ആണെന്ന് കൊലൊ. 2:12. 3:1-4 എന്നീ ഭാഗങ്ങൾ വായിച്ചാൽ കാണാം ഇത് ഒരു വ്യക്തി മരിക്കുമ്പൾ നടക്കുന്ന കാര്യമല്ല. സ്നാനത്തിൽ നടക്കുന്ന കാര്യമാണ്. ജീവനെക്കുറിച്ച് യാക്കോബ് പറയുന്നത് എന്താണ്? യാക്കൊ.4:14. ജീവൻ ആവിയാണ്. യേശു ക്രൂശിൽ കിടന്നുകൊ് ജീവനെ, പ്രാണനെ, ആത്മാവിനെ പിതാവിന്റെ തൃക്കൈകളിൽ ഏൽപ്പിച്ചുവല്ലോ. ആ ഘടകങ്ങൾ എല്ലാം ഒന്നുതന്നെ എന്നു ബൈബിളിൽ പരിശോധിച്ചാൽ മനസ്സിലാകും. ചുരുക്കത്തിൽ ദേഹവും ദേഹിയും ആത്മാവും എന്ന ധാരണ തെറ്റായി ധരിക്കരുത്. ദേഹം ശരീരവും ദേഹി ജീവനോടുകൂടിയ ശരീരവും ആത്മാവ് ജീവനുമാണെന്നു മനസ്സിലാക്കിയാൽ ബൈബിൾ സത്യം ഗ്രഹിച്ചു എന്നു കരുതാം മനുഷ്യൻ മർത്യനാണ്, ദൈവം മാത്രമേ അമർത്യനായുള്ളു അമർത്യത ദൈവം തരുന്നതാണ്, മാലാഖമാർക്ക് ജന്മനാ അത് ലഭിച്ചു. മനുഷ്യർക്ക് പുനരുത്ഥാനത്തിലേ അത് ലഭിക്കു. ന്യായവിധിക്കുശേഷം ക്രിസ്തു അത് അർഹതയുള്ളവർക്കു കൊടുക്കുന്നു. അത് കിട്ടുന്നവർ ദൂത തുല്യരും ദൈവ പുത്രന്മാരും വാഗ്ദത്തത്തിന് അവകാശികളും ആകും. ലൂക്കൊ.20:36.

എദനിൽ സൃഷ്ടിക്കപ്പെട്ട ഒന്നാം മനുഷ്യൻ ആദാം ദൈവത്താൽ പരിശോധിക്കപ്പെട്ടു, അഥവാ പരീക്ഷിക്കപ്പെട്ടു. നന്മയും തിന്മയും അവന്റെ മുമ്പിൽ ദൈവം വെച്ചു. രിനെക്കുറിച്ചുള്ള അറിവും



കൊടുത്തു. മനുഷ്യന്റെ സ്വതന്ത്രബുദ്ധിക്ക് രും യഥേഷ്ടം സ്വീകരിക്കാൻ അവസരം കൊടുത്തു. തിന്നാൽ മരിക്കും തിന്നില്ലെങ്കിൽ നിത്യമായി ജീവക്കും. ജീവനും മരണവും അനുഗ്രഹവും ശാപവും ദൈവം അവന്റെ മുമ്പിൽ വച്ചു. അവൻ മരണത്തെ എടുത്തു. പാപത്തിന്റെ ഫലമായ മരണം അവനെ പിടികൂടി. ആദാം മരിച്ചപ്പോൾ ആദാമിന്റെ ആത്മാവ് മരിച്ചില്ല എന്ന് ബൈബിളിൽ ഒരിടത്തും പറയുന്നില്ല. ക്രിസ്തുവിന്റെ ആത്മാവ് മരിച്ചില്ല എന്ന് ബൈബിളിൽ ഒരിടത്തും പറയുന്നില്ല. ക്രിസ്തുവിന്റെ രാം വരവിൽ നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ ചിലർ നിത്യജീവനായും ചിലർ നിത്യലജ്ജയ്ക്കായും ഉണരും. ചിലരോ ഒരിക്കലും ഉണരുകയില്ല. ഈ ഖണ്ഡികയിലെ ആശയം ഉൾക്കൊള്ളുന്ന വേദഭാഗങ്ങൾ എഴുതുന്നു. ദയവായി പരിശോധിക്കുക. ഉല്പ.3:1-19, ആവ.11:26-28, 30:1,15,19. യെശ.45:7, ദാനി.12:2, യെശ.26:14,19, യിരെ.51:39,57,64.

ഒന്നുകിൽ മനുഷ്യന് നിത്യനാശം (പിന്നെ ഒന്നുമില്ല, ശൂന്യത) അല്ലങ്കിൽ നിത്യജീവൻ. അതാണ് മനുഷ്യന് ദൈവം വെച്ചിരിക്കുന്നത്. റോമ.6:16 ഒന്നുകിൽ മരണത്തിനായി..... വാക്യം 21,22,23 വായിക്കുക. മരണമോ ജീവനോ ഏതും തെരഞ്ഞെടുക്കാം. പക്ഷേ ദൈവത്തിന്റെ പദ്ധതി യോഹ.3:16 ആണ്. ആദാമിൽ നിന്നും പൈതൃകമായി നാം പ്രാപിച്ചിരിക്കുന്നത് മർത്യതയും ക്രിസ്തുമൂലം പ്രാപിക്കേത്. അമർത്യതയുമാകുന്നു. മൂക്കിൽ ജീവശ്വാസമുള്ള സകലജഡങ്ങളും മർത്യരാണ്. മനുഷ്യനും മൃഗത്തിനും ആ കാര്യത്തിൽ വ്യത്യാസമില്ല. സഭാ.3:19. എല്ലാം പൊടിയിലേക്ക് മടങ്ങും. ഇനി ഇയ്യോ.14:10-13 മനസ്സിരുത്തി വായിച്ചുനോക്കുക. പുരുഷൻ മരിച്ചാൽ ക്രിസ്തു വരുന്നതുവരെ ജീവിക്കുന്നില്ല. ഒരു അവധി വെച്ച് എന്നെ ഓർക്കണേ എന്ന് പറയുകയാണ്. മോശയുടെ പ്രാർത്ഥന ശ്രദ്ധിക്കുക. 90-ാം സങ്കീർത്തനം വാക്യം 3. കാഹളം കേൾക്കുമ്പോൾ ഇവിടെ കയറിവരിക എന്ന ശബ്ദം കേട്ട് ഉണർന്നുവരുന്ന വിശുദ്ധന്മാരുടെ ചിത്രം എത്ര പ്രത്യാശാജനകമാണ്. ഈ ശബ്ദം കേൾക്കുന്നതു വരെ കല്ലറയിലുള്ളവർ നിദ്രയിലാണ്. ര് മനോഹരമായ ചോദ്യങ്ങൾ ആ അദ്ധ്യായത്തിന് മുമ്പു്. നോക്കുക സങ്കീ. 89:48. ആത്മാവിന്റെ ശാന്തിക്കു വേ് പ്രാർത്ഥിക്കുന്നവരും കർമ്മങ്ങൾ ചെയ്യുന്നവരും ഈ ബൈബിൾ സത്യം അറിഞ്ഞിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു അമർത്യമായ ആത്മവിനെക്കൊ് ജീവിക്കുന്നവരാണ് പുരോഹിതന്മാരിൽ ഭൂരിപക്ഷവും. അസത്യത്തിലുള്ള ആരാധനയെ ദൈവം വെറുക്കുന്നു. സദൃ.28:9, യോഹ.4:23.

## 4.9 വാഗ്ദത്തങ്ങൾ

ദൈവം മനുഷ്യവർഗ്ഗത്തിന് കാലാകാലങ്ങളിൽ നൽകിയ വാഗ്ദത്തങ്ങളെക്കുറിച്ചും അവ പ്രാപിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും സ്നാനത്തിനു മുമ്പായി അറിഞ്ഞിരിക്കണം.

വേദപുസ്തകത്തിൽ ആദ്യമായി കാണുന്ന വാഗ്ദത്തം ഉല്പ.3:15 ആണ് സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലതകർക്കും. ക്രിസ്തു കാൽവറിയിൽ തന്റെ ജഡത്തെ (പാപത്തെ) തകർത്ത് അമർത്യത പ്രാപിച്ചു. എങ്കിലും ക്രിസ്തുവിലാകാനുള്ള തന്റെ ജനം അമർത്യത പ്രാപിച്ചിട്ടില്ല. യേശുവിന്റെ രാംവരവിൽ ജനം അമർത്യത പ്രാപിക്കുമ്പോൾ അവരും സർപ്പത്തിന്റെ തലയെ തകർത്തവരാകും ഈ വാഗ്ദത്തം യേശുവിന്റെ വരവിൽ നിവൃത്തിയാകും. ജനങ്ങളുടെ പാപങ്ങളിൽ നിന്ന് അവരെ രക്ഷിപ്പാനിരിക്കകൊ് അവന് യേശു എന്ന് പേരിടേണം എന്ന് മറിയയോട് പറഞ്ഞ വാക്കുകൾ ഓർക്കുക. മത്താ.1:21. ക്രിസ്തുവാണ് പിതാവിന്റെ ഏറ്റവും വലിയ വാഗ്ദത്തം. പിതാവിന്റെ സ്നേഹം എത്ര വലുതായിരിരുന്നു. യോഹ.3:16. ക്രിസ്തുവിലൂടെ മാത്രം പ്രാപിക്കാവുന്ന വാഗ്ദത്തങ്ങളുടെ വിശദീകരണം ഉല്പത്തി മുതൽ വെളിപ്പാട് വരെ അനുക്രമമായി വിവരിക്കുന്നു. ക്രിസ്തു പാപത്തേയും മരണത്തെയും ജയിച്ച്-സർപ്പത്തിന്റെ തല തകർത്ത്-നിത്യജീവൻ മനുഷ്യർക്ക് പ്രാപിക്കാനുള്ള മാർഗ്ഗം വെട്ടിത്തുറന്നു. ആദാമിന്റെ പാപം മറയ്ക്കാൻ (മൃഗത്തെ കൊന്ന്) തോൽകൊ് ഉടുപ്പുാക്കി ധരിപ്പിച്ചു എന്ന് ഉല്പ.3:21-ൽ കാണുന്നു. ക്രിസ്തു എന്ന കുഞ്ഞാടിന്റെ യാഗുവും അതിലൂടെ മനുഷ്യവർഗ്ഗത്തിന്റെ മോചനവും അന്നേ രേഖപ്പെടുത്തി. മോറിയാ മലയിൽ അബ്രഹാം നടത്തിയ യിസ്ഹാക്കിന്റെ യാഗവും ദൈവം അതേ മലയിൽ (കാൽവറിയിൽ) നടത്തിയ തന്റെ പുത്രനായ ക്രിസ്തുവിന്റെ യാഗവും നിഴലും പൊരുളുമായി അങ്ങനെ നിൽക്കുന്നു.

വിശ്വാസികളുടെ പിതാവായ അബ്രഹാമിനെ വിളിച്ചു ദൈവം കൊടുത്ത വാഗ്ദത്തം ഉല്പ.13:14, യിസ്ഹാക്കിനു കൊടുത്ത വാഗ്ദത്തം ഉല്പ.26:2-5, യാക്കോബിനു കൊടുത്തത് 28:3-4,13,14, ദാവീദിനു ലഭിച്ച വാഗ്ദത്തം 2ശമു.7:12-14 എന്നീ ഭാഗങ്ങൾ വായിച്ചു മനസ്സിലാക്കുക. അവർക്കെല്ലാം ലഭിച്ച വാഗ്ദത്തം ഭൂമിയിലുള്ള നിത്യജീവനും ശാശ്വതാവകാശവുമാണ്. 1യോഹ.2:25. അബ്രഹാമിനും സന്തതിക്കും വാഗ്ദത്തം ചെയ്യപ്പട്ടത് ജാതികൾക്കു ലഭിക്കുന്നത് എങ്ങനെയാണ്? ഗലാ.3:26-29, യെശ.9:6,7, അ.പ്ര.2:38-42,



ലൂക്കൊ.1:30-33, റോമ.8:17, ഗലാ.3:8,9,14. മുതലായ വേദഭാഗങ്ങളിലൂടെ അത് മനസ്സിലാക്കാം. ഭൂമിയിൽ ലഭിക്കാൻ പോകുന്ന നിത്യജീവനാണ് ദൈവരാജ്യത്തിന്റെ അനുഭവം. ദൈവരാജ്യം സമീപിച്ചുകൊിരിക്കുകയാണ്. നിന്റെ രാജ്യം വരേണമേ എന്നു പ്രാർത്ഥിക്കാനാണ് ക്രിസ്തു നമ്മെ പഠിപ്പിച്ചിരിക്കുന്നത്. ദൈവരാജ്യവും സ്വർഗ്ഗരാജ്യവും ഒന്നുതന്നെയാണെന്ന് മത്താ.19:23-24 വായിച്ചാൽ കാണാം. പുതിയ ആകാശവും പുതിയ ഭൂമിയും എന്ന യരുശലേം മണവാട്ടിയെപ്പോലെ വരുന്നതും വെളി.21-ന്റെ ആദ്യഭാഗത്തു ചിത്രീകരിച്ചിരിക്കുന്നതു നോക്കുക. വെളി.3:12, 11:15 കൂടി വായിക്കുക. പുർവ്വകാലത്ത് നിലനിന്നിരുന്ന ദൈവരാജ്യത്തിന് സംഭവിച്ചത് എന്തെന്നറിയുവാൻ യെഹ.21:27 വായിക്കുക. അതിന് അവകാശമുള്ളവൻ ക്രിസ്തുവാണ്. 1948-ൽ യിസ്രയേൽ രാഷ്ട്രം സ്ഥാപിച്ച് ഭരണം തുടങ്ങിയെങ്കിലും രാജസിംഹാസനം ഇന്നും ഒഴിഞ്ഞു കിടക്കുകയാണ്. യിസ്രയേലിൽ ഇന്നും രാജാവില്ല. യേശുക്രിസ്തു യരുശലേമിൽ രാജാവായി വാഴും. യരുശലേം മഹാരാജാവിന്റെ നഗരം എന്ന് മത്താ.5:35 പറയുന്നു.

### ക്രിസ്തു വരുമ്പോൾ സംഭവിക്കുന്ന പ്രധാന കാര്യങ്ങൾ

1. ഉയിർത്തെഴുന്നേല്പ്.
2. ന്യായവിധി.
3. വിശുദ്ധരുടെ (തെരഞ്ഞെടുക്കപ്പെടുന്നവരുടെ) സമാഗമനം.
4. രാഷ്ട്രങ്ങളെയെല്ലാം കീഴ്പ്പടുത്തൽ
5. പിതാവാം ദൈവം സകലത്തിലും സകലവും ആയിത്തീരും
6. യേശുക്രിസ്തുവും സഹോദരങ്ങളും പിതാവിനു കീഴ്പ്പെട്ടു പ്രജകളായി നിത്യമായി ജീവിക്കും. സഹസ്രാബ്ദവാഴ്ചകൊ് ഇതെല്ലാം പൂർത്തിയായി നിത്യതയിലേക്കു ലോകം പ്രവേശിക്കും. ഈ നിത്യജീവനാണ് ദൈവം മനുഷ്യർക്ക് കൊടുത്തിരിക്കുന്ന പ്രത്യാശയും വാഗ്ദത്തവും.

# 5. ദുരുപദേശങ്ങളെ സൂക്ഷിക്കുക

ഇന്നു കാണുന്ന വിവിധ സഭകളുടെ തെറ്റായ പഠിപ്പിക്കലുകളെ പരീശന്മാരുടെ പുളിച്ച മാവ് എന്ന് യേശുക്രിസ്തുവിന്റെ കാലത്ത് പറഞ്ഞത്) സൂക്ഷിച്ചുകൊള്ളണം. മത്താ.16:11. ദുരുപദേശങ്ങളെ വിവേചിച്ചറിഞ്ഞ് ഉപേക്ഷിച്ചുകൊള്ളണം. അവയിൽ ഏറ്റവും പ്രധാനമായി ശ്രദ്ധിക്കേ ചില കാര്യങ്ങൾക്കുടി താഴെപ്പറയുന്നു.

## 5.1 ത്രിത്വം

ഈ പദമോ, ഈ അർത്ഥം വരുന്ന പദങ്ങളോ വേദപുസ്തകത്തിൽ ഇല്ല. യേശു ദൈവമാണെന്നു യേശുവിന്റെ മാതാവ് ദൈവമാതാവാണെന്നും തെറ്റിദ്ധരിപ്പിച്ച് യഥാർത്ഥ ദൈവത്തോടു പ്രാർത്ഥിക്കുന്നതിനു പകരം അന്യദൈവങ്ങളെ പ്രാർത്ഥിക്കുവാൻ ഇടയാകേതിന് ജനങ്ങളെ തെറ്റിച്ചുകളയുന്ന ഒരു ഉപദേശമാണ് ത്രിത്വോപദേശം. പരിശുദ്ധാത്മാവ് ഉയരത്തിൽ നിന്നുള്ള ദൈവത്തിന്റെ ശക്തിയായിരിക്കെ അതിനെ ഒരു വ്യക്തിയാക്കി മൂന്നാമതൊരു ദൈവത്തെ സൃഷ്ടിച്ച് ദൈവം ത്രിയേകനാണെന്നും ത്രിത്വത്തിൽ ഏകത്വവും ഏകത്വത്തിൽ ത്രിത്വവും ഉന്ന് പഠിപ്പിക്കുകയും ആണ് ഇന്നു ബഹുഭൂരിപക്ഷം സഭകളും ചെയ്യുന്നത് ഏകസത്യദൈവത്തെയും ആ ദൈവം അയച്ച യേശുവിനേയും അറിയുന്നവർക്കേ നിത്യജീവനുള്ളു. പിതാവും പുത്രനും രു വ്യക്തികളാണ്. അവർ ഒന്നല്ല. പക്ഷെ ഐക്യതയിൽ, പ്രവൃത്തികളിൽ, ലക്ഷ്യങ്ങളിൽ അവർ ഒന്നാണ്, പിതാവുള്ളപ്പോൾ മുതൽ പുത്രൻ ഇല്ല. വേദപുസ്തകം മുഴുവൻ പറയുന്നത് പിതാവ് ഏകദൈവവും യേശു ദൈവപുത്രനും ആകുന്നു എന്നാണ്. ത്രിത്വം തെളിയിക്കുന്ന ഒരു വാക്യവും വേദപുസ്തകത്തിൽ വായക്കുവാൻ സാധ്യമല്ല. ദൈവം ഏകനാണ് ത്രീയേകനല്ല എന്നു ബൈബിൾ പറയുന്ന ചില ഭാഗങ്ങൾ ശ്രദ്ധിക്കുക. ആവ.6:4, യെശ.40:28, 43:10,11, 44:6,8,24, 45:5,6, മർക്കൊ.12:29, 1 കൊരി.8:4–6, യോഹ.17:3. പൌലൊസിന്റെ എല്ലാ ലേഖനങ്ങളുടെയും ആരംഭത്തിൽ പിതാവിൽ നിന്നും പുത്രനിൽ നിന്നും കൃപയും സമാധാനവും ആശംസിക്കുന്നതായി കാണാം. കൊലൊ.1:1,5. പിതാവിനെക്കുറിച്ച് ബൈബിൾ പറയുന്നത്, പിതാവാം ദൈവം ക്രിസ്തുവിന്റെ ദൈവവും പിതാവും എന്നാണ്. ആ ദൈവം നമ്മുടെയും പിതാവും ദൈവവുമാണ്. അപ്പോൾ ക്രിസ്തു നമ്മുടെ പിതാവോ ദൈവമോ അല്ല പിന്നെയോ സഹോദരനാണ്. ക്രിസ്തുവിൽ വിശ്വസ്ത സഹോദരങ്ങൾക്കാണ് പൌലൊസ് ലേഖനങ്ങൾ എഴുതി അയച്ചത്. കൊലൊ.1:1.

എന്നാൽ ദൈവം എന്ന നാമം പിതാവിന് മാത്രമല്ല പലർക്കും ഉ്. അവരൊക്കെ ദൈവത്തിന്റെ പ്രതിപുരുഷന്മാരായി നിന്നുകൊ് ദൈവത്തെപ്പോലെ പ്രവർത്തിക്കുന്നതായി കാണാം. അവരെ ദൈവങ്ങൾ എന്നു വിളിക്കാം ചില ഉദാഹരണങ്ങൾ ബൈബിളിൽ നിന്നു നോക്കാം. 1കൊരി.8:4. ഏകദൈവമല്ലാതെ ദൈവമില്ല. പല ദേവന്മാരും (ദൈവങ്ങളും Gods) പല കർത്താക്കന്മാരും (Lords) ഉ് എന്ന് പറയുന്നുവല്ലോ. ഈ വാക്യം ശരിയാണോ, ശരിയാണെങ്കിൽ പല ദൈവങ്ങളും പല കർത്താക്കന്മാരും ഉ്. അവർ ആരാണെന്ന് വേദപുസ്തകത്തിൽ നിന്നും പറയണം. ദൈവം എന്നു വിളിക്കപ്പെടുന്നവർ 1. മോശെ. പുറ.7:1 ഫറവോന് മോശ ദൈവമാണ്. 4:16–ൽ അഹരോന് മോശെ ദൈവമാണ്. 11:4–ൽ സംഹാരദൂതൻ അർദ്ധരാത്രിയിൽ മിസ്രയീമിന്റെ നടുവിൽക്കൂടി കടന്നുപോയി ആ ദൂതനെ ദൈവമായിട്ടാണ് പറയുന്നത് (പുറ.11:4) 21:6–ൽ ദൈവസന്നിധി ന്യായാധിപന്മാരുടെ സന്നിതിയാണ്. അവിടെ ന്യായധിപന്മാർ ദൈവങ്ങളാണ്. സങ്കീ.8:1,6.വായിക്കുക. ദൈവം തന്റെ നാമം ഒരു ദൂതനിൽവെച്ച് ആ ദൂതനെ യിസ്രയേലിനു മുൻപായി അയയ്ക്കുന്ന (പുറ.23:20) ലേവ്യ.12:7ൽ യഹോവയുടെ സന്നിധി പുരോഹിതന്റെ സന്നിധിയാണ്. സങ്കീ.135:5, ആവ.19:17. എന്നിവ ഈ ആശയം കാണിക്കുന്ന നല്ല വേദഭാഗങ്ങളാണ്. ന്യായാ.13:17 മുതൽ വായിക്കുക. ദൂതനെ കവർ ദൈവത്ത കു. ദൈവത്തെ ക തുകൊ് നാം മരിച്ചു പോകുമെന്ന് മനോഹ ഭാര്യയോടു പറഞ്ഞു (വാക്യം 22) എന്നെ കവൻ എന്റെ പിതാവിനെ കു എന്ന് ക്രിസ്തു പറഞ്ഞത് ഓർക്കുക. പ്രവാചകൻ ദൈവം എന്നു കരുതപ്പെട്ടിരുന്നു എന്ന് 1ശമു.9:9–ൽ വായിക്കുന്നു. ദൈവത്തിന്റെ അരുളപ്പാടു ലഭിച്ചവരെ ദൈവങ്ങൾ എന്നു വിളിക്കാം. യോഹ.10:30,36, സങ്കി.82:1,6, ഉല്പ.32:30, ഹോശ.12:4, എബ്ര.1:8,9, യോഹ.14:6–11. ഇങ്ങനെ പലരും ദൈവങ്ങൾ എന്നു വിളിക്കപ്പെടുന്നു എങ്കിലും നമുക്ക് പിതാവായ ഏക ദൈവമേ ഉള്ളു. 1കൊരി.8:6.

ഇനി പല കർത്താക്കന്മാരു് എന്ന് പൌലൊസ് പറയുന്നത് ഏത് അർത്ഥത്തിലാണ്. കർത്തൃത്വം ഉള്ളവർ കർത്താക്കന്മാർ ജോസഫ് ഫറവോന്റെ വീടിന് കർത്താവായി. സങ്കി.105:22. യാക്കോബ് കർത്താവാണ് ഉല്പ.27:29. ഇവിടെ കർത്താവ് എന്ന പദം പ്രഭു എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നത്. പുറ.2:14 ലും പ്രഭു എന്നാണ് കാണുന്നത്. കോടതികളിൽ ജഡ്ജിമാരെ ഇംഗ്ലീഷിൽ ലോഡ്സ് എന്നാണ് വിളിക്കുന്നത്. തർജ്ജമ കർത്തൃത്വം ഉള്ളവൻ, പ്രഭു എന്നൊക്കെയാണ്. യിസ്ഹാക്ക് യാക്കോബിനെ ഏശാവിനു കർത്താവാക്കി (പ്രഭു) വെച്ചുവെന്ന് ഉല്പ.27:37–ൽ കാണുന്നു. 32:18 വായിക്കുമ്പോൾ അവിടെ യജമാനൻ എന്നാണ് കർത്താവ് എന്നർത്ഥം വരുന്ന പദം തർജ്ജമ ചെയ്തിരിക്കുന്നത്. സാറാ അബ്രഹാമിനെ വിളിക്കുന്നതും ഇതേ പദം തന്നെയാണ്. ബൈബിൾ കൺകോഡൻസ് നോക്കിയാൽ ഈ പദം (കർത്താവ്) അനോകർക്കുവേി ഉപയോഗിച്ചിട്ടുള്ളതായി കാണാം. അങ്ങനെ പല കർത്താക്കന്മാരും ഉന്നെുവരികിലും യേശുക്രിസ്തുവിനെ ഏകർത്താവാക്കി വെച്ചിരിക്കുകയാണ്.

അപ്പോൾ ഏകദൈവം പിതാവും ഏക കർത്താവ് യേശുക്രിസ്തുവും ആകുന്നു എന്ന് പൌലോസ് നമ്മെ പഠിപ്പിക്കുന്നു. 1കൊരി.8:7 പ്രത്യേകം ശ്രദ്ധിക്കുക. അടിവരയിട്ടു ചിന്തിക്കുക. എന്നാൽ ഈ അറിവ് (ദൈവം ഏകൻ എന്ന അറിവ്) എല്ലാവരിലും ഇല്ല. അതേ! ബഹുഭൂരിപക്ഷം ക്രിസ്ത്യാനികളിലും ഇ അറിവ് ഇന്നില്ല എന്നത് എത്ര സത്യമായിരിക്കുന്നു. താങ്കൾക്ക് ഈ അറിവുണ്ടോ?.

ഇത്രയും പറഞ്ഞതിൽ നിന്നും മനസ്സിലാക്കേത് എന്താണ്? പിതാവാം ദൈവത്തെ നമുക്കു വെളിപ്പെടുത്തിത്തന്ന കാണപ്പെട്ട ദൈവമാണ് യേശു. ദൈവത്തിനു തുല്യനല്ല. പിതാവാം ദൈവത്തിന് സമനായി ആരുമില്ല. യിര.10:6, 49:19. 50:44, യെശ.46.:5,9, 45:6,21, പുറ.15:11 യഹോവയ്ക്ക് തുല്യനായി മറ്റൊരു ദൈവവുമില്ല. ദേവന്മാർ (ദൈവങ്ങൾ) എന്ന ബഹുവചനം പ്രത്യേകം ശ്രദ്ധിക്കുക. ഏക സത്യദൈവത്തിലും അവന്റെ പുത്രനായ ക്രിസ്തുവിലും വിശ്വസിക്കുക. യോഹ. 14:1 ത്രിത്വോപദേശം വേദവിപരീതമാണെന്നു കാണിക്കാൻ ഇത്രയും പറഞ്ഞുകൊ് അടുത്ത വിഷയത്തിലേക്ക് കടക്കാം. ഇതേക്കുറിച്ച് കൂടുതൽ തെളിവുകൾ വേണമെങ്കിൽ ഞങ്ങൾക്ക് എഴുതുക.

## 5.2 സാത്താൻ, പിശാച്, ഭൂതം

അനേകം ക്രിസ്ത്യാനികളെ-വിശ്വാസികളെതെറ്റിക്കുന്ന ഒരു വേദവിപരീതമാണ് പിശാച്, ഭൂതം, സാത്താൻ അശുദ്ധാത്മാക്കൾ എന്നിവയെക്കുറിച്ചുള്ള പഠിപ്പിക്കൽ, ഇവ അമാനുഷിക ശക്തിയുള്ള ആത്മരൂപികളാണെന്നും മാലാഖമാർ നിഗളിച്ചു പിശാചുക്കളായി ഭൂതലത്തെ തെറ്റിച്ചു കളയാൻ അദൃശ്യ ജീവികളായി ഭൂമിയിൽ സഞ്ചരിക്കുന്നുവെന്നും അവരുടെ പിടിയിൽ നിന്നു രക്ഷപെടാൻ ചില കർമ്മങ്ങൾ (ഉപവാസം, പ്രാർത്ഥന, നോമ്പ്, ചില കൂദാശകൾ) ചെയ്യണമെന്നും ഉപദേശിമാരോ, പുരോഹിതന്മാരോ ഇവയെ ഒഴിപ്പിച്ചു കളയുമെന്നുമൊക്കെ വിശ്വാസികളെ ധരിപ്പിച്ചു വെച്ചിരിക്കുകയാണ്. മിക്ക സഭകളും ഈ അന്ധവിശ്വാസത്തിന്റെ പ്രചാരകരാണ്. മേല്പറഞ്ഞ വിശ്വാസങ്ങൾക്ക് ബൈബിൾ ഒരു തരത്തിലും അടിസ്ഥാനമായി നിൽക്കുന്നില്ല. മറ്റൊരു അമാനുഷിക ശക്തിയെക്കുറിച്ച് ബൈബിൾ ഒന്നും പറയുന്നില്ല. ദൈവം മാത്രമാണ് അമാനുഷിക ശക്തി. പക്ഷേ പിശാച്, സാത്താൻ, ഭൂതം എന്നിവ ബൈബിളിൽ കാണുന്ന പദങ്ങൾ തന്നെ. എന്നാൽ ബൈബിളിൽ ഇവ എന്ത് എന്ന് കാണാൻ ശ്രമിക്കുക.



പിശാച് എന്ന പദം ബൈബിളിൽ എവിടെയാണ് ആദ്യം നാം കാണുന്നത് ഉത്തരം താങ്കൾക്ക് അറിയാമോ? അറിയാവുന്നവർ വളരെ വിരളമാണ്. പഴയനിയമത്തിൽ ആ പദം ഇല്ല. പുതിയനിയമത്തിലാണ് ഈ പദപ്രയോഗം ആദ്യമായി കാണുന്നത്. മത്താ.4:1 പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ... പരിക്ഷിക്കുന്നത് ദൈവത്തിന്റെ ആത്മാവാണ് പിശാചല്ല എന്ന് ആ വാക്യം ശ്രദ്ധിച്ചു വായിച്ചാൽ കാണാം. അതിന്റെ മൂലഭാഷ ഡയോബോളോസ് എന്നാണ്. പാപചിന്ത, ദുഷ്ട സ്വഭാവം, മനുഷ്യനിലെ പാപസ്വഭാവം എന്നാണ് ഗ്രീക്കു ഭാഷയിൽ ആ പദംകൊ് അർത്ഥമാക്കുന്നത്. ഡയോമോണിയൻ എന്ന ഗ്രീക്ക് പദത്തിന്റെയും തർജ്ജമ പിശാച് എന്നാണ്. അതിന്റെ അർത്ഥം രോഗം എന്നാണ്. അതുകൊ് ഈ സത്യം കത്തെുന്നവർക്ക് അറിയാം വേദപുസ്തകത്തിൽ പിശാച് എന്നുകാൽ ആ ഭാഗത്ത് പാപം, രോഗം, ദുഷ്ട മനുഷ്യൻ, ദുഷ്ടനായ പ്രതിയോഗി എന്നൊക്കെ മാത്രമേ അർത്ഥമായി മൂലഗ്രന്ഥകാരൻ ഉദ്ദേശിച്ചിട്ടുള്ളു എന്ന്. അമാനുഷിക ശക്തിയുള്ള ഒരു പിശാചിനെ ബൈബിളിൽ ഒരിടത്തും കാണാൻ സാധ്യമല്ല.

സാത്താൻ എന്ന പദം ബൈബിളിൽ എവിടെയാണ് ആദ്യം പ്രയോഗിച്ചിട്ടുള്ളത് എന്ന് നോക്കുക. ഉത്തരം താങ്കൾക്ക് അറിയാമോ? എബ്രായ ബൈബിളിൽ (അതാണല്ലോ മൂലഗ്രന്ഥം) സംഖ്യ.22:22-ലാണ് ഈ പദം ആദ്യമായി ഉപയോഗിച്ചിരിക്കുന്നത്. സാത്താൻ എന്ന പദം ഒരു എബ്രായപദം ആണെന്ന് ആദ്യം മനസ്സിലക്കുക. അത് തർജ്ജമ ചെയ്തും ചെയ്യാതെയും എല്ലാ ഭാഷക്കാരും ഉപയോഗിച്ചിട്ട്. മലയാള ബൈബിളിൽ പ്രതിയോഗി എന്നാണ് തർജ്ജമ. തർജ്ജമ ചെയ്യാതെ സാത്താൻ എന്ന പദം അതുപോലെ മലയാള ബൈബിളിൽ ഉപയോഗിച്ച ആദ്യ വേദഭാഗം 1 ദിന.21:1. ആണ്. ആ സാത്താൻ ആരാണെന്ന് അറിയുവാൻ അവിടെ പറഞ്ഞ സംഭവം തന്നെ 2ശമു.24:1-ൽ പറഞ്ഞിരിക്കുന്നതു നോക്കിയാൽ കാണാം. സ്വയം കുപിടിക്കുക. സംഖ്യ.22:22-ൽ ദൈവത്തിന്റെ ദൂതനും തർജ്ജമ ചെയ്യാത്ത ഭാഗത്ത് (1ദിന.21:1,2 2ശമു.24:1). ദൈവവും ആണ് അത്. സാത്താൻ എന്ന എബ്രയ പദത്തിന്റെ അർത്ഥം നോക്കുക. പ്രതിയോഗി, എതിരാളി എന്ന അർത്ഥമാണ് ആ പദത്തിനുള്ളത്. ഈ അർത്ഥം വെച്ചുകൊ് സാത്താൻ എന്ന പദം ബൈബിളിൽ ഉയാഗിച്ചിട്ടുള്ള സകല ഭാഗങ്ങളും എടുത്തുനോക്കുക. ദൈവമോ, ദൈവദൂതനോ, മനുഷ്യനോ മനുഷ്യന്റെയോ ദൈവത്തിന്റെയോ മനോഭാവമോ മാനസീകമോ ശാരീരികമോ ആയ രോഗങ്ങളോ ആയിരിക്കും അവിടെ നാം കാണുന്നത്. ഒരിടത്തുപോലും ഒരു അമാനു

ഷിക ഭീകര ജീവിയായോ, മനുഷ്യനെക്കൊ് പാപം ചെയ്യിക്കുന്ന ദുർ ശക്തിയായോ സാത്താനെ വേദപുസ്തകത്തിൽ കാണിക്കാൻ സാധ്യമല്ല. നേരേമറിച്ച് പ്രതിയോഗി, അതും നല്ല പ്രവൃത്തിചെയ്യുന്ന തിന്മയുടെ പ്രതിയോഗിയായ സാത്താനെ കാണാൻ സാധിക്കും. 1 തിമൊ.1:20, സംഖ്യ.22:22.

ഭൂതം, ദുർഭൂതം മുതലായവ രോഗങ്ങളാണ്. മാനസികമായോ, ശാരീരികമായോ ഉാകുന്ന രോഗത്തെ ഭൂതം എന്ന പദം കൊ് സൂചിപ്പിക്കുന്നു. ഭൂത ഗ്രസ്തനായ മനുഷ്യൻ ഭ്രാന്തനായിരുന്നു. രോഗ ത്മാവു ബാധിച്ച കൂനിയായ സ്ത്രീ സാത്താനാൽ 18 വർഷം ബന്ധി ക്കപ്പെട്ടവളായിരുന്നു. പനിയെ ശാസിച്ചു, പനി വിട്ടുമാറി എന്നൊക്കെ പറയുമ്പോൾ അത് രോഗം മാത്രമാണ്, ഒരു അമാനുഷിക വ്യക്തി യല്ല. ഇത്രയും കാര്യങ്ങളുടെ വസ്തുനിഷ്ഠമായ പഠനം താങ്കൾ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു ബൈബിൾ കൺകോഡൻസും ഇംഗ്ലീഷ് ബൈബിളും ഉപയോഗിച്ചു ഈ പദങ്ങൾ അപഗ്രഥിച്ചു നേക്കുക പരക്കെ വിശ്വസിക്കപ്പെടുന്ന പിശാചിനേയും സാത്താ നേയും താങ്കൾക്ക് ബൈബിളിൽ നിന്നു കാട്ടിത്തരാൻ സാധിക്കുമോ എന്നു നോക്കുക. ഏദനിൽ പിശാച് (സാത്താൻ പാമ്പിന്റെ വേഷ ത്തിൽ വന്നു എന്നു പഠിപ്പിക്കുന്നവർ ഒന്നു ചിന്തിച്ചു നോക്കുക. ആ പിശാചിനെ ആരു സൃഷ്ടിച്ചു എന്ന്. ഒരു കൂട്ടം മാലാഖമാർ തെറ്റി പിശാചായതാണെങ്കിൽ ആ മാലാഖമാരെ തെറ്റിച്ചത് ആരാ ണെന്ന് ബൈബിളിൽ കാണിച്ചുതരാമോ? പിശാച് സൃഷ്ടിയോ, സ്രഷ്ടാവോ, മർത്യനോ, അമർത്യനോ? ഉത്തരം ബൈബിളിൽ നിന്നു പറയാൻ ആർക്കെങ്കിലും കഴിയുമോ? (ഈ വിഷയത്തെക്കുറിച്ച് ഞങ്ങൾ ഒരു പുസ്തകം തന്നെ പ്രസിദ്ധീകരിച്ചിട്ടു്. ആവശ്യപ്പെ ട്ടാൽ സൗജന്യമായി അയച്ചുതരാം.)

പിശാചിനെ ഇറക്കിവിടാൻ കർമ്മങ്ങൾ നടത്തുന്ന മന്ത്രവാദിയും പിശാചിന്റെ ബാധയിൽ നിന്നു വിശ്വാസികളെ രക്ഷിക്കാൻ ഉപ വാസം ഉപദേശിക്കുന്ന ഉപദേശിയും കപട തന്ത്രങ്ങൾ കൊ് മനു ഷ്യരെ മുതലെടുക്കുകയാണ്. പിശാചില്ലെങ്കിൽ പലരുടെയും ഉപ ജീവനമാർഗ്ഗം അടഞ്ഞു പോകും യേശുക്രിസ്തു സാത്താന്റെ (പി ശാചിന്റെ) തല തകർത്തു എന്ന് ബൈബിളിൽ പറയുന്നുവല്ലോ. എന്നിട്ടും പിശാച് ഇന്നും ജീവനോടിരുന്നു പ്രവർത്തിക്കുന്നതെ ങ്ങനെ എന്ന് സഭാനേതാക്കന്മാർ പറഞ്ഞേ മതിയാവു. ഉല്പ.3:15. എബ്ര.2:14 എന്നീ ഭാഗങ്ങൾ വായിച്ചിട്ട് അമാനുഷിക ശക്തിയായി പിശാച് ഇന്നും ജീവിക്കുന്നു എന്നുപറയാൻ ആർക്കെങ്കിലും സാധി



ക്കുമോ? ക്രിസ്തു തന്റെ പാപസ്വഭാവത്തെയും മരണത്തെയും തകർത്തു ജയം പ്രാപിച്ചു. നാമും നമ്മുടെ പാപത്തെയും മരണ ത്തെയും ജയിക്കണം. ക്രിസ്തുവിലെ പിശാചും നമ്മിലെ പിശാചും എന്തെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാമല്ലോ. നമ്മുടെ പാപവും രോഗവും അതിന്റെ ശമ്പളമായ മരണവുമാണ് പിശാചും എന്നീ പദങ്ങൾകൊ് വേദപുസ്തകം അർത്ഥമാക്കുന്നത്. നന്മയും തിന്മയും ദൈവത്തിൽ നിന്നു പുറപ്പെടുന്നു. യെശ.45:5,7. അനുഗ്ര ഹവും ശാപവും മരണവും ജീവനും ദൈവം തരുന്നു. നന്മയുടെ ഉറവിടം ദൈവമെന്നും തിന്മയുടെ ഉറവിടം പിശാച്/സാത്താൻ എന്നുമുള്ള സങ്കല്പം വേദവിപരീതമാണ്. ജഡസ്വഭാവമായ പാപ ത്തിന്റെ പ്രതിരൂപാത്മകമായ പദമാണ് പിശാച് എന്നത്. അതു ദുഷ്ടത മാത്രമേ ചെയ്യു. പിശാച് ദുഷ്ടനായ എതിരാളിയെ കുറി ക്കുന്നു എന്നാൽ സാത്താൻ എന്ന പദം പ്രതിയോഗി എന്ന അർത്ഥ ത്തിലുള്ള പദമാണ്. ദുഷ്ടനായ പ്രതിയോഗിക്കും നല്ല പ്രതിയോ ഗിക്കും സാത്താൻ എന്ന പദം മതിയാകും. അതുകൊ് പിശാചും സാത്താനും തമ്മിൽ വ്യത്യാസമു്. ഇതു രും എല്ലായ്പ്പോഴും ഒന്നല്ല. സംഖ്യ.22:22-ലെ പ്രതിയോഗി പിശാചല്ല, സാത്താനാണ് എന്നാൽ മർക്കൊ. 1:13-ലെ സാത്താൻ ദുഷ്ടനായ എതിരാളി (ക്രി സ്തുവിന്റെ ജഡസ്വഭാവം) ആണ്. ചുരുക്കിപ്പറഞ്ഞാൽ നമ്മിലുള്ള പാപസ്വഭാവത്തെ-പിശാചിനെ, സാത്താനെ-നാം കീഴടക്കണം. പുറ മെനിന്ന് നമ്മുടെ ഉള്ളിൽ കയറി നമ്മെ അശുദ്ധമാക്കുവാൻ ഒന്നിനും സാദ്ധ്യമല്ല. നമ്മുടെ ഉള്ളിലുള്ളതത്രെ നമ്മെ അശുദ്ധമാക്കുന്നത്. മർക്കൊ.7:14-23. (ശ്രദ്ധിച്ചു വായിക്കണം)

## 5.3 അമർത്യമായ ആത്മാവ്

മനുഷ്യൻ മരിച്ചാലും അവന്റെ ആത്മാവ് മരിക്കുന്നില്ല എന്നൊരു ഉപദേശം വിവിധ സഭകൾ നൽകുന്നു്. ബൈബിൾ ഇതേപ്പറ്റി എന്തുപറയുന്നു എന്നു നോക്കാം. ആദ്യമനുഷ്യനായ ആദാമിനെ ദൈവം സൃഷ്ടിച്ചതെങ്ങനെ എന്ന് ഉല്പ.2:7-ൽ വായിക്കുന്നു. പൊടിയും ശ്വാസവും കൊ് ജീവനുള്ള ആദാമിനെ സൃഷ്ടിച്ചു. അവൻ ജീവനുള്ള ദേഹിയായി തീർന്നു. ആദാമും അവന്റെ സന്തതി പരമ്പരകളും മരിക്കുമ്പോൾ സംഭവിക്കുന്നത് സങ്കീ.146-ന്റെ 2,4 വാക്യങ്ങളിലു് ഇയ്യോ.34-ന്റെ 14,15,16. 14:10,11,12,13. സഭാ.പ്ര.3:19-21 വരെ 9:5,6,10 വായിച്ച് മരണം എന്നത് ഉയിർത്തെഴുനേൽക്കുംവരെ ശൂന്യതയാണെന്ന് ഗ്രഹിക്കുക. ദൈവം മാത്രമേ അമർത്യനായുള്ളു മനുഷ്യർ മർത്യരാണ്. എന്നാൽ മനുഷ്യർക്ക് അമർത്യത കൊടുക്കാൻ ദൈവം ക്രിസ്തുവിലൂടെ ഒരു രക്ഷാപദ്ധതി തയ്യാറാക്കിയിട്ടു്.

അതാണ് യോഹ.3:16. മാലാഖമാർ അമർത്യരായി സൃഷ്ടിക്കപ്പെട്ടവ രാണ്. ഒരു മനുഷ്യന് ദൈവം അമർത്യത കൊടുത്തു കൊല.1:15,18. അ.പ്ര.26:23. 1കൊരി.15:20-23 ആത്മാവ് എന്നുപറഞ്ഞാൽ ജീവൻ എന്നാണ് അർത്ഥമാക്കേത്. മരണത്തിൽ മനുഷ്യൻ സമ്പൂർണ്ണമായി മരിക്കുന്നു. ആത്മാവ് (ജീവൻ) ക്ഷയിക്കുന്നു. യെശ.57:16, സങ്കീ.106:15. യിര.4:31, യെഹ.18:4,19.

## 5.4 മരിച്ചവർ സ്വർഗ്ഗം പ്രാപിക്കുന്നില്ല

മരണശേഷമോ, ക്രിസ്തുവിന്റെ രാം വരവിനുശേഷമോ വിശ്വാസികൾ സ്വർഗ്ഗത്തിലേക്ക് കയറിപ്പോകുന്നു എന്ന് സഭകൾ പഠിപ്പിക്കുന്നത് വേദവിപരീതമാണ്. സ്വർഗ്ഗം ഇങ്ങോട്ടു വരികയാണ്. നാം ആരും സ്വർഗ്ഗത്തിലേക്കു പോകുന്നില്ല. ക്രിസ്തു രാമതു വന്നുകഴിഞ്ഞാൽ തിരച്ചു സ്വർഗ്ഗത്തിലേക്കു പോകുന്നതായി വേദപുസ്തകത്തിൽ ഒരിടത്തും കാണുന്നില്ല. സ്വർഗ്ഗം യഹോവയുടേതാകുന്നു. ഭൂമിയെ അവൻ മനുഷ്യർക്കു കൊടുത്തിരിക്കുന്നു. സങ്കീ.115:16, മത്താ.5:5 മരണസമയത്ത് ആത്മാവ് കർത്തൃസന്നിധിയിൽ ചെന്നെന്നോ മരിച്ച ആൾ അബ്രഹാമിന്റെ മടിയിൽ ഇരിക്കുകയാണെന്നോ ചരമ പ്രസംഗങ്ങളിൽ സാധാരണ കേൾക്കാറു്. തികച്ചും വേദവിപരീതമായ ഒരു പ്രസ്താവനയാണത്. അയാളുടെ ജീവൻ വിട്ടുപോയി. ജഡം മണ്ണിലേക്കു തിരികെ ചേരുന്നു. ക്രിസ്തു രാമത് വരുമ്പോൾ ഉയിർപ്പിന് അർഹനെങ്കിൽ ഉയിർക്കും. സംഭവിക്കാൻ പോകുന്നത് ദാനി.12:2, റോമ.211-13-ലും വ്യക്തമായി പറഞ്ഞിരിക്കുന്നു. അപ്പോൾ മനുഷ്യരെ മൊത്തം മൂന്നായി തരംതിരക്കാം. ക്രിസ്തുവിന്റെ രാം വരവിൽ ഉയിർത്ത് നിത്യജീവൻ പ്രാപിക്കുന്നവരും ഉയിർത്ത് നിത്യനാശത്തിലേക്ക്-രാം മരണത്തിലേക്ക്-പോകുന്നവരും മരണശേഷം ഒരിക്കലും ഉയിർക്കാത്തവരും ആണ് ഈ മൂന്നു കൂട്ടർ. നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും (എല്ലാവരും എന്നല്ല) ആ പലരിൽ ചിലർ നിത്യജീവനിലേക്കും ചിലർ നിത്യനാശത്തിലേക്കും പോകും. ദാനി.12:2, റോമ.2:11,12 എന്നീ ഭാഗങ്ങളിൽ വായിക്കുന്നത് ഈ മുന്നു കൂട്ടരെക്കുറിച്ചാണ്. ന്യായപ്രമാണം (ദൈവവചനം) ഇല്ലാത്തവർ മരണശേഷം ഉണരുകയില്ല. മറ്റു രുകൂട്ടർ വചനത്താൽ വിധിക്കപ്പെട്ട് നിത്യജീവനോ നിത്യനാശമോ പ്രാപിക്കും മരണശേഷം പിന്നെ ഒരിക്കലും ഉണരാത്തവരെപ്പറ്റി ബൈബിൾ വ്യക്തമായി പറയുന്ന ഭാഗങ്ങൾ ചിലത് നോക്കുക. യെശ.26:14 അവർ അന്യദൈവങ്ങളെ (കല്ലിനെയും മണ്ണിനെയും) ആരാധിച്ചവരാണ്. ജാതികളാണവർ. വാക്യം13,19 വായിക്കുക. യിര.51:39,53,57,64,



സങ്കീ.49:12,13,14,15,19,20. സദൃ.21:16. 22:4. ഒന്നുകിൽ നിത്യമായ ജീവൻ അല്ലെങ്കിൽ നിത്യമായ മരണം. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഉയിർത്തെഴുന്നേറ്റു വരുന്നവരിൽ ഒരു വിഭാഗം നിത്യജീവനും ഉയിർക്കാത്തവരും ഉയിർത്തെഴുന്നേറ്റു വന്നിട്ട് രാം മരണത്തിലേക്ക് പോകുന്നവരും നിത്യനാശവും പ്രാപിക്കുന്നു. ഓരോരുത്തൻ ജീവിച്ചിരുന്നപ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന്റെ ഫലം പ്രാപിക്കാൻ നാമെല്ലാം (സുവിശേഷം കേട്ട് പ്രതികരിച്ചവരെല്ലാം) ന്യായാസനത്തിനു മുമ്പാകെ നിൽക്കേവരും. കേട്ട വചനം (ബൈബിൾ) കൊ് ന്യായംവിധിക്കും എന്ന് ചുരുക്കം.

## 5.5 മദ്ധ്യസ്ഥർ ആരെല്ലാം?

ദൈവം ഏകനായിരിക്കുന്നതുപോലെ ദൈവത്തിനും മനുഷ്യനും ഇടയിൽ മദ്ധ്യസ്ഥനായി ഒരാളേയുള്ളു. അത് അമർത്യത പ്രാപിച്ച യേശുക്രിസ്തുവാണ്. ക്രിസ്തു അല്ലാതെ മറ്റൊരു മദ്ധ്യസ്തൻ ഇല്ല. പുണ്യവാളന്മാർ, പരിശുദ്ധന്മാർ, ദൈവമാതാവായ (?) കന്യകമറിയം, യൂദാശ്ലീഹാ, ഗീവറുഗീസ് സഹദാ മുതലായ മദ്ധ്യസ്ഥന്മാരെ സൃഷ്ടിച്ച് സഭകൾ വിശ്വാസികളെ വഞ്ചിക്കുന്നു്. ഇവിടെ ശ്രദ്ധിക്കേ മറ്റൊരു കാര്യം യേശുവിനെ മാത്രം മദ്ധ്യസ്ഥനായി സ്വീകരിക്കുന്നവരെല്ലാം വേദസത്യം അംഗീകരിച്ചു എന്നു പറയാൻ കഴിയുകയില്ല. അതായത് യേശു ദൈവമാണെന്നും ത്രിത്വത്തിൽ രാമനാണെന്നും സകലത്തെയും സൃഷ്ടിച്ചത് യേശുവാണെന്നും പറയുന്ന വിശ്വാസികൾ വേദപുസ്തക സത്യം ഗ്രഹിച്ചിട്ടില്ല. യേശു ദൈവമായാൽ ദൈവത്തിനും മനുഷ്യനും എങ്ങനെ മദ്ധ്യസ്ഥനാകും? യേശുക്രിസ്തു ആരെന്ന് വേദപുസ്തകത്തിൽ നിന്നും ശരിയായി മനസ്സിലാക്കിയിട്ടുള്ള ക്രിസ്റ്റാഡൽഫിയൻസ് ക്രിസ്തുവിനെ ഏക മദ്ധ്യസ്ഥനായി കാണുന്നതുപോലെ അംഗീകരിപ്പാൻ എല്ലാവർക്കും സാധിക്കണം. വളരെ പ്രധാനപ്പെട്ടതും താങ്കളുടെ വിശ്വാസത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുന്നതുമായ ഒരു വേദവാക്യം പറയാം. 1തിമൊ.2:5,6. ഈ ഭാഗത്ത് മൂന്നു വചനസത്യങ്ങളു്. (1) ദൈവം ഏകനാണ്. (2) മദ്ധ്യസ്ഥനും ഒരാൾ മാത്രം (3) ആ മദ്ധ്യസ്ഥൻ ക്രിസ്തുവാണ്. ക്രിസ്തു മനുഷ്യനാണ് (The man Christ എന്നാണ് ഇംഗ്ലീഷ് വേദപുസ്തകത്തിൽ). ഈ മൂന്നും അതുപോലെ വിശ്വസിക്കുന്ന ഏതെങ്കിലും ഒരു ക്രിസ്തീയ വിഭാഗത്തിന്റെ പേര് പറയുകയാണെങ്കിൽ അത് ക്രിസ്റ്റാഡെൽഫിയൻസ് മാത്രമായിരിക്കും. ഏറ്റവും കൂടുതൽ അംഗങ്ങളുള്ള ക്രിസ്തീയ വിഭാഗം ഈ മുന്നു വിശ്വാസങ്ങളെയും തള്ളിക്കളഞ്ഞിരിക്കുന്നു. അവർക്ക് ദൈവം ത്രിയേകനാണ്, മദ്ധ്യസ്ഥന്മാർ പലരാണ്. യേശു ദൈവമാണ് മറ്റ് വിഭാഗങ്ങളിലധി

കവും ഇതിലൊരു വിശ്വാസത്തോടു മാത്രം യോജിച്ച് യേശു മാത്രമേ മദ്ധ്യസ്ഥനായി ഉള്ളു എന്ന് പറയുമെങ്കിലും അവരുടെ യോശു വേദപുസ്തകത്തിലെ യേശുവല്ല. ത്രിത്വത്തിൽ രാമനും പിതാവിനോടൊപ്പം പഴയനിയമകാലത്ത് സ്വർഗ്ഗത്തിൽ ആത്മരൂപിയായി നില കൊ വനും ആകുന്നു.ചുരുക്കിപ്പറഞ്ഞാൽ ജന്മനാ ക്രിസ്ത്യാനി ആയതുകൊ് ദൈവ ജനം എന്നോ വിശ്വാസികൾ എന്നോ അവകാശപ്പെടരുത്. വചനം വിശ്വസിക്കുക, ദൈവികപദ്ധതി എന്തെന്ന് അറിയുവാൻ വേദപുസ്തകം പരിശോധിക്കുക.

യേശുക്രിസ്തുവിൽകൂടി മാത്രമേ രക്ഷയുള്ളു എന്നു പറയുമ്പോൾ ബൈബിളിലെ ക്രിസ്തുവിനെ അറിഞ്ഞ് അംഗീകരിക്കുന്നവർക്കു മാത്രമേ രക്ഷയുള്ളു എന്ന് ഗ്രഹിക്കണം. കന്യകമറിയയുടെ ഉദരത്തിൽ ദൈവത്തിന്റെ ശക്തിയാൽ (പരിശുദ്ധത്മാവിനാൽ) ഉരുവായി ജനിച്ചവനും രക്ഷകനായി ഇവിടെ 33½ വർഷം ജീവിച്ചവനും മരിച്ച് മൂന്നാം നാൾ പിതാവിന്റെ ശക്തിയാൽ ഉയർത്തെഴുന്നേറ്റ് അമർത്യത പ്രാപിച്ച് സ്വർഗ്ഗത്തിൽ പിതാവാം ദൈവത്തിന്റെ വലത്തുഭാഗത്ത് തന്റെ ജനത്തിനുവേ പക്ഷവാദം ചെയ്തുകൊ് ഇരിക്കുന്നവനുമാണ് യേശു. ആ യേശു ഇനി രാജാവായി ഭൂമിയിൽ വരും. ഉയിർപ്പും ന്യായവിധിയും നടത്തി ആയിരം കൊല്ലം ഇവിടെ വാഴും. അതിനുശേഷം രാജ്യം പിതാവിനെ ഏൽപ്പിച്ച് പിതാവിനു കീഴ്പ്പെട്ട് പ്രജയായി ഭൂമിയിൽ എന്നുമെന്നും വസിക്കും. ഇതാണ് ക്രിസ്തുവിനെക്കുറിച്ചുള്ള വേദപുസ്തക സത്യം. ഇത് താങ്കൾ അംഗീകരിക്കുന്നുവോ? സ്വയം പരിശോധിക്കുക. (കൊരി.. 15:20-28)

## 6. നവഹൃദയം

സ്നാനത്തിന് നമ്മെ യോഗ്യരാക്കുന്ന മറ്റൊരു ഘടകം നമ്മുടെ ആത്മികഭാവമാണ്. ലോകത്തിലുള്ളവരാണ് നാമെങ്കിലും ലൗകികത്തെക്കാൾ ആത്മികത്തിന് പ്രാധാന്യം കൊടുക്കുന്ന ഒരു മനോഭാവം നാം വളർത്തിയെടുക്കണം. രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നാം തീരെ താല്പര്യമുള്ളവരല്ല. നീതിയോടെ ഈ ലോകത്തെ ഭരിക്കാൻ ഇന്നത്തെ ഒരു രാഷ്ട്രീയ പാർട്ടിക്കോ ഒരു വ്യക്തിക്കോ സാധിക്കും എന്ന് നാം വിശ്വസിക്കുന്നില്ല. യെശ.32:1-ൽ കാണുന്ന വാക്യമാണ് യഥാർത്ഥ വിശ്വാസിയുടെ കാഴ്ചപ്പാട്. ആ രാജാവ് യേശുക്രിസ്തുവാണ്. ക്രിസ്തുവിന്റെ ഭരണം ഈ ഭൂമിയിൽ ഉാകും. അന്നേ നീതിയോടെ ഭരിക്കുന്ന ഒരു രാജാവിനെ ലഭിക്കു. അതുകൊ് ഇന്നത്തെ ഭരണസംവിധാനങ്ങളിൽ നമുക്ക് വിശ്വാസമില്ല. ഇന്നത്തെ തെരഞ്ഞെടുപ്പിലും രാഷ്ട്രീയ പ്രവർത്തനങ്ങളിലും നമുക്ക് താല്പര്യമില്ലാത്തതിനാൽ വോട്ടു ചെയ്യാൻ പോലും നാം പോകാറില്ല. ലൗകികമായ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്ന വിവിധ സംഘടനകളിൽ നമക്കു താല്പര്യമില്ല. ലയൺസ് ക്ലബ്, റോട്ടറി ക്ലബ് മുതലായ സംഘടനകളിൽ നാം അംഗങ്ങളാകുകയില്ല. അതിനു പകരം സുവിശേഷ പ്രവർത്തനങ്ങളിൽ നാം സജീവമായി പങ്കെടുക്കും. ആഴ്ചയിൽ ഒരിക്കൽ കൂട്ടായ്മ നിർബന്ധമായി ആചരിച്ചിരിക്കണം. സഹവിശ്വാസികളുമായി അപ്പം നുറുക്കാൻ ലഭിക്കുന്ന ഒരവസരവും നഷ്ടപ്പെടാൻ ഇടയാകാതെ എല്ലാ ഞായറാഴ്ചകളിലും (സൗകര്യമനുസരിച്ച് ഏതു ദിവസവും ആകാം) ആരാധനയിൽ പങ്കെടുക്കണം. ദിനം പ്രതിയുള്ള ബൈബിൾ വായന അതിനുവേ തയ്യാറാക്കിയുട്ടുള്ള വായനാക്കുറിപ്പ് അനുസരിച്ച് മുടങ്ങാതെ നടത്തണം. എബ്ര. 10:23-25 വായിക്കുക. സഭായോഗം മുടക്കരുതെന്ന് പൌലോസ് പ്രത്യേകമായി പറയുന്നു. വായന, പ്രബോധനം, കൂട്ടായ്മ ഈ മൂന്നു ഘടകങ്ങളാണ് ഒരു വിശ്വാസിയെ നിലനിർത്തുന്നതും ആത്മീകമായി വളർത്തുന്നതും ക്രിസ്റ്റഡെൽഫിയൻസിന്റെ വകയായി ഒരു വായനാക്കുറിപ്പ്. അതിൻപ്രകാരം ഒരു ദിവസം അരമണിക്കൂർ വായിക്കാനുള്ള ഭാഗം ക്രിമീകരിച്ചിരിക്കുകയാണ്. ആ ക്രമപ്രകാരം ഒരു വർഷം വായിച്ചു കഴിയുമ്പോൾ പഴയനിയമം ഒരു പ്രാവശ്യവും പുതിയനിയമം രു പ്രാവശ്യവും വായിച്ചു കഴിഞ്ഞിരിക്കും. അടുത്ത വർഷങ്ങളിൽ ഈ ക്രമപ്രകാരം വായന ആവർത്തിക്കുന്നു. ഈ വായനക്കുറിപ്പ് ആവശ്യമാണെങ്കിൽ ഞങ്ങൾക്ക് എഴുതുക.

മറ്റൊരാൾക്ക് മാനഹാനി, സാമ്പത്തിക നഷ്ടം ഇവ വരുത്താനോ അഴിമതി, കൈക്കൂലി എന്നിവയിൽ പങ്കാളിയാകാനോ നീതിന്യായം, പട്ടാളം, പോലീസ് മുതലായ വകുപ്പുകളിലെ ജോലി സ്വീകരിക്കാനോ, അവിശ്വാസികളുമായി വിവാഹബന്ധത്തിൽ ഏർപ്പെടാനോ ഇടയാകാതെ വേദപുസ്തകാടിസ്ഥാനത്തിൽ മാത്രം ജീവിക്കുവാൻ നാം ശ്രദ്ധിക്കേതാണ്.

പ്രശ്നപരിഹാരത്തിന് ദൈവത്തെ പ്രാർത്ഥനയിലൂടെ സമീപിക്കുകയും നഷ്ടം സ്വയം സഹിക്കുകയുമല്ലാതെ കേസുകൊടുക്കാനോ മേൽപ്പറഞ്ഞവയിൽ മറ്റു ലൗകീകരെപ്പോലെ പ്രവർത്തിക്കുവാനോ ഒരിക്കലും ദൈവവചനം നമ്മെ അനുവദിക്കുന്നില്ല. മേൽപ്പറഞ്ഞ ബൈബിൾ സത്യങ്ങളാൽ സത്യസന്ധമായി പരിശോധിച്ച് വിശ്വസിച്ചതിനു ശേഷം യഥാർത്ഥ വിശ്വാസത്തലുള്ള പൂർണ്ണ സമ്മത

പ്രകാരം വെള്ളത്തിൽ മുങ്ങിയുള്ള സ്നാനമാണ് സ്വീകരിക്കേത്. അതാണ് വേദപുസ്തക പ്രകാരമുള്ള യധാർത്ഥസ്നാനം. നിത്യജീവന്റെ ഉറവിടമായ ക്രിസ്തു താങ്കളെ ആഹ്വാനം ചെയ്യുന്നു. (മർക്കൊ.16:15,16, യോഹ.3:5. എഫേ.5:26) വചനത്തോടുകൂടിയ ജലസ്നാനത്തിന് താങ്കളെ ആഹ്വാനം ചെയ്യുന്നു.

## 7 നിങ്ങൾ മരിക്കുമ്പോൾ

യേശുക്രിസ്തുവിലും നിത്യജീവനിലും വിശ്വസിക്കുന്നവർ അത്യാവശ്യമായി അറിഞ്ഞിരിക്കേ ഒരു വിഷയമാണ് ഒരു മനുഷ്യൻ മരിക്കുമ്പോൾ അയാൾക്ക് എന്തു സംഭവിക്കുന്നു എന്നുള്ളത്. മരണശേഷവും മരിക്കുമ്പോഴും എന്താണ് സംഭവിക്കുന്നത് എന്ന് വിശ്വാസികൾ തീർച്ചയായും അറിഞ്ഞിരിക്കണം. നിദ്രകൊള്ളുന്നവരെക്കുറിച്ച് നിങ്ങൾക്ക് അറിവില്ലാതിരിക്കരുത് എന്നു പൌലൊസ് പറയുന്നതു ശ്രദ്ധിക്കുക. 1 തെസ്സ.4:13-18 വിശ്വാസത്തിൽ മരിക്കുന്നവരെക്കുറിച്ചും വിശ്വാസത്തിൽ ജീവിക്കുന്നവരെക്കുറിച്ചും പൌലോസ് വ്യക്തമായി പറയുന്ന വേദഭാഗമാണ് അത്. അവിശ്വാസികളെക്കുറിച്ചും ദൈവമില്ലാത്ത ജാതികളെക്കുറിച്ചും ഈ ഭാഗത്ത് ഒന്നും പറയുന്നില്ല. അവരെക്കുറിച്ച് അറിയാൻ മറ്റു വേദഭാഗങ്ങൾ നോക്കേ തു്.

ഈ ഭാഗത്തു പറയുന്നത് വാഗ്ദത്തങ്ങളെക്കുറിച്ച് ശരിയായ പ്രത്യാശയില്ലാത്തവർ പ്രിയപ്പെട്ടവരുടെ മരണസമയത്ത് അവരെ ച്ചൊല്ലി അലമുറയിടുന്നു എന്നാണ്. പക്ഷേ വിശ്വാസികൾ അങ്ങനെയല്ല. ദൈവം യേശ രൂമുഖാന്തരം ഒരുനാൾ വിശ്വാസത്തിൽ മരിച്ചവരെ ഉയിർപ്പിക്കുക തന്നെ ചെയ്യും എന്നു വിശ്വാസികൾക്ക് അറിയാം. ക്രിസ്തുവിന്റെ വരവിങ്കൽ ജീവനോടെ ശേഷിക്കുന്നവർ മരിക്കുകയല്ല രൂപാന്തരപ്പെടുകയത്രേ ചെയ്യുന്നത്. ഇരുകൂട്ടരും കർത്താവിനെ എതിരേൽക്കാൻ ഒന്നിച്ചുചേരും. യേശു പിന്നെ എവിടെയോ അവിടെ അവർ യേശുവിനോടു ചേർന്ന് എന്നെന്നേക്കും ഇരിക്കും.

ഇങ്ങനെ നാം കർത്താവിനോടുകൂടെ ഇരിക്കും എന്ന വാക്യത്തിന്റെ (വാക്യം 18) അർത്ഥം ഗ്രഹിക്കണമെങ്കിൽ ക്രിസ്തു രാമതു ലോകത്തിലേക്കു വന്നശേഷം നടക്കുന്ന സംഭവങ്ങൾ 1 കൊരി.15:20-28. വരെയുള്ള വേദഭാഗം നോക്കി മനസ്സിലാക്കണം. വാഗ്ദത്തങ്ങളുടെ നിവർത്തീകരണം ഈ ഭൂമിയിൽ എന്നെന്നേക്കും അനുഭവിക്കുമാറ് ദൈവരാജ്യത്തിന്റെ പുനഃസ്ഥാപനമാണ് അവിടെ കാണുന്നത്. സ്വർഗ്ഗത്തിലേക്കു പോകുന്ന ഒരവസ്ഥ പിന്നീട് സംഭവിക്കുന്നില്ല. അല്പംകൂടി വിശദമായി പറയാം.



ഒരു മനുഷ്യൻ മരിക്കുമ്പോൾ സംഭവിക്കുന്നത് വാസ്തവത്തിൽ എന്താണെന്ന് ബൈബിൾ വ്യക്തമായി പറയുന്നു്. സഭാപ്രസംഗി 9:5. ജീവിച്ചിരിക്കുന്നവർ തങ്ങൾ മരിക്കും എന്നറിയുന്നു. മരിച്ചവരോ ഒന്നും അറിയുന്നില്ല. അവരെ ഓർമ്മവിട്ടു പോകുന്നുവല്ലോ. അവരുടെ സ്നേഹവും ദ്വേഷവും അസൂയയും നശിച്ചുപോയി. സൂര്യനു കീഴെ നടക്കുന്ന യാതൊന്നിലും അവർക്ക് ഇനി ഒരിക്കലും ഓഹരിയില്ല. വാക്യം 10. നീ ചെല്ലുന്ന പാതാളത്തിൽ (ശവക്കുഴിയിൽ) പ്രവൃത്തിയോ, സൂത്രമോ, അറിവോ, ജ്ഞാനമോ ഒന്നുമില്ല. സങ്കീ.146:3,4. നിങ്ങൾ പ്രഭുക്കന്മാരിൽ ആശ്രയിക്കരുത്. സഹായിപ്പാൻ കഴിയാത്ത മനുഷ്യപുത്രനിലും അരുത്. അവന്റെ ശ്വാസം പോകുന്നു. അവൻ മണ്ണിലേക്കു തിരിയുന്നു. അന്നു തന്നെ അവന്റെ നിരൂപണങ്ങൾ നശിക്കുന്നു.

മനുഷ്യനെ ദൈവം സൃഷ്ടിച്ചത് പൊടികൊും തന്റെ ശ്വാസംകൊുമാണ്. ഉല്പ.2:7 നിലത്തിലെ പൊടികൊ് മനുഷ്യനെ സൃഷ്ടിച്ചു മൂക്കിൽ ജീവശ്വാസം ഊതി; മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു. അവനിൽ നിന്നു ശ്വാസം തിരിച്ചെടുക്കുമ്പോൾ അവൻ മരിക്കുകയും അവന്റെ ദേഹം ജീവനില്ലാത്ത ജഡമായി തീർന്ന് മണ്ണിലേക്ക് മടങ്ങുകയും ചെയ്യുന്നു. ഇയ്യോ.7:7,9. എന്റെ ജീവൻ ഒരു ശ്വാസം മാത്രം. ഇത് ക്രിസ്തുവിൽക്കൂടി ദൈവം വെച്ചിരിക്കുന്ന ഉയിർത്തെഴുന്നേല്പ് ലഭിക്കാത്തവരുടെ അവസാനമാണ്. എന്നാൽ പ്രത്യാശയുള്ള വിശ്വാസികളുടെ മരണം ഒരു നിദ്ര പോലെയാണ്. കർത്താവിന്റെ വരവിൽ കാഹളം ധ്വനിക്കും. അവർ ഉയിർത്തെഴുന്നേൽക്കും. ന്യായവിധിക്കു ശേഷം അവർ അമർത്യതയെ പ്രാപിക്കും.

ദേഹം, ദേഹി, ആത്മാവ് എന്നുപറയുന്ന ഘടകങ്ങൾ എന്തെന്ന് നാം അറിഞ്ഞിരിക്കണം. അവ ഒരു മനുഷ്യനിലെ മൂന്നു ഘടകങ്ങളല്ല. നമ്മുടെ ശരീരമാണ് ദേഹം. ജീവനുള്ള ദേഹത്തെ ദേഹി എന്നും ജീവനില്ലാത്ത ദേഹത്തെ മൃതശരീരം (വെറും ജഡം) എന്നും പറയുന്നു. ആത്മാവ് എന്ന ഘടകം ജീവനാണ്. വേദപുസ്തകത്തിൽ മൂലഭാഷയിൽ റൂആക് (RUWACH) എന്നും നെഫേഴ്സ് (NEPHESH) എന്നും എബ്രായഭാഷയിലും (പഴയനിയമത്തിൽ)

സൈക്കോ (PSUCHE) എന്ന് ഗ്രീക്കുഭാഷയിലും (പുതിയനിയമ ത്തിൽ) കാണുന്ന പദങ്ങളുടെ ഇംഗ്ലീഷ് തർജ്ജമ Spirit, Soul, Breath, Ghost, Life, Mind മുതലായവുയും മലയാളത്തിൽ ആത്മാവ്, ഭൂതം, ദേഹി, ശ്വാസം, ജീവൻ, കാറ്റ്, മനസ്സ് മുതലായ വയും ആകുന്നു. ധാരാളം ഉദാഹരണങ്ങൾ ബൈബിളിൽ നിന്നു കാണിച്ചുതരാം. സത്യാവസ്ഥ ബൈബിളിൽ കു ബോധ്യമാക്കാൻ താല്പര്യമുള്ളവർ ആവശ്യപ്പെട്ടാൽ കടന്നുവന്ന് ബൈബിളിൽ നിന്നു കാണിച്ചുതരാൻ ഞങ്ങൾ ഒരുക്കമാണ്. വിസ്തരിച്ച് ഇവിടെ എഴു താൻ ശ്രമിക്കുന്നില്ല.

അമർത്യമായ-മരിക്കാത്ത-ഒരു ആത്മാവ് ഇപ്പോൾ ആർക്കും ഇല്ല. മാലാഖമാരും ഉയിർത്തെഴുന്നേറ്റതിനു ശേഷം ക്രിസ്തുവും അമർത്യ മായ ആത്മാവിനെ-നിത്യജിവനെ-പ്രാപിച്ചിട്ടു്. ക്രിസ്തുവിന്റെ രാം വരവുവരെ ആരും അമർത്യത പ്രാപിക്കുന്നില്ല. മരിച്ചവരുടെ ആത്മാക്കൾ എവിടെയോ ജീവിച്ചിരിക്കുന്നു എന്നു അവർ പ്രവർത്തി ക്കുകയും കാര്യങ്ങൾ അറിയുകയും പ്രാർത്ഥിക്കുകയും പ്രാർത്ഥന കേൾക്കുകയും ചെയ്യുന്നുവെന്നും ആത്മാക്കളുടെ മോക്ഷത്തിനായി പ്രാർത്ഥിക്കുകയും കർമ്മങ്ങൾ ചെയ്യുകയും വേണമെന്നും പറയു ന്നത് കടുത്ത വേദവിപരീതമാണ്. ഇങ്ങനെ പറയാൻ വി. വേദപു സ്തകത്തിൽ ഒരു വാക്യം പോലും കാണുന്നില്ല. 2ദിന.34:28, 2 രാജ.22:20 വായിച്ച് ഈ സത്യം ഗ്രഹിച്ചുകൊൾക. ആത്മാവുള്ള ദേഹമാണ് ദേഹി. അതു മരിക്കും എന്നാണ് ബൈബിൾ പറയുന്നത്. യെഹ.18:4,20. ഇവിടെ ദേഹി എന്ന വാക്ക് നെഫെഴ്സ് എന്ന എബ്രായ പദത്തിന്റെ തർജ്ജമയാണ്, ദേഹത്തെയും ദേഹിയേയും കൊല്ലാൻ ദൈവത്തിനു സാധിക്കും (മത്താ.10:28) ആത്മാവും ദേഹികളും ക്ഷയിക്കും എന്ന് യെശ.57:16. പറയുന്നു. അപ്പോൾ ദേഹവും ദേഹിയും ആത്മാവും ക്ഷയിക്കും. അമർത്യമായ ഒരു ഘടകം മനു ഷ്യന് ജന്മനാ ഇല്ല. താൻമാത്രം അമർത്യനെന്ന് ദൈവത്തെക്കുറിച്ച് 1തിമൊ.6:16-ൽ പറയുന്നു. മാലാഖമാർ സൃഷ്ടിക്കപ്പെട്ടത് അമർത്യ രായിട്ടാണ്. യേശു മർത്യനായിരുന്നു. ഇപ്പോൾ അമർത്യത നേടി. മരിക്കുമ്പോൾ ആത്മാവ് മരിക്കുന്നില്ല എന്ന വിശ്വാസം വേദവിപ രീതമാണ്.

ഈ ദ്രവത്വം അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത യേയും പ്രാപിക്കണം. അപ്പോൾ മരണം നീങ്ങി ജയം വരും ക്രിസ്തു വിന്റെ രാം വരവിൽ നടക്കേുന്ന ഈ മാറ്റത്തിന്റെ വിശദവി വരം 1 കൊരി.15:20-28ൽ ു്. മരിച്ചവരിൽ ക്രിസ്തു മാത്രമേ



ഉയിർത്തിട്ടുള്ളു വിവിധ സഭകൾ മരണത്തെക്കുറിച്ചും ഉയിർപ്പിനെ ക്കുറിച്ചും വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും വേദവിപരീതമാണ്.

മരിച്ചവരിൽ നിന്ന് ആദ്യഫലമായി ഉയിർത്തെഴുന്നേറ്റ യേശു ക്രിസ്തു ഇന്ന് പിതാവിന്റെ വലത്തുഭാഗത്ത് മദ്ധ്യസ്ഥനായി ഇരി ക്കുകയാണ്. ഇനി ആരെങ്കിലും ഉയിർത്തെഴുന്നേൽക്കണമെങ്കിൽ അത് ക്രിസ്തുവിന്റെ രാം വരവിൽ മാത്രമേ നടക്കു. അതാണ് 1 കൊരി..15:23ൽ പറയുന്നത്. ക്രിസ്തു മുഖാന്തിരമേ പുതിയ സൃഷ്ടി നടക്കു. കൊലൊസ്യർ1:18 ശ്രദ്ധിച്ചു വായിക്കുക. 15-ാം വാക്യത്തിൽ സർവ്വ സൃഷ്ടിക്കും അദ്യജാതൻ എന്ന് പെലൊസ് പറയുന്നത് 18-ാം വാക്യത്തിൽ കാണുന്ന ക്രിസ്തുവിനെക്കുറിച്ചാണ്. ഇവിടെ ജനിച്ച ക്രിസ്തു മരിച്ചു. എന്നാൽ മരിച്ച ക്രിസ്തുവിനെ ദൈവം മരിച്ചവ രിൽ നിന്ന് ഉയിർപ്പിച്ച് പുതിയ സൃഷ്ടിയുടെ ആരംഭമാക്കി നിർത്തി യിരിക്കുകയാണ്. ആ ആദ്യജാതനാണ് ഭൂമിയിലേക്ക് രാമതും വന്ന് മരിച്ചവരെ ഉയിർപ്പിക്കുകയും പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും സൃഷ്ടികർമ്മം പൂർത്തിയാക്കുകയും ചെയ്യുന്നത്. ഉല്പ.1:1-ൽ കാണുന്ന ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിക്കും മുമ്പേ ക്രിസ്തുവിനെ സൃഷ്ടിച്ചതായി ബൈബിളിൽ പറയുന്നില്ല. ദൈവത്തിന്റെ പദ്ധതിയിൽ ക്രിസ്തു എല്ലാറ്റിന്റെയും ആരംഭത്തിലൂായിരുന്നു. ഈ സത്യങ്ങൾ വേദ പുസ്തകത്തിലെ അനേക വാക്യങ്ങൾകൊ് വ്യക്തമാക്കാൻ കഴി യുന്നതാണ്. ഇതേക്കുറിച്ച് വ്യക്തമായി അറിയാൻ താല്പര്യമുള്ള വർ ഞങ്ങൾക്ക് എഴുതിയാൽ ബൈബിളുമായി വന്ന് അതു കാണിച്ചു തരാൻ ഞങ്ങൾക്ക് താല്പര്യമു്. നേരിട്ടുള്ള സംഭാഷണത്തിനോ ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ ലഭിക്കുന്നതിനോ ആഗ്രഹിക്കുന്ന വർ എഴുതുക. സൗജന്യമായി ഞങ്ങൾക്ക് ലഭിച്ചത് സൗജന്യമായി തരാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇന്നു തന്നെ എഴുതുകയോ ഫോണിൽ ബന്ധപ്പെടുകയോ ചെയ്യുക.

**ക്രിസ്റ്റഡെൽഫിയൻസ്**
**പി. ബി. നമ്പർ 43**
**തിരുവല്ല - 689 101**

**Phone: 0469-2605812**
**Mob: 9349838027.**